2016 ഏപ്രിൽ 27
വാല്യം 09
ലക്കം 08

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# ഐ. പി. സി. സ്റ്റേറ്റ് ഇലക്ഷൻ ഏപ്രിൽ 30ന്

നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആദ്യമായി നടക്കുന്ന ഇലക്ഷൻ ഏപ്രിൽ 30ന് കുമ്പനാട് ആരംഭിച്ച് മെയ് 7-ാം തീയതികൊണ്ടാണ് അവസാനിക്കുന്നത്. തുടർന്ന് മെയ് 10ന് എല്ലാ മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ കുമ്പനാട് നടക്കും. ബ്രദർ ജോൺ തോമസ് ഇലക്ഷൻ കമ്മീഷണറായും പ്രൊഫ. മാത്യു എബ്രഹാം, ബ്രദർ റ്റി. സി. മാത്യു, ബ്രദർ വി. എം. പീറ്റർ എന്നിവർ റിട്ടേണിംഗ്ഓഫീസറായും പ്രവർത്തിക്കും. ചുരുങ്ങിയ സമയത്തിനുള്ളിൽ ഇലക്ഷൻ ക്രമീകരണങ്ങൾ കുറ്റമറ്റതാക്കാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് ഈ നാൽവർ സംഘം.

നോമിനേഷൻ സമർപ്പണം പൂർത്തിയായപ്പോൾ എറണാകുളം, പാലക്കാട്, നോർത്ത് മലബാർ എന്നീ മണ്ഡലങ്ങളിൽ നിന്ന് വിശ്വാസികളായ 6 സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ഏറ്റവും അധികം കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കാവുന്ന പത്തനംതിട്ട നിയോജകമണ്ഡലത്തിലാണ് ഏറ്റവും അധികം സ്ഥാനാർത്ഥികൾ മത്സരരംഗത്തുള്ളത്. 21 പാസ്റ്റേഴ്സും 19 വിശ്വാസികളും. 11 പാസ്റ്റേഴ്സും 10 വിശ്വാസികളുമാണ് ഇവിടെ നിന്ന് തിരഞ്ഞെടുക്കപ്പെടുക.

ജനറൽ കൗൺസിലിലേക്ക് 23 പാസ്റ്റർമാരും 18 വിശ്വാസികളും നാമനിർദ്ദേശ പത്രിക സമർപ്പിച്ചിട്ടുണ്ട്. 12 ശുശ്രൂഷകന്മാരെയും 11 വിശ്വാസികളെയുമാണ് ജനറൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

എക്സിക്യൂട്ടീവിലേക്ക് വ്യക്തമായ രണ്ട് പാനലുകൾ മത്സരരംഗത്ത് ഉണ്ട്. നിലവിലുള്ള പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് നേതൃത്വം നൽകുന്ന പാനലും അദ്ദേഹത്തിനെതിരായി മത്സരിക്കുന്ന നിലവിലെ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് നേതൃത്വം നൽകുന്ന പാനലുമാണ് മത്സരിക്കുന്നത്. പാസ്റ്റർ രാജു പൂവക്കാല-പാസ്റ്റർ ഏബ്രഹാം ജോർജ്ജ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഷിബു നെടുവേലിൽ - പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി (സെക്രട്ടറി), പാസ്റ്റർ സി. സി. ഏബ്രഹാം - പാസ്റ്റർ സാം ദാനിയേൽ (ജോ. സെക്രട്ടറി), മോനി കരിക്കം - എൽ. കെ. റോയി (ജോ. സെക്രട്ടറി), ജോയി താനുവേലിൽ - സണ്ണി മുളമൂട്ടിൽ (ട്രഷറർ) എന്നിവരാണ് എക്സിക്യൂട്ടീവിൽ ജനവിധി തേടുന്നത്.


പാസ്റ്റർ ഫിലിപ്പ് പി. തോമസ്


പാസ്റ്റർ ഏബ്രഹാം ജോർജ്ജ്


പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി


പാസ്റ്റർ കെ. സി. തോമസ്


പാസ്റ്റർ രാജു പൂവക്കാല


പാസ്റ്റർ ഷിബു നെടുവേലിൽ


പാസ്റ്റർ സാം ദാനിയേൽ


സണ്ണി മുളമൂട്ടിൽ


എൽ. കെ. റോയി


പാസ്റ്റർ സി. സി. ഏബ്രഹാം


ജോയി താനുവേലിൽ


മോനി കരിക്കം

## ജോസഫ് താന്നിക്കൽ യാത്രയായി



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ ഏറ്റവും ശക്തനായ അത്മായ നേതാവും മുൻ ജനറൽ ട്രഷററുമായിരുന്ന ജോസഫ് താന്നിക്കൽ (88) നിത്യതയിൽ. വാർദ്ധക്യസഹജമായ രോഗങ്ങളെത്തുടർന്ന് ഏപ്രിൽ 11 ന് ആയിരുന്നു അന്ത്യം. ഏപ്രിൽ 18ന് ഓതറയിലുള്ള ഭവനത്തിൽ ശവസംസ്കാര ശുശ്രൂഷകൾ നടന്നു. ഓതറ ഐ. പി. സി. ശാലേം സഭാംഗമായിരുന്നു. സ്റ്റേറ്റ്, ജനറൽ കൗൺസിലുകളിൽ സുദീർഘമായ കാലഘട്ടം അംഗമായിരുന്നു. ജനറൽ ട്രഷററായി രണ്ടുടേം പ്രവർത്തിച്ചു. ഹെബ്രോൻ ബൈബിൾ കോളജിന് (പി.ജി. കോഴ്സ്) നേതൃത്വം വഹിച്ചു.

സഭയുടെ വസ്തുവകകൾ അന്യാധീനപ്പെട്ട് പോകാതെ സംരക്ഷിക്കുന്നതിനുവേണ്ടി ജീവിതാവസാനം വരെ പോരാടിയ സഭാ സ്നേഹിയായിരുന്നു ജോസഫ് താന്നിക്കൽ. ഓതറ താന്നിക്കൽ പാസ്റ്റർ റ്റി. ഐ. സാമുവേലിന്റെ മകനായി 1928-ൽ ജനിച്ച ഇദ്ദേഹം ബാല്യം മുതൽ സുവിശേഷപ്രവർത്തനരംഗത്തും സഭാരംഗത്തും സജീവമായി. 1951-മുതൽ ഐ. പി. സി. പ്രവർത്തനങ്ങളിൽ പങ്കാളിയായി. 1953-ൽ ഫ്രീ ഇന്ത്യാ മിഷനറി സൊസൈറ്റി രൂപീകരിച്ച് മിഷനറി പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുവാൻ മുന്നിട്ടിറങ്ങി. 1968-ൽ ഈ പ്രവർത്തനം ഐ. പി. സി.യുടെ മിഷൻ ബോർഡായി മാറി. കൗൺസിലുകളിലും പുറത്തും സഭയുടെ സുഗമമായ ഭരണസംവിധാനത്തിനുവേണ്ടി നിരന്തരം പോരാടുകയും എതിർപ്പുകളെ ലവലേശം വകവയ്ക്കാതെ ധീരമായ നിലപാടുകൾ എടുക്കുകയും ചെയ്ത ജോസഫ് താന്നിക്കൽ എല്ലാ കാലത്തും വേറിട്ട ശബ്ദമായിരുന്നു.

ജോസഫ് താന്നിക്കലിന്റെ സംസ്കാര ശുശ്രൂഷകൾ ഓതറ ശാലേം ഐ. പി. സി. സഭയുടെ നേതൃത്വത്തിൽ നടത്തി. ഭാര്യ: നാരങ്ങാനം ജീരകത്തിനാൽ കുടുംബാംഗമായ സാറാമ്മ (കുഞ്ഞമ്മ). മക്കൾ: ലാലു, ലൈലാമ്മ, രാജൻ, ഷേർളി. മരുമക്കൾ: ജെയ്, എബിസൺ, ജെസി, മാത്യു.

## പാസ്റ്റർ ടി. സി. ഈശോ അക്കരെ നാട്ടിൽ



ഐ. പി. സി. റാന്നി ഈസ്റ്റ് സെന്റർ പാസ്റ്ററും സീനിയർ ശുശ്രൂഷകനുമായ കുറിയന്നൂർ താന്നിയ്ക്കപ്പുറത്ത് പാസ്റ്റർ റ്റി. സി. ഈശോ (പാപ്പച്ചൻ -87) നിര്യാതനായി. സംസ്കാരം ഏപ്രിൽ 13ന് കുമ്പനാട് നടന്നു.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിൽ 65 വർഷം ശുശ്രൂഷകനായി പ്രവർത്തിച്ച് കറപുരളാത്ത ജീവിത സാക്ഷ്യവുമായി ദൗത്യം പൂർത്തിയാക്കിയ വിശുദ്ധനായ ദൈവദാസനായിരുന്നു പാസ്റ്റർ ടി. സി. ഈശോ. കോഴിക്കോട്, കുന്നംകുളം, എറണാകുളം, മൂവാറ്റുപുഴ-വാളകം, റാന്നി എന്നീ സെന്ററുകളുടെയും സെന്റർ പാസ്റ്ററായി സേവനം ചെയ്തിട്ടുണ്ട്. പി. വൈ. പി. എ. സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, ഐ. പി. സി. സഭ സ്റ്റേറ്റ് - ജനറൽ കൗൺസിലുകളിൽ അംഗം, മരുപ്പച്ച, ശുശ്രൂഷകൻ എന്നീ ക്രൈസ്തവ മാസികകളുടെ മുഖ്യ പത്രാധിപർ, കൂട്ടാല, പഴഞ്ഞി, കുന്നംകുളം, തൃശൂർ-നെല്ലിക്കുന്ന്, കോഴിക്കോട്, എറണാകുളം, കുമ്പനാട് എലീം, വാളകം-നെല്ലാട്, പുത്തൻകുരിശ്, പൂവത്തൂർ, കുവൈറ്റ് തുടങ്ങിയ സഭകളുടെ പാസ്റ്റർ, കുമ്പനാട് ഹെബ്രോൻ, ഐ. ബി. സി., കീഴില്ലം പെനിയേൽ, തലയോലപ്പറമ്പ് എബനേസർ, പെരുമ്പാവൂർ അഗപ്പെ, വെച്ചൂച്ചിറ ഡ്യൂലോസ് തുടങ്ങിയ സെമിനാരികളിൽ അധ്യാപകനുമായിരുന്നു.

ഭാര്യ: ആനപ്രാമ്പാൽ ഒറ്റതെങ്ങിൽ പരേതയായ കുഞ്ഞമ്മ. മക്കൾ: ഫിന്നി (സത്യം പബ്ലിക്കേഷൻസ് എഡിറ്റർ), ജോയ്സ്, ഡെയ്സി (ഗുജറാത്ത്), ജാൻസി, പരേതയായ എൽസി. മരുമക്കൾ: ബെറ്റി, വെൺമണി വെട്ടത്ത് സജി (ഐ. പി. സി.ജനറൽ കൗൺസിൽ അംഗം), ഇരവിപേരൂർ കുറ്റിയിൽ തോമസ്കുട്ടി (ഗുജറാത്ത്), നിലമ്പൂർ കവിരായിൽ പാസ്റ്റർ ജെയിംസ് ഏബ്രഹാം (ഐ. പി. സി. എബനോസർ വെച്ചൂച്ചിറ), കോഴഞ്ചേരി മേലുകര തെഞ്ചേരിൽ എണ്ണക്കാലിൽ പരേതനായ സണ്ണി.

## സാക്ഷി



ഐ. പി. സി. ഇലക്ഷൻ നിയോജക മണ്ഡലം തിരിച്ച് - വാർത്ത

*നമ്മളും വളർന്ന് ലോകക്കാർക്കൊപ്പം എത്തിയിരിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവല്ലേ.*

## ഏറെ പുതുമകളോടെ ഐ. പി. സി. ഇലക്ഷൻ

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ തെരഞ്ഞെടുപ്പ് ഏറെ പുതുമകളോടെ നടക്കുകയാണ്. മണ്ഡാലടിസ്ഥാനത്തിൽ നടത്തുന്ന ഈ ഇലക്ഷനിൽ പതിനൊന്നു നിയോജക മണ്ഡലങ്ങളാണ് ഉള്ളത്. ഏപ്രിൽ 30-ന് കുമ്പനാട് ഹെബ്രോൻപുരത്ത് പത്തനംതിട്ട ജില്ലയുടെ തിരഞ്ഞെടുപ്പോടെ ആരംഭിച്ച് മെയ് 7ന് തൃശൂർ - പാലക്കാട് ജില്ലകളുടെ വോട്ടെടുപ്പോടെ അവസാനിക്കും. മെയ് 10-ന് വോട്ടെണ്ണൽ കുമ്പനാട്ട് നടക്കും. രാവിലെ 10 മുതൽ 2 വരെയാണ് വോട്ടെടുപ്പ്.

ഏറ്റവും കൂടുതൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് പത്തനംതിട്ട ജില്ലയിൽ നിന്നാണ്. പതിനൊന്ന് ശുശ്രൂഷകന്മാരും പത്തു സഹോദരന്മാരും നാലു പോളിംഗ് സ്റ്റേഷനുകളും ഉണ്ടായിരിക്കും. കൊല്ലം മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് മെയ് രണ്ടാം തിയതി കൊട്ടാരക്കര ബേർശേബാ ഹാളിൽ നടക്കും. 6, 5 ക്രമത്തിലാണ് പ്രതിനിധികൾ. മൂന്ന് പോളിംഗ് സ്റ്റേഷനുകൾ. കോട്ടയം മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് മെയ് മൂന്നിന് മാങ്ങാനം സോഫിയ സ്കൂളിലാണ്. 7,6 ക്രമത്തിലാണ് പ്രതിനിധികൾ. നാലു പോളിംഗ് സ്റ്റേഷനുകളുണ്ട്.

തിരുവനന്തപുരം മണ്ഡലം തെരഞ്ഞെടുപ്പ് മെയ് നാലിന്, വെള്ളയമ്പലം പഞ്ചായത്ത് അസ്സോസിയേഷൻ ഹാളിൽ. 5,4 ക്രമത്തിലാണ് പ്രതിനിധികൾ. രണ്ട് പോളിംഗ് സ്റ്റേഷനുകൾ.

ആലപ്പുഴയിൽ മണ്ഡലം തെരഞ്ഞെടുപ്പ് മെയ് നാലിന് മാവേലിക്കര ഐ. ഇ. എം. ഓഡിറ്റോറിയത്തിൽ. 4,4 ക്രമത്തിലാണ് പ്രതിനിധികൾ. രണ്ട് പോളിംഗ് സ്റ്റേഷനുകൾ.

ഇടുക്കിയിൽ 2,2 ക്രമത്തിലാണ് പ്രതിനിധികൾ. മെയ് അഞ്ചിന് കട്ടപ്പന ടൗൺഹാളിൽ, രണ്ട് പോളിംഗ് സ്റ്റേഷനുകൾ. എറണാകുളം മണ്ഡലം തെരഞ്ഞെടുപ്പ് അന്നേ ദിവസം കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ നടക്കും. 3,3 ക്രമത്തിലാണ് പ്രതിനിധികൾ. രണ്ട് പോളിംഗ് സ്റ്റേഷനുകൾ ഉണ്ടായിരിക്കും.

മലപ്പുറം ജില്ലയുടെയും വടക്കെ മലബാറിന്റെയും തെരഞ്ഞെടുപ്പ് മെയ് ആറിനാണ്. മലപ്പുറം 1,1 ക്രമത്തിലും കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് നാലു ജില്ലയ്ക്കും കൂടി 1,1 ക്രമത്തിലുമാണ് പ്രതിനിധികൾ. മലപ്പുറത്തെ ഇലക്ഷൻ പാലുണ്ട ന്യൂഹോപ്പിലും മലബാറിന്റേത് പുതിയറ ചർച്ച് ഓഫ് ഗോഡിലുമായിരിക്കും നടക്കുക.

മെയ് 7ന് തൃശൂർ പാലക്കാട് മണ്ഡലം തിരഞ്ഞെടുപ്പ് യഥാക്രമം ഐ. പി. സി. നെല്ലിക്കുന്ന്, ടൗൺഹാൾ പാലക്കാട് എന്നിവിടങ്ങളിൽ. ഇവിടെനിന്നും 2,2 ക്രമത്തിലാണ് പ്രതിനിധികൾ.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഐ. പി. സി. ഇലക്ഷൻ

## എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചുകഴിഞ്ഞുവല്ലോ. ഇലക്ഷൻ ദൈവീകമാണോ എന്ന ചർച്ച ഒരുവശത്ത് നടക്കുമ്പോൾ സംഘടന എന്ന നിലയിൽ തെരഞ്ഞെടുപ്പ് ആവശ്യം ആണെന്ന വാദഗതിയും പ്രബലമാണല്ലോ. എല്ലാം വചനാനുസൃതം ആയിരുന്നെങ്കിൽ ഇത്രയധികം പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ ഇവിടെ ഉണ്ടാകുമായിരുന്നില്ലല്ലോ. മിക്കവാറും എല്ലാ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെയും ആരംഭത്തിന് കാരണമായിതീർന്നത് കേസരയോടുള്ള അഭിനിവേശം മാത്രമാണ്. നമ്മുടെ ആത്മീയത സ്റ്റേജുകളിൽ മാത്രം ഒതുങ്ങുന്നതാണ് എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. ഒരു പ്രസ്ഥാനം എന്ന നിലയിൽ ആരോഗ്യകരമായ തിരഞ്ഞെടുപ്പ് രീതികൾ തെറ്റാണെന്ന് കരുതുവാൻ ഒക്കില്ല. എല്ലാറ്റിനും നിശ്ചയിച്ചിട്ടുള്ള അതിർ കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞാൽ ഒരു തെരഞ്ഞെടുപ്പും തെറ്റായി മാറുകയില്ല. ദുഃഖകരമായ കാര്യം പരസ്പരം ചെളിവാരിയെറിഞ്ഞ് കുതികാൽ വെട്ടിയും കസേര സ്വന്തമാക്കുവാൻ ശ്രമിക്കുന്നവരുടെ എണ്ണം ഇന്നും കൂടുതലാണ്. ക്രിസ്തീയ മാന്യതയോടും അച്ചടക്കത്തോടും പക്വതയോടും തിരഞ്ഞെടുപ്പിന് അഭിമുഖീകരിച്ചാൽ അത് മറ്റുള്ളവരുടെ മുമ്പിൽ പ്രസ്ഥാനത്തിന്റെ മാന്യത വർദ്ധിക്കുന്നതിനു കാരണമാകും.

നിയോജക മണ്ഡലം തിരിച്ച് നടത്തുന്ന കേരളാ സ്റ്റേറ്റ് ഇലക്ഷൻ എന്തുകൊണ്ടും അഭിനന്ദനാർഹമാണ്. കാരണം ഇലക്ഷൻ ദിവസങ്ങളിൽ കുമ്പനാട്ട് ഉണ്ടാകുന്ന ജനബാഹുല്യവും ഓരോ ഇലക്ഷനും സ്ഥാനാർത്ഥികൾ ചെലവാക്കുന്ന പണം ഇവയെല്ലാം ഒരു പരിധിവരെ ഒഴിവാക്കുന്നതിനും ഈ തിരഞ്ഞെടുപ്പ് രീതി കാരണമാകും. കാസർകോഡ് നിന്നുള്ള വോട്ടർ തനിക്ക് യാതൊരു പരിചയവുമില്ലാത്ത തിരുവനന്തപുരത്തുനിന്നുള്ള സ്ഥാനാർത്ഥികൾക്ക് വോട്ട് നൽകുന്ന രീതിക്കും ഇതോടെ അറുതിയായി. സ്വന്ത സ്ഥലത്ത് നന്നായി പ്രവർത്തിക്കുന്നവരും സാക്ഷ്യം ഉള്ളവരും അർഹതയുള്ളവരും ജയിച്ചുവരുന്നതിന് ഈ തിരഞ്ഞെടുപ്പുരീതി കാരണമാകും. ഒരു പരിധി വരെ പാനൽ അപ്രസക്തമാകും എന്നതിന് സംശയം വേണ്ട. അതു മുഖാന്തിരം സഭാ കൗൺസിലിന്റെ നിലവാരവും മെച്ചപ്പെടും. കൗൺസിൽ ചർച്ചകൾ വായ് പൊളിക്കാത്തവരും സ്വാർത്ഥ താല്പര്യത്തിനായി മാത്രം കൗൺസിൽ പദവി ഉപയോഗിക്കുന്നവരും നിശ്ചയമായും പരാജയപ്പെടണം. വ്യക്തിബന്ധങ്ങളോ മറ്റുള്ളവരുടെ ശുപാർശയോ നോക്കാതെ പ്രസ്ഥാനത്തിന് പ്രയോജനപ്പെടുന്ന വിശ്വസ്തരെ തിരഞ്ഞെടുക്കുവാൻ ശുശ്രൂഷകരും വിശ്വാസികളും തയ്യാറാകണം. അങ്ങനെ സമൂഹത്തിലെ പുഴുക്കുത്തുകളെ ഒഴിവാക്കുവാൻ കഴിയും. സമ്മതിദായകരെ ശക്തമായ നിലപാട് ഇക്കാര്യത്തിൽ എടുത്താൽ അഴിമതിക്കാരെയും കളങ്കിതരെയുമൊക്കെ മാറ്റി നിർത്തുവാൻ കഴിയും.

തിരഞ്ഞെടുപ്പ് പ്രചരണം മാന്യമായി ചെയ്യുവാൻ സ്ഥാനാർത്ഥികൾ തയ്യാറാകണം. നിലപാടുകൾ തമ്മിൽ പോരാട്ടം ഉണ്ടാകാം. എന്നാൽ അത് വ്യക്തബന്ധത്തെ ബാധിക്കുന്നതാകരുത്. പെന്തെക്കോസ്ത് സമൂഹം ആപത്കരമായ ഒരു പോക്കിലാണ്. അതുകൊണ്ടു തന്നെ ദുരുപദേശകരെയും അവരെ പിന്തുണയ്ക്കുന്നവരെയും അംഗീകരിക്കുവാൻ പാടില്ല. പിതാക്കന്മാർ കാണിച്ച മാതൃക നാം കാത്തുസൂക്ഷിക്കണം. പെന്തെക്കോസ്ത് സമൂഹത്തിൽ ബ്രദറണിസം വേരുപ്പിക്കുവാൻ ശ്രമിക്കുന്ന എന്ന പരാതി ഉയർന്നുകഴിഞ്ഞു. ഒപ്പം ന്യൂ ജനറേഷൻ പ്രവണതകളും ഈ സമൂഹത്തിൽ ആഴത്തിൽ വേരോടികഴിഞ്ഞു. അതുകൊണ്ട് തന്നെ ഈ തിരഞ്ഞെടുപ്പ് നിലനിൽപ്പിനായുള്ള ഒരു പോരാട്ടം കൂടിയാണ്. നമ്മുടെ പിതാക്കന്മാർ കാണിച്ച മാതൃക, ഉപദേശ വിശുദ്ധി തുടങ്ങിയവയുടെ നിലനിൽപ്പിനായുള്ള പോരാട്ടം. അത് പ്രബുദ്ധരായ സമ്മതിദായകർ തിരിച്ചറിയേണ്ടിയിരിക്കുന്നു. വീണ്ടും ഒരു കാര്യംകൂടി ആവർത്തിക്കട്ടെ. നമ്മുടെ സമ്മതിദാനാവകാശം ബുദ്ധിയോടെ വിനിയോഗിക്കുക. വ്യക്തിബന്ധങ്ങൾക്കും ശുപാർശകൾക്കപ്പുറം പ്രസ്ഥാനത്തിന് പ്രയോജനപ്പെടുന്നവർ ജയിച്ചുവരട്ടെ. നമ്മുടെ മസ്തിഷ്കത്തെ ഭരിക്കേണ്ടത് നേതാക്കന്മാരല്ല. നമ്മിൽ ദൈവം പകർന്ന ദിവ്യമായ വിവേചന ശക്തി നാം ഉപയോഗിക്കുക. പ്രസ്ഥാനത്തിന്റെ വളർച്ചയും നിലനിൽപ്പും നമുക്കും അത്യന്താപേഷിതമാണ്.

## ലേഖനം

# ഈ അത്യുഷ്ണം സൂചനയാണ്



പാസ്റ്റർ കെ.ജെ.മാത്യു

“ഹൊ! എന്തൊരു ചൂട്.... ഇത്രയും ചൂട് ഇതിനു മുമ്പെങ്ങും ഉണ്ടായിട്ടില്ലല്ലോ. മനുഷ്യരെ പുഴുങ്ങിയെടുക്കാൻ പാകത്തിലാണ് ഇത്തവണത്തെ ചൂട്. ഇന്ന് കേരളത്തിലെങ്ങും രാവിലെ എട്ട് മണി മുതലേ ആളുകൾ ഇങ്ങനെയാണ് പറയുന്നത്. ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ ഭീഷണി ആഗോള താപനമാണ്. അഥവാ ഭൂമിയിൽ ചൂട് വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ഒരോ സംവത്സരത്തിലും ഋതുക്കൾ ക്രമമായി വന്നു പോകയും മനുഷ്യർക്ക് ചൂടും വെളിച്ചവും ലഭിക്കത്തക്കവണ്ണം അനുദിനം സൂര്യൻ ഉദിച്ചസ്തമിക്കുകയും ചെയ്ത് സകല മനുഷ്യർക്കും സുരക്ഷിതബോധം നൽകിയിരുന്നു. നമുക്ക് ചൂടും വെളിച്ചവും നൽകുന്നത് സൂര്യനാണല്ലോ. എന്നാൽ മനഷ്യൻ ദീർഘവീക്ഷണം കൂടാതെ പെട്ടന്നു വളരുവാനുള്ള വ്യാമോഹത്താൽ പ്രവർത്തിച്ചതിന്റെ പരിണിത ഫലമായി കാർബൺഡൈ ഓക്സൈഡ് വാതകം കുന്നു കൂടി. തന്മൂലം സൂര്യനിൽ നിന്നും അനസ്യൂതം ഒരു ചെറിയ അളവിൽ വരുന്ന ചൂട് പുറത്തേക്കു പോകുവാൻ കഴിയാതെ വർദ്ധിച്ചു ആഗോളതാപനമായി മാറുന്നു. അതിനാലാകണം ആഗോളതാപനവുമായി ബന്ധപ്പെട്ട വാർത്തകളും അതു ഭൂമിയിൽ സൃഷ്ടിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകളാണ് മാധ്യമ വാർത്തകളിലിന്ന്.

കാർബൺഡയോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഓസോൺ ഫ്ളൂറിനേറ്റഡ് വാതകം തുടങ്ങിയ ഹരിത ഗൃഹവാതകങ്ങളുടെ പുറന്തള്ളൽ ആഗോളതാപനത്തിന് കാരണമായി ചൂണ്ടിക്കാണിക്കുമ്പോൾ വിവിധ രാജ്യങ്ങളിൽ നടത്തുന്ന ന്യൂക്ലിയർ ബോംബ് പരീക്ഷണങ്ങളുടെ ഫലമായി അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നതിനെ പറ്റി നിശബ്ദത പാലിക്കുന്ന തന്ത്രപരമായ മാധ്യമ സമീപനങ്ങളും നാം കാണുന്നു. ഒന്നിച്ചു നിന്ന് ഈ ദുരന്തത്തെ ചെറുത്തില്ലെങ്കിൽ വർദ്ധിച്ചു വരുന്ന ചൂടു കാരണം ജലസ്രോതസുകൾ വറ്റിവരണ്ട് കിണറുകളും നദികളും തടാകങ്ങളും അപ്രത്യക്ഷമാകും. ധ്രുവങ്ങളിലെ മഞ്ഞുരുകലിന്റെ ഫലമായി വെള്ളപ്പൊക്കവും, സമുദ്രനിരപ്പ് ഉയരുന്നത് വഴിയും, പല ദ്വീപുകളും, പട്ടണങ്ങളും അപ്രത്യക്ഷമാകുകയും ചെയ്യും. അന്തരീക്ഷത്തിലുണ്ടാകാമാരുന്ന വ്യതിയാനത്തിന്റെ ഫലമായി എന്നാൽ ആഗോളതാപനത്തെ കുറിച്ച് മനുഷ്യൻ ഒന്നു അറിയാതിരുന്നൊരു കാലമുണ്ടായിരുന്നു. ഫാക്ടറികൾ ഇല്ലാതിരുന്ന കാലം, വാഹനങ്ങൾ ഇല്ലാതിരുന്ന കാലം, കാർബൺ ഡൈയോക്സൈഡിനെ പുകച്ചുരുളുകളായി ആകാശത്തിലേക്ക് അയയ്ക്കാതിരുന്ന കാലം. 2000 വർഷങ്ങൾക്കു മുമ്പുള്ള ആ കാലഘട്ടതിൽ ബൈബിൾ പ്രവാചകന്മാർ വിളിച്ചു പറഞ്ഞു “ചൂളപോലെ കത്തുന്ന ദിവസം വരും” മലാഖി4:1, “മനുഷ്യർ അത്യുഷ്ണത്താൽ വെന്തു പോകുന്ന ഒരു കാലം വരും” വെളി: 16: 9

ഓക്സിജൻ കുറയുകയും പ്രാണവായുപോലും കിട്ടാതെ മനുഷ്യരും ജീവികളും ചത്തൊടുങ്ങുകയും ചെയ്തേക്കാം. ഇതൊക്കെയാണ് ഇതിന്റെ അനന്തരഫലങ്ങൾ. ഈ ദുരന്തങ്ങളെ പറ്റിയുള്ള മുന്നറിയുപ്പുകൾ ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പേ പ്രവാചകന്മാരിൽ കൂടെ ദൈവം നമുക്ക് നല്കിയിട്ടുണ്ട്. “ഭൂമി ദുഃഖിച്ച് വാടി പോകുന്നു. ഭൂതലം ക്ഷയിച്ച് വാടി പോകുന്നു. ഭൂമിയിൽ ഉന്നതന്മാർ ക്ഷീണിച്ചു പോകുന്നു” (യെശയ്യാ: 24:4)

ഈ പ്രവചനങ്ങളുടെ നിവൃത്തി നാം നമ്മുടെ കണ്ണുകൾ കണ്ടു തുടങ്ങിയില്ലേ? ശരീരത്തിൽ അനുഭവിച്ചു തുടങ്ങിയില്ലേ? എയർ കണ്ടീഷണറുകളും ഫ്രീസറുകളും പ്രയോജനപ്പെടാത്ത കാലം, അഥവാ ചൂളപോലെ കത്തുന്ന ഒരു കാലം. മനുഷ്യന്റെ മുമ്പിലുണ്ടെന്നുള്ള ബൈബിൾ പ്രവചനങ്ങൾ അവഗണിക്കരുത്. ഈ ഭീകരകാലം മൂർദ്ധന്യാവസ്ഥയിലെത്തുന്നതിനു മുമ്പേ യേശു വരും. തന്റെ ഭക്തരെ സ്വർഗ്ഗത്തിലേറ്റി കൊണ്ടു പോകും.

# സെക്ഷൻ കൺവൻഷൻ



**കണ്ണമ്പള്ളി:** ശാരോൻ ഫെലോഷിപ്പ് ചർച്ച് കണ്ണമ്പള്ളി സെക്ഷൻ കൺവൻഷൻ 2016 ഏപ്രിൽ 8 വെള്ളി മുതൽ 10 ഞായർ വരെ കൈച്ചിറയിൽ ബ്രദ. കെ. റ്റി. തോമസിന്റെ ഭവനാങ്കണത്തിൽ നടത്തപ്പെട്ടു.

ശാരോൻ ചർച്ച് ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ കോശി ഉമ്മൻ, സാബു പോൾ, സാം തോമസ് എന്നിവർ പ്രസംഗിച്ചു. ശാരോൻ വോയ്സ്, കണ്ണമ്പള്ളി ഗാനശുശ്രൂഷ നയിച്ചു. പാസ്റ്റർമാരായ ചെറിയാൻ ആന്റണി, അശോകൻ കെ. ആർ. എന്നിവർ നേതൃത്വം നൽകി.

# പാസ്റ്റർ കെ. സി. തോമസ്

## സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനത്തേക്ക്



നിലവിലുള്ള ഐ. പി. സി സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റും അനുഗ്രഹീത പ്രസംഗകനും സഭാ ലീഡറുമായ പാസ്റ്റർ കെ. സി. തോമസ് രണ്ടാം തവണ പ്രസിഡന്റ് സ്ഥാനത്തേക്ക് നിൽക്കുന്നു. കഴിഞ്ഞ നാല്പതു വർഷമായി ഐ. പി. സിയുടെ ശുശ്രൂഷകനായിരിക്കുന്നു ഇദ്ദേഹം സംസ്ഥാന സെക്രട്ടറിയായി ആറു വർഷം പ്രവർത്തിച്ചു. സംസ്ഥാന പി. വൈ. പി.എ പ്രസിഡന്റ്, സെക്രട്ടറി എന്നി നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഐ. പി. സി. ഇവാഞ്ചലിസം ബോർഡ് ചെയർമാനായി ആറു വർഷവും മിഷൻ ബോർഡ് ചെയർമാനായി മൂന്നു വർഷവും സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരത്ത് പേരൂർക്കടയിൽ ആരംഭിച്ച ഫെയ്ത്ത് സെന്റർ സഭ ഐ. പി. സിയിലെ ഏറ്റവും വലിയ സഭകളിലൊന്നാണ്. തിരുവനന്തപുരം വെസ്റ്റ് സെന്റർ പാസ്റ്റർ എന്ന നിലയിലും സഭയ്ക്ക് നേതൃത്വം നല്കുന്നു. നല്ല എഴുത്തുകാരൻ, ശക്തനായ പ്രസംഗകൻ, സംഘാടകൻ, ഭരണകർത്താവ്, വേദാദ്ധ്യാപകൻ എന്നി നിലകളിലെല്ലാം പ്രശസ്തനാണ്.

കഴിഞ്ഞ ടേം സ്റ്റേറ്റ് പ്രസിഡന്റായിരുന്നപ്പോൾ പതിനെട്ടിനം പരിപാടികൾ കൗൺസിലിൽ അവതരിപ്പിച്ച് കൗൺസിൽ അംഗീകാരത്തോടെ ആ ലക്ഷ്യത്തിൽ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്റ്റേറ്റ് കൺവൻഷനുകൾ, ശുശ്രൂഷക സമ്മേളനങ്ങൾ, ശുശ്രൂഷകന്മാരുടെ ഇൻഷുറൻസ്, ചാരിറ്റി ബോർഡ് വഴി ആരംഭിച്ചു. ഇവാഞ്ചലിസം ബോർഡ് വഴി ശക്തമായ സുവിശേഷ പ്രവർത്തനങ്ങൾ, ആയിരക്കണക്കിന് ട്രാക്റ്റുകളും പുസ്തകങ്ങളും അച്ചടിച്ച് വിതരണം ചെയ്തു നടത്തി വരുന്നു. അഭിപ്രായ വ്യത്യാസങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിലും ഒരു ടീമായി നിന്നാണ് പ്രവർത്തിച്ചത്. എക്സിക്യൂട്ടീവും അംഗങ്ങളും ബോർഡ് ഭാരവാഹികളും എന്നോടൊപ്പം ഐക്യമായി നിന്ന് പ്രവർത്തിച്ചതിനാലാണ് ഇത്രയും കാര്യങ്ങൾ നടന്നത്. ദൈവം അനുവദിച്ചാൽ ഒരു ടേം കൂടെ സ്റ്റേറ്റ് പ്രസിഡന്റായി തുടരുവാനും, തുടങ്ങിവച്ച പതിനെട്ടിനു പരിപാടികൾ പൂർത്തീകരിക്കുവാനും താത്പര്യപ്പെടുന്നു. നമ്മുടെ ഭരണഘടനപ്രകാരം എനിക്ക് ഈ ഒരു പ്രാവശ്യം കൂടെ മാത്രമേ കേരളത്തിൽ നേതൃത്വത്തിൽ നിൽക്കാൻ അവസരമുള്ളു.

കഴിഞ്ഞ കാലങ്ങളിൽ പിന്തുണച്ച കർത്തൃദാസന്മാരോടും സഭാജനങ്ങളോടും ഹൃദയപൂർവ്വം നന്ദി പറയുന്നു. ഈ തെരഞ്ഞെടുപ്പിൽ എല്ലാവരുടെയും സഹായവും പ്രാർത്ഥനയും ഞാൻ പ്രതീക്ഷിക്കുന്നു.

# പാസ്റ്റർ രാജു പൂവക്കാല

## സ്റ്റേറ്റ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക്



ഐ. പി. സി സ്റ്റേറ്റ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് വീണ്ടും നിൽക്കുന്ന പാസ്റ്റർ രാജു പൂവക്കാല ശക്തമായി വളർന്നുകൊണ്ടിരിക്കുന്ന തിരുവല്ല പ്രയർ സെന്റർ സഭയുടെ സ്ഥാപക പാസ്റ്ററാണ്. തിരുവല്ലയിലെ സ്വകാര്യ ബാങ്കിലെ ജോലി രാജി വെച്ച് പൂർണ്ണസമയ സുവിശേഷവേലയ്ക്കിറങ്ങിയ ഇദ്ദേഹം 92-ൽ ആരംഭിച്ച ഐ. പി. സി. പ്രയർ സെന്റർ സഭ തിരുവല്ലയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സഭയായി വളർന്നു കഴിഞ്ഞു. ഐ. പി. സിയിലെ മൂന്നാം തലമുറക്കാരനായ ഇദ്ദേഹത്തിന്റെ വല്ല്യപ്പച്ചനും പിതാവും സഭയുടെ ആരംഭകാലം മുതൽ തങ്ങളാലാവോളം ദൈവദാസന്മാരോടു കൂടി ചേർന്ന് കർത്തൃവേലയിൽ സഹായിച്ചു.

ബാല്യം മുതൽ സമർപ്പണത്തോടെ ജീവിക്കുകയും കോളേജ് വിദ്യാഭ്യാസ കാലം മുതൽ പരസ്യയോഗങ്ങളിലും കൺവൻഷനുകളിലും പ്രസംഗിച്ചു തുടങ്ങി സുവിശേഷ പ്രവർത്തനങ്ങളിൽ എന്നാലാവത് ചെയ്ത് ഭൗതീക ജോലി ചെയ്യവേ പത്താൻകോട്ട് നടന്ന ഉപവാസ പ്രാർത്ഥനയിൽ വെച്ച് പൂർണ്ണസമയ ശുശ്രൂഷയ്ക്കായി ദൈവം എന്നെ വിളിച്ചു വേർതിരിച്ചു. അന്നു മുതൽ വിശ്വസ്തതയോടെ ദൈവവേല ചെയ്യുന്നു. പി. വൈ. പി. എ സംസ്ഥാന പ്രസിഡന്റ്, ഐ. പി. സി. ജനറൽ കൗൺസിൽ അംഗം, ചാരിറ്റി ബോർഡ് കൺവീനർ, മിഷൻ ബോർഡ് ചെയർമാൻ എന്നീ നിലകളിലും കഴിഞ്ഞ ടേമിൽ സ്റ്റേറ്റ് വൈസ് പ്രസിഡന്റായും 3 പതിറ്റാണ്ടോളമായി ഐ. പി. സിക്ക് അഭിമാനിക്കത്തക്ക നിലയിൽ ശുശ്രൂഷ ചെയ്തു വരുന്നു. സഭയ്ക്ക് ശരിയായ ദിശാബോധം നൽകുവാനും സുവിശേഷീകരണത്തിനും സഭാ വളർച്ചയിലും ദൗത്യബോധത്തോടെ സഭയെ നയിക്കുവാനും ആത്മീയ കാഴ്ച്ചപ്പാടുള്ള നേതാക്കൾ സഭയ്ക്ക് ആവശ്യമാണ്. നമ്മുടെ പ്രസ്ഥാനം അനാത്മീകരുടെയും, പക്വത ഇല്ലാത്തവരുടെയും, ദർശനമില്ലാത്തവരുടെയും നിയന്ത്രണത്തിലാകരുതെന്നുള്ള പ്രാർത്ഥനയാണ് ഈ സ്ഥാനത്തേക്ക് മത്സരിക്കുവാൻ താല്പര്യപ്പെടുന്നത്. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

# പാസ്റ്റർ ഏബ്രഹാം ജോർജ്ജ്

## സ്റ്റേറ്റ് വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക്



ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം ഞാൻ ആലപ്പുഴയിൽ ആയിരിക്കുന്നു. പത്തനംതിട്ട ജില്ലയിൽ മല്ലശ്ശേരിയാണ് ജന്മസ്ഥലം. മർത്തോമ്മ പാരമ്പര്യത്തിൽ നിന്നും 24-ാം വയസ്സിൽ രക്ഷിക്കപ്പെട്ട് പെന്തെക്കോസ്ത് കൂട്ടായ്മയിൽ ആയിത്തീരുവാൻ ദൈവം കൃപ ചെയ്തു. സുവിശേഷവേലയെക്കുറിച്ചുള്ള വ്യക്തമായ വിളിയിൽ കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജിൽ പഠനം പൂർത്തീകരിച്ചു. ആദ്യമായി പ്രവർത്തന ആരംഭിച്ചത് എടത്വായ്ക്ക് സമീപമായിരുന്നു. വളരെയധികം എതിർപ്പുകൾ നേരിട്ട് മുന്നേറി, തിരുവല്ല സെന്ററിന് ഒരു നല്ല സഭ രൂപീകരിക്കുവാൻ ഇടയായി.

തുടർന്ന് കരുവാറ്റ, കാർത്തികപ്പള്ളി, ആലപ്പുഴ, തിരുവമ്പാടി എന്നിവിടങ്ങളിൽ പ്രവർത്തിപ്പാനും ചുറ്റുമുള്ള സ്ഥലങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് പുതിയ സ്ഥലം സഭകൾ സ്ഥാപിപ്പാനും കൃപയാൽ സാധിച്ചു. നാൽപ്പത്തിരണ്ടോളം വർഷങ്ങളായി ശുശ്രൂഷ ചെയ്തുവരുന്നു.

1990-ൽ കേവലം 9-ൽ താഴെ പ്രവർത്തനങ്ങളുമായ് വെസ്റ്റ് സെന്റർ രൂപീകൃതമായതു മുതൽ എന്നെ അതിന്റെ ചുമതലക്കാരനായി പ്രസ്ബിറ്ററി നിയമിച്ചു. നിലവിൽ ഈ സെന്ററിൽ അൻപത്തിയാറ് പ്രവർത്തനങ്ങളും അറുപത് സുവിശേഷ പ്രവർത്തകരുമായ് വളരുവാൻ ദൈവം സഹായിച്ചു.

ഇപ്പോൾ സ്റ്റേറ്റ് കൗൺസിലിലും പ്രസ്ബിറ്ററിയിലും അംഗമാണ്. ചാരിറ്റി ബോർഡ് ചെയർമാനായി ഒരു ടേമിലും, 2006 – 2102 കാലയളവിൽ മിഷൻ ബോർഡ് ചെയർമാനായി രണ്ടുടേമിലും സേവനം അനുഷ്ഠിപ്പാൻ എനിക്ക് നിയോഗം ലഭിച്ചു. പുത്രികാ സംഘടനകളായ സൺഡേസ്കൂൾ, പി. വൈ. പി. എ. എന്നിവയുടെ കേന്ദ്രതലങ്ങളിൽ പ്രവർത്തിപ്പാനും ഇടയായിട്ടുണ്ട്. ഏരിയാ പഠനസമിതിയുടെ ചെയർമാനായും പ്രവർത്തിപ്പാൻ സാധിച്ചിട്ടുണ്ട്.

വാടകവീടുകളിലും ഫെയ്ത്ത് ഹോമുകളിലും മാറിമാറി താമസിച്ച് കർത്തൃശുശ്രൂഷ ചെയ്തിട്ടുള്ള എനിക്ക് , ഒരു സാധാരണ സുവിശേഷകന്റെ ബുദ്ധിമുട്ടും പ്രയാസങ്ങളും എന്തൊക്കെയാണ് കൃത്യമായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദീർഘകാലമായി ഒരു സഭയിൽ തന്നെ പാസ്റ്ററായിരിക്കുകയും നേതൃസ്ഥാനത്തേക്ക് വരികയും ചെയ്യുന്നവർക്ക് ഒരു സാധാരണ ശുശ്രൂഷകന്റെ വേദനയും വിങ്ങലും മനസ്സിലാവുകയില്ലല്ലോ. വളരെ വർഷങ്ങളായി സ്റ്റേറ്റ് കൗൺസിലിലും പ്രസ്ബിറ്ററിയിലും അംഗമായിരുന്നു. നീതിക്കും ന്യായത്തിനുവേണ്ടി ശബ്ദിക്കുന്നവനാണ് ഞാൻ. അതിനാൽ തന്നെ പലരുടെയും വിരോധത്തിന് പാത്രമായിട്ടുണ്ട്.

അടുത്തു തന്നെ നടക്കുവാൻ പോകുന്ന സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ഞാൻ നിൽക്കുന്നു. ആയതിനാൽ ദൈവദാസന്റെയും സഭാപ്രതിനിധിയുടെയും വിലയേറിയ വോട്ടുകൾ എനിക്ക് നൽകി എന്നെ വിജയിപ്പിക്കുകയും വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുമാറാകേണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

# പാസ്റ്റർ ഷിബു നെടുവേലിൽ

## സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക്



ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ സംസ്ഥാന തിരഞ്ഞെടുപ്പ് നടക്കുകയാണല്ലോ. കഴിഞ്ഞ നാളുകളിൽ എന്നോടു കാണിച്ച എല്ലാ സ്നേഹസഹകരണങ്ങൾക്കും പിന്തുണയ്ക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. കഴിഞ്ഞ രണ്ടു ടേം സംസ്ഥാന ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകി. ആത്മാർത്ഥമായി സഭയ്ക്കു വേണ്ടിയും ദൈവദാസന്മാർക്കു വേണ്ടിയും നിലകൊണ്ടു എന്ന് ഉറപ്പിച്ചു പറയുന്നതിൽ സന്തോഷമുണ്ട്.

മാരാമണ്ണിലെ ഒരു പാരമ്പര്യ മർത്തോമ്മ കുടുംബത്തിൽ ജനിച്ചു വളർന്ന ഞാൻ 24-ാം വയസ്സിൽ ഗൾഫിൽ ജോലിയിലായിരിക്കുമ്പോഴാണ് രക്ഷിക്കപ്പെട്ടത്. സുവിശേഷവേലയ്ക്ക് വിളി ലഭിച്ചതോടെ കോട്ടയത്തും കുമ്പനാട്ടും ദൈവവചനം പഠിച്ചു. പാരമ്പര്യ ക്രൈസ്തവ കേന്ദ്രവും എന്റെ ജന്മദേശവുമായ മാരാമണ്ണിൽ പെന്തെക്കോസ്തു സഭകൾ ഇല്ലാത്ത കാലത്ത് പ്രത്യേക ദർശനത്തോടെ 1988-ൽ പുതിയ പ്രവർത്തനം ആരംഭിച്ചു. ഇന്ന് അനുഗ്രഹപ്പെട്ട ഒരു സഭയായി അത് വളർച്ച പ്രാപിച്ചത് ദൈവനാമമഹത്വത്തിനായി പറയട്ടെ.

കഴിഞ്ഞ ഇരുപതുവർഷമായി ഐ. പി. സി. സ്റ്റേറ്റ് ജനറൽ കൗൺസിലുകളിൽ അംഗമായി പ്രവർത്തിച്ചു. കഴിഞ്ഞ രണ്ടു ടേം ജോ. സെക്രട്ടറിയായി നിങ്ങൾ എന്നെ തിരഞ്ഞെടുത്തു. സ്റ്റേറ്റ് കൺവൻഷനുകൾ ദൈവം കൃപ ചെയ്തു. കൗൺസിൽ നടപടികളിലും സഭയുടെ നാനാവിധമായ പ്രവർത്തനങ്ങളിലും ക്രിയാത്മകമായി ഇടപെടുവാൻ സാധിച്ചു. കേരളാ സ്റ്റേറ്റ് തിരഞ്ഞെടുപ്പ് നിയോജകമണ്ഡല അടിസ്ഥാനത്തിലാണല്ലോ ഇത്തവണ നടക്കുന്നത്. ദീർഘവർഷങ്ങളായി കർത്തൃദാസന്മാരുടെയും ദൈവജനത്തിന്റെയും ആവശ്യമായിരുന്നു ഇത്. ഈ ആവശ്യത്തിനുവേണ്ടി ആരംഭം മുതൽ ഉറച്ചനിലപാടെടുത്ത് അത് പ്രവർത്തി പഥത്തിൽ എത്തിക്കുന്നതിന് മുൻപിൽ നിൽക്കുവാനും എനിക്ക് സാധിച്ചു.

പെന്തെക്കോസ്ത് സഭ ആത്മീയ ദർശനത്തിലും പരിശുദ്ധാത്മാവിന്റെ ശക്തിയിലും മുന്നോട്ടു പോകേണ്ട സഭയാണ്. ആത്മനിറവും കൃപാവരങ്ങളും അന്യഭാഷയും അത്ഭുതങ്ങളും ഒക്കെയുള്ള സഭയാണ് പെന്തെക്കോസ്തു സഭ. എന്നാൽ ഇപ്പോൾ ഐ. പി. സി. പ്രസ്ഥാനത്തെ ബ്രദറൺ ആശയങ്ങളിലേക്ക് വലിച്ചിഴയ്ക്കുന്ന പ്രവണത വർദ്ധിക്കുന്ന കാലമാണിത്. അതിനെതിരെ ശക്തമായ നിലപാടോടെ സഭയെ പരിശുദ്ധാത്മശക്തിയിൽ നയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഈ തിരഞ്ഞെടുപ്പിലൂടെ സ്റ്റേറ്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടാൽ പുതിയ ദർശനത്തോടെയും പുതിയ കാഴ്ചപ്പാടോടെയും ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ സഭയെ ആത്മീയ ഉണർവ്വിലേക്ക് നയിക്കാനാകും മുൻഗണന. ഒപ്പം സുവിശേഷീകരണത്തിലും സഭാവളർച്ചയിലും ഊന്നിയ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും.

എല്ലാ ദൈവദാസന്മാരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

# പാസ്റ്റർ സാം ദാനിയേൽ

## മലബാറിൽ നിന്നും ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക്



അടുത്ത് വരുന്ന കേരളാ സ്റ്റേറ്റ് തെരഞ്ഞെടുപ്പിൽ ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് സ്ഥാനാർത്ഥിയായി നിൽക്കുന്ന വിവരം താങ്കളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. താങ്കളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. ഐ. പി. സി എന്ന പ്രസ്ഥാനത്തോടു ചേർന്ന് കഴിഞ്ഞ 34 വർഷമായി കർത്താവിന്റെ വേല ചെയ്യുന്നു. കൊട്ടാരക്കര സെന്റർ ശുശ്രൂഷകനായിരുന്ന പാസ്റ്റർ കെ. സി. ഡാനിയേലിന്റെ മകനാണ്. പിതാവ് ഇന്ന് കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. കേരളത്തിലും നോർത്ത് ഇന്ത്യയിലും ഗൾഫിലും സഭാശുശ്രൂഷയിലിരിപ്പാനിടയായി. ഇപ്പോൾ 14 വർഷമായി മലബാറിൽ ആലത്തൂർ സെന്ററിന്റെ ശുശ്രൂഷകനായിരിക്കുന്നു. മലബാർ സൗത്ത് സോൺ പ്രസിഡന്റായും മലബാർ മേഖലാ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു. കേരള സ്റ്റേറ്റ് കൗൺസിൽ മെമ്പറും, ലാന്റ് ആന്റ് ബിൽഡിംങ് ബോർഡിന്റെ സെക്രട്ടറിയായിട്ടും പ്രവർത്തിച്ചിട്ടുണ്ട്. ആ കാലയളവിൽ 40-ൽപരം സ്ഥലങ്ങളിൽ സഭാഹാളും പാഴ്സനേജും പണിയുന്നതിന് സാമ്പത്തികമായി സഹായിപ്പാനിടയായി. ജീവകാരുണ്യ പ്രവർത്തനങ്ങളും സുവിശേഷീകരണ പ്രവർത്തനങ്ങളും കർത്താവ് തന്ന കൃപയ്ക്ക് അനുസരിച്ചു ചെയ്തുകൊണ്ടിരിക്കുന്നു. തുടർന്നും ദൈവം തരുന്ന കൃപയ്ക്കനുസരിച്ച് ഇന്ത്യ പെന്തെക്കോസ്തു ദൈവസഭയുടെ വിവിധ തലങ്ങളിലുള്ള വളർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതായിരിക്കും. സുവിശേഷികരണത്തിന്റെ വ്യാപ്തിക്കുവേണ്ടി സെക്കുലർ രംഗത്തും പ്രവർത്തിക്കുന്നു. സഫയർ പബ്ലിക് സ്കൂളും, എ.വി.എൽ.പി & എ.യു.പി. സ്കൂളും. കൗൺസലിങ്ങ് സെന്ററും അതിനു ഉദാഹരണമാണ്. ഭാര്യ ഷീല സാം, മക്കൾ: സെഫി സാം, ഭാര്യ രൂത്ത് ഇരുവരും യു. എസ്. എയിലാണ്. ഇളയമകൻ ഡോ. എബി സാം ജോലിയോടുകൂടെ കർത്താവിന്റെ വേലയിൽ തൽപ്പരനാണ്. ഹൂസ്റ്റൺ സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ ഷാജി ഡാനിയേൽ സഹോദരനാണ്.

നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് ക്രിസ്തുവിൽ സഹോദരൻ

**പാസ്റ്റർ സാം ഡാനിയേൽ**
കുഴുവിള ഏബനേസർ, ഇളംകാവ്,
കിഴക്കഞ്ചേരി പി. ഒ, വടക്കഞ്ചേരി, പാലക്കാട്
ഫോൺ: 9447269101
Email: pastorsamdaniel@gmail.com
(ഐ. പി. സി. കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി സ്ഥാനാർത്ഥി)

# ബ്രദർ എൽ. കെ. റോയി

## ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക്



നിലവിൽ സ്റ്റേറ്റ് കൗൺസിൽ ജോയിന്റ് സെക്രട്ടറിയായ ബ്രദർ എൽ .കെ. റോയി അറിയപ്പെടുന്ന ഉണർവ്വു പ്രസംഗകനും കൃപാവര ശുശ്രൂഷകനും മികച്ച സംഘാടകനും യുവജന പ്രവർത്തകനുമാണ്. പതിനെട്ടു വർഷമായി സ്റ്റേറ്റ് കൗൺസിലിൽ വിവിധ നിലകളിൽ ശക്തമായ നേതൃത്വം നല്കി വരുന്നു. പി. വൈ. പി. എ സംസ്ഥാന ജോയിന്റ് സെക്രട്ടറി, തിരുവനന്തപുരം മേഖലാ സെക്രട്ടറി, നെയ്യാറ്റിൻകര സെന്റർ ട്രഷറർ, സൺഡേസ്കൂൾ മേഖലാ പ്രസിഡന്റ് മുതലായ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സഭാ പ്രവർത്തനം ദൈവനിയോഗവും ശുശ്രൂഷയുമായി കരുതുന്ന ഇദ്ദേഹം ഏറ്റെടുത്ത ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുകയും ക്രിസ്തീയ മാന്യതയോടെ തന്റെ ഔദ്യോഗിക ചുമതലകളിൽ വിശ്വസ്തനായിരിക്കുന്ന ഇദ്ദേഹം ഐ. പി. സി. ശുശ്രൂഷകർക്കും വിശ്വാസികൾക്കും സുസമ്മതനായ വ്യക്തിത്വം കൂടിയാണ്. 1965 മുതൽ ഐ. പി. സി. പി. എം. ജി സഭാംഗങ്ങളായ സത്യദാസിന്റെയും ലൈല സത്യദാസിന്റെയും രണ്ടാമത്തെ മകനായി ജനിച്ചു. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയശേഷം കേരളാ പോലീസിൽ ചേർന്നു. ഇപ്പോൾ കേരളാ പോലീസിൽ സബ് ഇൻസ്പെക്ടറായി സേവനം ചെയ്തു വരുന്നു. ഐ. പി. സിയിലെ അല്മായ നേതാക്കളിൽ പ്രമുഖനായ ഇദ്ദേഹം ഫാമിലി സെമിനാറുകൾ, പരസ്യയോഗങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നേതൃത്വം നൽകുന്നു. ഭാര്യ: മല്ലിക റോയി കേന്ദ്ര ഗവൺമെന്റ് ജീവനക്കാരിയാണ്. ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്ന ഇദ്ദേഹം പാസ്റ്റർമാരുടെയും വിശ്വാസികളുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

# മോനി കരിക്കം

## സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക്



കർത്താവിൽ പ്രിയ പാസ്റ്റർക്ക്/സഹോദരന് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആദ്യകാലകുടുംബങ്ങളിലൊന്നായ കൊട്ടാരക്കര കരിക്കം കുന്നുവിള കുടുംബാംഗവും, മറക്കുവാനാകാത്ത സാമ്പത്തിക-ആത്മിക സംഭാവനകൾ നൽകി കൊട്ടാരക്കരയിലെ ഐ. പി. സി. സഭകൾക്ക് വളരെ ആശ്വാസമായിരുന്ന പരേതനായ സി. ഐ. ലൂക്കോസിന്റെ മകനുമാണ് ഞാൻ. ബാല്യത്തിൽ തന്നെ രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ദൈവകൃപയിൽ ജീവിക്കുവാൻ ദൈവം എനിക്ക് കൃപ തന്നു. എന്റെ ബിസിനസ്സിനോടൊപ്പം കുടുംബവുമായി മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് വേദപഠനം നേടുകയും പിതാവിനെപ്പോലെ കൊട്ടാരക്കരയിലെ ആത്മീക പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. കരിക്കം ഐ. പി. സി. സഭാ സെക്രട്ടറി, കൊട്ടാരക്കര സെന്റർ കമ്മറ്റി അംഗം, മേഖലാ കമ്മറ്റിയംഗം, കഴിഞ്ഞ 12 വർഷങ്ങൾ കൊണ്ട് കേരളാ സ്റ്റേറ്റ് കൗൺസിലംഗം, സീയോൻ കാഹളം മാസികയുടെ ചീഫ് എഡിറ്റർ, കേരളാ സ്റ്റേറ്റ് മിഷൻ ബോർഡ് മുൻ സെക്രട്ടറി എന്നീ നിലകളിൽ ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മലബാർ, ഹൈറേഞ്ച്, തീരപ്രദേശങ്ങൾ എന്നീ ഭാഗങ്ങൾ കേന്ദ്രീകരിച്ച് സുവിശേഷയോഗങ്ങൾ നടത്തി അനേക സഭകൾ ഐ. പി. സി.ക്ക് സ്ഥാപിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 30 വർഷങ്ങളായി എന്റെ പിതാവ് ആരംഭം കുറിച്ച കരിക്കം കൺവൻഷൻ (അലൈഡ് കാഷ്യൂ ഗ്രൗണ്ടിൽ) മുടക്കം കൂടാതെ നടത്തുവാൻ ദൈവം സഹായിക്കുന്നു. അനേകരുടെ ആത്മരക്ഷയ്ക്ക് കാരണമായിട്ടുണ്ട്. ദൈവഹിതമെങ്കിൽ ഈ വരുന്ന കേരളാ സ്റ്റേറ്റ് തിരഞ്ഞെടുപ്പിൽ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ട പാസ്റ്റർ/സഹോദരൻ താങ്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

നാളിതുവരെ നിങ്ങൾ എനിക്ക് നൽകിയ പ്രാർത്ഥനയ്ക്കും പ്രോത്സാഹനത്തിനും എന്റെ നന്ദി അറിയിച്ചുകൊണ്ട്.

**പ്രാർത്ഥനയോടെ**
**ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ**
**മോനി കരിക്കം (ഷാജി സി. ലൂക്ക്).**

# അഡ്വ. ജോൺസൺ സാമുവേൽ

## ജനറൽ കൗൺസിലിലേക്ക്



പെന്തെക്കോസ്തിലെ മൂന്നാം തലമുറക്കാരനും കഴിഞ്ഞ ഒന്നരപതിറ്റാണ്ടായി സ്റ്റേറ്റ്/ജനറൽ കൗൺസിലുകളിലെ സജീവ സാന്നിധ്യവുമായ അഡ്വ. ജോൺസൺ കെ. സാമുവേൽ ജനറൽ കൗൺസിൽ അംഗമായി വീണ്ടും നിൽക്കുന്നു. ഐ. പി. സി. ജനറൽ കൗൺസിലിന്റെ പബ്ലിക് റിലേഷൻസ് ഓഫീസറായി പ്രവർത്തിച്ചു വരുന്ന അദ്ദേഹം സഭയുടെ വിവിധ ബോർഡുകളുടെ ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഭരണഘടനാ ഭേദഗതി നിർദ്ദേശങ്ങൾ തയാറാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. സൗമ്യതയുടെ പ്രതീകമായ അഡ്വ. ജോൺസൺ തന്റെ നിലപാടുകളിൽ എന്നും ഉറച്ചു നിൽക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്. പിതാക്കന്മാർ വില കൊടുത്ത് വളർത്തിയ പ്രസ്ഥാനത്തെ ചില സ്വാർത്ഥ താൽപര്യക്കാർ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നത് വേദനയോടെ നോക്കികാണുന്ന അദ്ദേഹം അതിനെതിരെകൗൺസിൽ യോഗങ്ങളിൽ ശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ കൃത്യമായും ഭംഗിയായും പൂർത്തിയാക്കുന്നതിൽ ബദ്ധശ്രദ്ധനായ അഡ്വ. ജോൺസൺ, പി. ആർ. ഒ. എന്ന നിലയിൽ ആഴ്ചയിലെ മിക്ക ദിവസങ്ങളിലും ഓഫീസിൽ എത്തി തന്റെ ചുമതലകൾ ഭംഗിയായി നിർവഹിച്ചു വരുന്നു.

നിയമത്തിൽ ബിരുദവും സാമൂഹ്യ പ്രവർത്തനത്തിൽ (MSW) ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള അഡ്വ. ജോൺസൺ അഭിഭാഷകവൃത്തിയോടൊപ്പം വിവിധ സാമൂഹ്യ സംഘടനകളിലും സജീവമായി പ്രവർത്തിച്ചുവരുന്നു. ഐ. പി. സി.യുടെ ആരംഭകാല ശുശ്രൂഷകന്മാരിൽ ഒരാളായിരുന്ന പരേതനായ കെ. സി. ഏബ്രഹാമിന്റെ (ഓതറ അവറാച്ചൻ) മകനും പുനലൂർ പേപ്പർ മില്ലിലെ ഉദ്യോഗസ്ഥനുമായിരുന്ന കെ. എ. ശാമുവേലിന്റെ മകനാണ് ജോൺസൺ. പെന്തെക്കോസ്ത് ആത്മീകതയുടെ ശക്തനായ വക്താവു കൂടിയായ അദ്ദേഹം ദൈവസഭ നിർമ്മല വേദോപദേശങ്ങളിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. ഐ. പി. സി.യുടെ ആരംഭകാല വിശ്വാസികളിൽ പ്രമുഖനും വിവിധ കൗൺസിലുകളിൽ അംഗവുമായിരുന്ന ഡോ. എ. കെ. ജോണിന്റെ (കാർത്തികപള്ളി) മകൾ, ഡോ. ഷേർളിയാണ് ഭാര്യ.

# ബ്രദർ ജോയി താനവേലിൽ

## ഐ. പി. സി. കേരളാ സ്റ്റേറ്റ് ട്രഷറർ സ്ഥാനത്തേക്ക്



*കർത്താവിൽ ഞാൻ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ദൈവദാസന്മാർക്കും എന്റെ പ്രിയപ്പെട്ട കൂട്ടുവിശ്വാസികൾക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.*

കഴിഞ്ഞ നാളുകളിൽ എന്റെ പ്രവർത്തനമേഖലകളിൽ അങ്ങയുടെ പ്രാർത്ഥനയും സഹകരണവും എനിക്ക് അനുഗ്രഹമായിരുന്നു. ഹൃദയപൂർവ്വം നന്ദി പറയുന്നു. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സംസ്ഥാനതെരഞ്ഞെടുപ്പ് നടക്കുകയാണല്ലോ. ഞാൻ സംസ്ഥാന ട്രഷറർ സ്ഥാനത്തേക്ക് നിൽക്കുവാൻ താൽപ്പര്യപ്പെടുന്ന വിവരം ഇതിനകം അറിഞ്ഞു കാണുമല്ലോ. നേരിൽ വന്ന് സംസാരിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും സമയച്ചുരുക്കം കൊണ്ട് സാധിക്കാതെ വരുന്നതിൽ ദുഃഖമുണ്ട്. ഈ കത്ത് ഒരു അപേക്ഷയായി കരുതി തിരഞ്ഞെടുപ്പിൽ എന്നെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

കഴിഞ്ഞ അരനൂറ്റാണ്ടു കാലമായി ഐ. പി. സി. കഞ്ഞിക്കുഴി ഫിലദർഫിയ സഭാംഗമായും കഴിഞ്ഞ 30 വർഷമായി സഭാ പ്രവർത്തനങ്ങളിലും, പൊതുരംഗത്തും സജീവമായി പ്രവർത്തിക്കുന്നു. ഐ. പി. സി. ജനറൽ സ്റ്റേറ്റ് കൗൺസിൽ അംഗം, കോട്ടയത്തെ ഐ. പി. സി. സെമിനാരിയുടെ സ്ഥാപകരിലൊരാൾ, പവ്വർവിഷൻ ഡയറക്ടർ ബോർഡ് അംഗം, അതിന്റെ ചാരിറ്റി ബോർഡ് അംഗം, കേരളത്തിൽ നടന്ന മെഗാക്രൂസേഡ് കോർഡിനേറ്റർ എന്നീ നിലകളിലൊക്കെ പ്രവർത്തിക്കുവാൻ ദൈവം എനിക്ക് അവസരം നൽകി. കൂടാതെ ഫിലദൽഫിയ സഭയുടെയും കോട്ടയം സെന്ററിന്റെയും വിവിധ ചുമതലകൾ, സുവിശേഷീകരണപ്രവർത്തനങ്ങൾ, ഉത്തരേന്ത്യയിലെ വിവിധ സ്റ്റേറ്റുകളിലെ മിഷനറി പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ നിലകളിൽ ദൈവം എനിക്ക് നൽകിയ നേതൃത്വപരമായ കഴിവുകൾ ദൈവനാമമഹത്വത്തിനായി ഉപയോഗപ്പെടുത്തി.

കോട്ടയം ഡിസ്ട്രിക്ട് ആശുപത്രിയിൽ മറ്റ് ചില സഹോദരന്മാരോട് ചേർന്ന് ഡയാലിസിസ് യൂണിറ്റ് തുടങ്ങിയത് നൂറു കണക്കിന് രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിന് അവസരമൊരുക്കി. മറ്റൊട്ടനവധി ജീവകാരുണ്യപ്രവർത്തനങ്ങളും കോർഡിനേറ്റ് ചെയ്ത് നടത്തുവാനും ദൈവം എന്നെ ബലപ്പെടുത്തി.

ഐ. പി. സി. സ്റ്റേറ്റ് ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടാൽ സഭയുടെ ക്രമീകൃതമായ വളർച്ചയ്ക്കായി മറ്റ് എക്സിക്യൂട്ടീവിനോടും കൗൺസിലിനോടുമൊപ്പം ധാരാളം പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് ഉറപ്പുണ്ട്.

എല്ലാവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ഞാൻ പ്രതീക്ഷിക്കുന്നു. എന്നെ വ്യക്തിപരമായ പ്രാർത്ഥനയിൽ ഓർക്കണമെന്നും അപേക്ഷിക്കുന്നു.

**ക്രിസ്തുവിൽ അങ്ങയുടെ സഹോദരൻ**
**ജോയി താനവേലിൽ**
**താനവേലിൽ വീട്, പഴയ സെമിനാരി റോഡ്, കോട്ടയം**
**ഫോൺ: 0481 2566678, 9387328872**

# ബെന്നി പുള്ളോലിക്കൽ

## ജനറൽ കൗൺസിൽ മെമ്പർ



ഐ. പി.സിയിലെ ആരംഭകാല കുടുംബത്തിൽ ജനിച്ച് വളർത്തപ്പെട്ട് ചെറുപ്പത്തിലെ രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച്, ബിസിനസിനോടൊപ്പം ആത്മീയ പ്രവർത്തനങ്ങളിലും പങ്കാളിയായി പ്രവർത്തിക്കുന്നു. ഇപ്പോൾ ലോക്കൽ സഭാ സെക്രട്ടറി, കോട്ടയം സൗത്ത് സെന്റർ മിഷൻ സെക്രട്ടറി, കോട്ടയം കോർഡിനേഷൻ ട്രഷറാർ, കോട്ടയം സോണൽ ജോയിന്റ് സെക്രട്ടറി, ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം, സ്റ്റേറ്റ് പി. വൈ. പി.എ. ട്രഷറാർ, സെന്റർ ജോയിന്റ് സെക്രട്ടറി, സെന്റർ സണ്ടേസ്കൂൾ സൂപ്രണ്ട്, സെന്റർ പി. വൈ.പി.എ. സെക്രട്ടറി തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലപാടുകലിൽ ഉറച്ചുനിന്നുകൊണ്ട് വിശ്വസ്തതയോടെ പ്രവർത്തിക്കുന്നു. തുടർന്നും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. **ഫോൺ: 9447 056 662**

# പാസ്റ്റർ ജോബിൻ കെ. ജോൺ

## സ്റ്റേറ്റ് കൗൺസിൽ മെമ്പർ

### (വടക്കൻ മലബാർ നിയോജക മണ്ഡലം)



വടക്കൽ മലബാറിൽ നിന്നും കേരളാ സ്റ്റേറ്റ് കൗൺസിലിലേക്ക് സ്ഥാനാർത്ഥിയാണ് പാസ്റ്റർ ജോബിൻ കെ. ജോൺ. യുവജനപ്രവർത്തന രംഗത്ത് ശ്രദ്ധേയനായ പാസ്റ്റർ ജോബിൻ പി. വൈ. പി. എ. വയനാട് സോണൽ പ്രസിഡന്റാണ്. പി. വൈ. പി. എ. സ്റ്റേറ്റ് കൗൺസിൽ മെമ്പർ, പി. വൈ. പി. എ. സ്റ്റേറ്റ് ലീഗൽ അഡ്വൈസറി ബോർഡ് സെക്രട്ടറി, പി. വൈ. പി. എ. വയനാട് സെന്റർ പ്രസിഡന്റ്, വയനാട് സെന്റർ കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു. മികച്ച സംഘാടകനും പ്രഭാഷകനുമാണ്. ഇപ്പോൾ വയനാട് തോമാട്ടുചാൽ സഭാശുശ്രൂഷകനാണ്. **ഫോൺ: 9446784975**

# ബ്രദർ കെ. റ്റി. ജോഷ്വാ

## ജനറൽ–സ്റ്റേറ്റ് കൗൺസിലിലേക്ക്



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത നിരണം കണ്ടങ്കേരിൽ കെ. ജി. തോമസ് മറിയാമ്മ ദമ്പതികളുടെ മകനായ കെ. റ്റി. ജോഷ്വാ മികച്ച സംഘാടകനും ഹെബ്രോൻ ബൈബിൾ കോളേജ് (പി.ജി. കോഴ്സ്) മാനേജർ, ഐ. പി. സി ഇന്റർനാഷണൽ ബിൽഡിംഗ് കമ്മറ്റി സെക്രട്ടറി എന്നീ ചുമതലകൾ വഹിക്കുന്നു. 1976 മുതൽ കുവൈറ്റിൽ ബാങ്ക് ഉദ്യോഗസ്ഥനായിരുന്ന സമയത്ത് ഐ. പി. സി കുവൈറ്റ് സഭയുടെ വളർച്ചയിലും, കുവൈറ്റ് റീജിയൺ രൂപീകരണത്തിലും നിർണ്ണായ പങ്കു വഹിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ദീർഘവർഷങ്ങൾ സഭാ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. കുവൈറ്റിലെ ഐ. പി. സി. സഭകളെ ഏകോപിപ്പിച്ച് പൊതു കൺവൻഷനുകൾ, ഐക്യ ആരാധനകൾ ആദിയായവ നടത്തുന്നതിനു മുൻകൈയെടുത്തു പ്രവർത്തിച്ചു. കുവൈറ്റിലെ മലയാളി ക്രൈസ്തവ സഭയുടെ സംയുക്ത വേദിയായ കുവൈറ്റ് ടൗൺ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ (KTMCC) കമ്മറ്റി അംഗം, വൈസ് പ്രസിഡന്റ് എന്നി നിലകളിലും നേതൃത്വ പാടവം തെളിയിച്ചിട്ടുണ്ട്. ഐ. പി. സി. ജനറൽ - സ്റ്റേറ്റ് കൗൺസിലുകളിൽ അംഗമായിരുന്നു. ഐ. പി. സി. ജനറൽ കൺവൻഷന്റെ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്. സഹോദരന്മാരായ പാസ്റ്റർ കെ. റ്റി ഉമ്മൻ ആൻഡമാൻസിലും, ബ്രദർ കെ.റ്റി. വർഗ്ഗീസ് മധ്യപ്രദേശിലും കർത്താവിനായ് വളരെ അദ്ധ്വാനിക്കുകയും ഐ. പി. സി.യ്ക്കു വേണ്ടി ഹാളും പാഴ്സനേജും പണിയിക്കുകയും സഭകളുടെ കെട്ടുപണിക്കായി അത്യദ്ധ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സഭയുടെ നന്മ ലക്ഷ്യമാക്കി ആത്മീയ ഭൗതീക പുരോഗതിക്കായി വ്യക്തമായ പദ്ധതികളും കാഴ്ചപ്പാടുകളും ഉള്ള ഇദ്ദേഹം ഏല്പിച്ച ദൗത്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിച്ചിട്ടുണ്ട്. ജനറൽ കൗൺസിൽ അംഗമായും പത്തനംത്തിട്ട ജില്ലയിൽ നിന്ന് സ്റ്റേറ്റ് കൗൺസിൽ അംഗമായും മത്സരിക്കുന്ന ഇദ്ദേഹം പാസ്റ്റർമാരുടെയും വിശ്വാസികളുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

ഫോൺ: 9945222655

# പാസ്റ്റർ സാബു ചാക്കോ, പള്ളിപ്പാട്

## സ്റ്റേറ്റ് കൗൺസിൽ മെമ്പർ (ആലപ്പുഴ നിയോജക മണ്ഡലം)



പാസ്റ്റർ സാബു ചാക്കോ 26 വർഷമായി ഐ.പി.സിയിലെ വിവിധ സഭകളിൽ ശുശ്രൂഷിക്കുന്നു. ഇപ്പോൾ പള്ളിപ്പാട് സഭാശുശ്രൂഷകനാണ്. കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജിലെ പഠനശേഷം വെച്ചൂച്ചിറ, മുംബൈ, കോയിപ്രം, കായംകുളം, വീയപുരം പായിപ്പാട് എന്നീ സഭകളിൽ ശുശ്രൂഷകനായിരുന്നിട്ടുണ്ട്. കഴിഞ്ഞ 10 വർഷമായി ആലപ്പുഴ ഈസ്റ്റ് സെന്ററിലെ ശുശ്രൂഷകനാണ്. സെന്റർ ഇവാഞ്ചലിസം ബോർഡ്, ചാരിറ്റി ബോർഡ്, ഡിസ്ട്രിക്റ്റ് കൗൺസിൽ അംഗം എന്നി നിലകളിൽ പ്രവർത്തിച്ചു വരുന്നു. ഈ വരുന്ന ഐ.പി.സി. സ്റ്റേറ്റ് കൗൺസിലേക്ക് ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്നു. ദൈവദാസന്മാരുടെയും സഭ പ്രതിനിധികളുടെയും പ്രാർത്ഥനയും സഹകരണവും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഫോൺ: 9496945104, 9847819104

# പാസ്റ്റർ രാജൂ ആനിക്കാട്

## സ്റ്റേറ്റ് കൗൺസിൽ മെമ്പർ

### കോട്ടയം നിയോജക മണ്ഡലം



ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ കോട്ടയം മണ്ഡലത്തിൽനിന്നും സ്റ്റേറ്റ് കൗൺസിൽ സ്ഥാനാർത്ഥിയാണ്. കാൽ നൂറ്റാണ്ടു പിന്നിടുന്ന തന്റെ ക്രിസ്തീയ സേവനം സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമാണ്. ഇടയ പരിപാലനത്തിൽ സവിശേഷ ശൈലി സൂക്ഷിക്കുന്ന അദ്ദേഹം ഇന്ന് അറുപതോളം വർഷം പഴക്കമുള്ള ഐ.പി.സി. വൈക്കം സെന്ററിന്റെ ശുശ്രൂഷകനാണ്. മികച്ച പ്രഭാഷകൻ, എഴുത്തുകാരൻ, പത്രാധിപർ, അധ്യാപകൻ എന്നീ നിലകളിൽ ഇതിനോടകം ഐ.പി.സി.ക്കാർക്ക് സുപരിചിതനായ പാസ്റ്റർ രാജു ആനിക്കാട് കഴിഞ്ഞ മൂന്നു വർഷം സ്റ്റേറ്റ് കൗൺസിലിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ന്യൂജെൻ പ്രവണതകൾക്കെതിരെ വാമൊഴികൊണ്ടും വരമൊഴികൊണ്ടും അനുരഞ്ജനമില്ലാത്ത പോരാട്ടമാണ് നടത്തുന്നത്.

പെന്തക്കോസ്തൽ പ്രസ് കൗൺസിൽ സെക്രട്ടറി, പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇൻഡ്യ സംസ്ഥാന കൗൺസിൽ അംഗം, സീയോൻ കാഹളം പബ്ലീഷർ, റീഡേഴ്സ് ജാലകം പ്രധാന പത്രാധിപർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

നമ്മുടെ സഭയുടെ സംശുദ്ധ ഭരണത്തിനും ക്രിയാത്മക പ്രവർത്തനങ്ങളിൽ ഇടപെടുവാനും പാസ്റ്റർ രാജു ആനിക്കാടിന് ഒരു അവസരം നൽകുവാൻ എല്ലാ ദൈവമക്കളോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

## പീറ്റർ മാത്യു വല്യത്ത്

### ജനറൽ കൗൺസിലിലേക്ക്



തിരുവല്ല ടൗൺ സഭാംഗമായ പീറ്റർ മാത്യു വല്യത്ത് സാംസ്കാരിക, സാമൂഹിക രംഗത്ത് സജീവസാന്നിധ്യമാണ്. സ്റ്റേറ്റ് കൗൺസിൽ അംഗമായും ജനറൽ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം പി. വൈ. പി. എ., സണ്ടേസ്കൂൾ പ്രവർത്തനങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുള്ള മികച്ച സംഘാടകനാണ്. ഇദ്ദേഹം ദുബായിൽ ജോലി ചെയ്യുമ്പോഴാണ് ഗൾഫ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ രൂപീകരണത്തിൽ മുഖ്യപങ്കാളിയായത്. സീയോൻ കാഹളം പത്രാധിപ സമിതി അംഗമായും കേരള സ്റ്റേറ്റിൽ വിവിധ ബോർഡുകളിൽ മെമ്പറായും പ്രവർത്തിച്ചു. ഇത്തവണ ജനറൽ കൗൺസിൽ അംഗമായി നിൽക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

## സജി വെൺമണി

### ജനറൽ കൗൺസിലിലേക്ക്



ഐ. പി. സിയിലെ ഒരു സീനിയർ ശുശ്രൂഷകനായിരുന്ന വെൺമണി പാസ്റ്റർ പി. ഐ. കൊച്ചുകുഞ്ഞിന്റെ മകനും റാന്നി ഈസ്റ്റ് ഡിസ്ട്രിക്ട് ശുശ്രൂഷകനായിരുന്ന പാസ്റ്റർ റ്റി. സി. ഈശോയുടെ മരുമകനുമാണ് സജി വെൺമണി.

ഐ. പി. സി. ജനറൽ കൗൺസിൽ അംഗം, സെന്റർ കമ്മിറ്റി അംഗം, സെന്റർ സൺഡേസ്കൂൾ, ജോയിന്റ് സെക്രട്ടറി, മുൻ ലോക്കൽ സഭാ സെക്രട്ടറി എന്നീ നിലകളിൽ സ്തുത്യർഹ സേവനം അനുഷ്ഠിക്കുന്നു. കഴിഞ്ഞ 2 വർഷങ്ങളിൽ നടന്ന യൂത്ത് കൺവൻഷന് കൺവീനർ ആയി പ്രവർത്തിച്ചു. ദൈവദാസനെ വീണ്ടും ജനറൽ കൗൺസിലേക്ക് തിരഞ്ഞെടുക്കുക, പ്രാർത്ഥിക്കുക. ഐ. പി. സി. വെൺമണി നോർത്ത് ഏബൻ ഏസ്സർ സഭാംഗമാണ്.

## ബാബു അടൂർ

### സ്റ്റേറ്റ് കൗൺസിലിലേക്ക്

#### പത്തനംതിട്ട നിയോജക മണ്ഡലം



കഴിഞ്ഞ മൂന്ന് ടേമായി ഐ. പി. സി. സ്റ്റേറ്റ് അംഗമായി സ്തുത്യർഹമായി പ്രവർത്തിച്ച അനുഭവ പരിചയത്തോടെയാണ് ബാബു അടൂർ വീണ്ടും സ്റ്റേറ്റ് കൗൺസിലേക്ക് മത്സരിക്കുന്നത്. അടൂർ ഹെബ്രോൻ സഭാ സെക്രട്ടറി, അടൂർ ഈസ്റ്റ് സെന്റർ ജോയിന്റ് സെക്രട്ടറി, ഐ. പി. സി. കേരളാ സ്റ്റേറ്റ് മിഷൻ ബോർഡ് ട്രഷറർ എന്നീ നിലകളിലും സേവനമനുഷ്ഠിക്കുന്നു. സ്റ്റേറ്റ് ചാരിറ്റി ബോർഡ് ട്രഷററായും ഇവാഞ്ചലിസം ബോർഡ് ട്രഷററായും മുൻ കൗൺസിലുകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഐ. പി. സി.ക്ക് എന്നും അഭിമാനം കൊള്ളത്തക്കനിലയിൽ ഒന്നരക്കോടിയിലേറെ വിലമതിക്കുന്ന വസ്തുവകകളും സ്ഥാപനങ്ങളും ഉണ്ടാക്കിയത് തന്റെ കൂടെ ശ്രമഫലമാണ്. മികച്ച സംഘാടകനും ബിസിനസ്സുകാരനുമായ ഇദ്ദേഹത്തിന്റെ കഴിവുകൾ സഭയ്ക്ക് മുതൽക്കൂട്ടാണ്.

## പാസ്റ്റർ പി. ഇ. ചാക്കോ

### ജനറൽ സ്റ്റേറ്റ് കൗൺസിലിലേക്ക്

#### ആലപ്പുഴ നിയോജക മണ്ഡലം



ഐ. പി. സി. നൂറനാട് ഏരിയയുടെ ശുശ്രൂഷകനും ജനറൽ കൗൺസിൽ മെമ്പറുമാണ് പാസ്റ്റർ പി. ഇ. ജോർജ്ജ്. 1993 മുതൽ മധ്യപ്രദേശിൽ ബെടുവാഹ് എന്ന ആദിവാസിഗ്രാമത്തിൽ ദൈവാത്മാവ് പ്രേരിപ്പിച്ചതിനാൽ പ്രവർത്തനം ആരംഭിച്ചു. ഈ പ്രവർത്തനത്തിൽ അനേകർ ദൈവസഭയിൽ കടന്നുവരുവാൻ ഇടയായി. തുടർന്ന് ഇൻഡോറിലുമായി 9 വർഷം പ്രവർത്തിച്ചു. ഈ സമയത്ത് മധ്യപ്രദേശ് സ്റ്റേറ്റ് പി. വൈ. പി. എ. പ്രസിഡന്റ്, മധ്യപ്രദേശ് സ്റ്റേറ്റ് കൗൺസിൽ മെമ്പർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. ദീർഘവർഷങ്ങളിൽ മാവേലിക്കര ഈസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡ് ചെയർമാനായി സേവനം ചെയ്തു. അനുഗ്രഹീത യുവജനപ്രവർത്തകനും സംഘാടകനുമായ പാസ്റ്റർ പി. ഇ. ജോർജ്ജ് ആലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്ന് സ്റ്റേറ്റ് കൗൺസിലിലേക്കും ജനറൽ കൗൺസിലിലേക്കും മത്സരിക്കുന്നു. പാസ്റ്റർമാരുടെയും വിശ്വാസികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## എം. വി. ഫിലിപ്പ്

### ജനറൽ–സ്റ്റേറ്റ് കൗൺസിലിലേക്ക്

#### ആലപ്പുഴ നിയോജക മണ്ഡലം



ഐ. പി. സി. സീനിയർ ശുശ്രൂഷകനും ആലപ്പുഴ ഈസ്റ്റ് സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ എം. വി. വർഗീസിന്റെ ഇളയ മകനാണ് എം. വി. ഫിലിപ്പ്. ദീർഘവർഷങ്ങളായി സ്റ്റേറ്റ് കൗൺസിൽ അംഗമായിരിക്കുന്ന ഇദ്ദേഹം മികച്ച സംഘാടകനാണ്. തിരുവല്ല ഗ്രാഫിക്സ് ഇന്നോവേഷൻ ഉടമയായ ഇദ്ദേഹം മികച്ച ഡിസൈനറാണ്. ഐ. പി. സി. യു. പി. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ജോർജ്ജ് വി. മേക്കാട്ട് സഹോദരനാണ്. ഐ. പി. സി. കേരളാ സ്റ്റേറ്റ് പീസ് & ജസ്റ്റീസ് ബോർഡ് മെമ്പർ, സീയോൻ കാഹളം ബോർഡ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## പാസ്റ്റർ റ്റി. ഇ. വർഗീസ്

### സ്റ്റേറ്റ് കൗൺസിലിലേക്ക്

#### കൊല്ലം നിയോജക മണ്ഡലം



1992–ൽ കുവൈറ്റിലുണ്ടായിരുന്ന ജോലി രാജി വെച്ച് കുടുംബമായി നാട്ടിൽ വരികയും ദൈവീക ദർശനപ്രകാരം ചാത്തന്നൂരിൽ വേല ആരംഭിക്കുകയും ചെയ്തു. ഒരു വേലയും ഇല്ലാത്തിടത്ത് അനേക സഭകൾ സ്ഥാപിക്കുവാനും എല്ലാ സഭകൾക്കും ആവശ്യമായ സ്ഥലം വാങ്ങുവാനും ആരാധനാലയങ്ങൾ പണിയുവാനും ഇടയായിക്കൊണ്ടിരിക്കുന്നു. 1996 മുതൽ ചാത്തന്നൂർ സെന്റർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. ഇന്ന് ഐ. പി. സി. ക്ക് അഭിമാനിക്കത്തക്കവണ്ണം അനുഗ്രഹിക്കപ്പെട്ട ഒരു സെന്ററായി ചാത്തന്നൂർ സെന്റർ വളരുവാൻ ഇടയായി തീർന്നു. ഭാര്യ ജോയമ്മ വർഗീസ് 15 വർഷമായി സോദരീസമാജം ബൈബിൾ സ്കൂൾ അധ്യാപികയും സോദരീ സമാജ സജീവപ്രവർത്തകയുമാണ്. മക്കളായ സാം വർഗീസും ഡാനി വർഗീസും കർത്തൃവേലയിൽ സുഷ്കാന്തിയോടായിരിക്കുന്നു.

## ഏബ്രഹാം പി. ഐസക്

### സ്റ്റേറ്റ് കൗൺസിലിലേക്ക്

#### പത്തനംതിട്ട നിയോജക മണ്ഡലം



ദീർഘവർഷങ്ങൾ കുവൈറ്റിൽ ഉദ്യോഗസ്ഥനായിരുന്ന് മടങ്ങിയെത്തിയ ശേഷം സഭാപ്രവർത്തനങ്ങളിൽ സജീവമായ ഏബ്രഹാം പി. ഐസക് ഐ. പി. സി. കുമ്പനാട് സെന്റർ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ഓതറ ഫിലദൽഫ്യ സഭയുടെ ആരംഭകാലം മുതൽ സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു. കുമ്പനാട് സെന്ററിന്റെ ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്. കുമ്പനാട് കൺവൻഷൻ അക്കോമഡേഷൻ കമ്മിറ്റി കൺവീനറുമായിരുന്നു. ജനറൽ കൗൺസിലേക്കും സ്റ്റേറ്റ് കൗൺസിലേക്കും സ്ഥാനാർത്ഥിയാണ്.

## പാസ്റ്റർ വി. ജി. തോമസ്കുട്ടി

### ജനറൽ കൗൺസിലിലേക്ക്



കഴിഞ്ഞ 40 വർഷമായി ഐ. പി. സി.യുടെ സ്വദേശത്തും വിദേശത്തുമുള്ള വിവിധ ലോക്കൽ സഭകളിൽ ശുശ്രൂഷകനായിരുന്നു. 1998 മുതൽ സെന്റർ ശുശ്രൂഷകനായും പ്രവർത്തിക്കുന്നു. 2004 മുതൽ കുട്ടനാട് ഏരിയയുടെ ശുശ്രൂഷകനായും തിരുവല്ല ഐ. പി. സി. ഇമ്മാനുവേൽ വർഷിപ്പ് സെന്ററിലും ശുശ്രൂഷകനായിരിക്കുന്നു. സ്റ്റേറ്റ് കൗൺസിലിൽ രണ്ട് ടേം പ്രവർത്തിച്ചു. ഇപ്പോൾ ജനറൽ കൗൺസിൽ മെമ്പറും പ്രയർ & റിവൈവൽ ബോർഡ് സെക്രട്ടറിയുമാണ്. കഴിഞ്ഞ മൂന്നു വർഷമായും കുമ്പനാട് കൺവൻഷനിലെ പ്രയർ കൺവീനറുമായും പ്രവർത്തിച്ചു. എല്ലാ ബുധനാഴ്ചകളിലും കുമ്പനാട് പ്രയർ ചേമ്പറിൽ മറ്റ് കർത്തൃദാസന്മാരോടൊപ്പം ഉണർവ്വിനായി പ്രാർത്ഥിക്കുന്നു. ഐ. പി. സി. ജനറൽ കൗൺസിൽ അംഗമായി മത്സരിക്കുന്നു.

## സാം കുഴിക്കാല

### ജനറൽ കൗൺസിലിലേക്ക്



ഐ. പി. സി. കൗൺസിലുകളിൽ കാൽനൂറ്റാണ്ടുകാലം സജീവമായി പ്രവർത്തിച്ച അനുഭവ പരിചയവും സഭയുടെ വികസന പ്രവർത്തനങ്ങളിലും പ്രശ്നപരിഹാര സമിതികളിലും സുസ്ത്യർഹമായ ഇടപെടലുകളും നടത്തിയിട്ടുണ്ട്. മൂന്നു പതിറ്റാണ്ടിലേറയായി ക്രിസ്തീയ സംഗീതശുശ്രൂഷയുമായി ആയിരക്കണക്കിന് വേദികളിൽ ഗാനമാലപിച്ച സാം കുഴിക്കാല കുമ്പനാട് ജനറൽ കൺവൻഷനുകളിൽ സംഗീത ശുശ്രൂഷയിലൂടെ വിശ്വാസസമൂഹത്തെ ആത്മീയ അനുഗ്രഹത്തിലേക്ക് നയിക്കുകയും ചെയ്തിട്ടുണ്ട്. വർഷിപ്പേഴ്സ് എന്ന സുവിശേഷ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ഇന്നും ധാരാളം ക്രൂസേഡുകളും കൺവൻഷനുകളും നടത്തിവരുന്നു. ഭാരത പെന്തെക്കോസ്ത് ശതാബ്ദി സമ്മേളനത്തിന്റെ ജനറൽ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. തുടർന്നും സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കുമായി ക്രിയാത്മകമായി ഇടപെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ്.

## പാസ്റ്റർ തോമസ് മാത്യു ചാരുവേലി

### സ്റ്റേറ്റ് കൗൺസിലിലേക്ക്

#### കോട്ടയം നിയോജക മണ്ഡലം



ഐ. പി. സി. എരുമേലി സെന്റർ ശുശ്രൂഷകനും കോട്ടയം മേഖല ജോയിന്റ് സെക്രട്ടറിയുമാണ് പാസ്റ്റർ തോമസ് മാത്യു ചാരുവേലി. പി. വൈ. പി. എ. മേഖല സ്റ്റേറ്റ് തലങ്ങളിൽ നിരവധി പദവികളിൽ സ്തുത്യർഹമായി പ്രവർത്തിച്ചു. മികച്ച സംഘാടകൻ, ഉണർവ്വ് പ്രസംഗകൻ എന്നീ നിലകളിൽ അറിയപ്പെടുന്നു. സണ്ടേസ്കൂൾസ് അസോസിയേഷൻ ഡപ്യൂട്ടി ഡയറക്ടറായും പ്രവർത്തിക്കുന്നു. തുടർന്നും സ്റ്റേറ്റ് കൗൺസിൽ അംഗമായി സഭയുടെ ഭരണകാര്യങ്ങളിൽ ക്രിയാത്മകമായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു.

## പാസ്റ്റർ ജോയി ഗീവർഗീസ്

### സ്റ്റേറ്റ് കൗൺസിലിലേക്ക്

#### മലപ്പുറം നിയോജക മണ്ഡലം



ഐ. പി. സി. മലപ്പുറം സെന്റർ ശുശ്രൂഷകനായ പാസ്റ്റർ ജോയി ഗീവർഗീസ് ഇലക്ട്രോണിക്സ് സിവിൽ എഞ്ചിനീയറിംഗ് പാസ്സായി മഹാരാഷ്ട്രയിൽ ജോലിയിലായിരിക്കുമ്പോഴാണ് സുവിശേഷ വേലയ്ക്കായി ദൈവീകവിളി ലഭിച്ചപ്പോൾ ജോലി രാജിവെച്ച് വേദപഠനത്തിനു ശേഷം പല സ്ഥലങ്ങളിൽ സുവിശേഷവേല ചെയ്യുവാനും സഭകൾ ആരംഭിക്കുവാനും അനേക സഭകൾക്ക് ഭൗതികമായി കൈതാങ്ങൽ കൊടുക്കുവാനും ദൈവം സഹായിച്ചു. ഐ. പി. സി. മാവേലിക്കര ഈസ്റ്റ് സെന്റർ ഇവാഞ്ചലിസം ബോർഡ് സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ഗിൽഗാൽ ബൈബിൾ ഇൻസ്റ്റിട്യൂട്ടിന്റെ ഡയറക്ടർ, പ്രയർ മിനിസ്ട്രീസിന്റെ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിക്കുന്നു. ഐ. പി. സി.യുടെ ബഹുമുഖ വളർച്ചയ്ക്ക് ആത്മീകവും ഭൗതികവുമായി പ്രവർത്തിക്കുവാനും സഹായം അർഹിക്കുന്നവരെ സഹായിക്കുവാനും ആഗ്രഹിക്കുന്നു.

## പാസ്റ്റർ ബെഞ്ചമിൻ ഡാനിയേൽ

### സ്റ്റേറ്റ് കൗൺസിലിലേക്ക്

#### പത്തനംതിട്ട നിയോജക മണ്ഡലം

ഐ. പി. സി. കുമ്പനാട് സെന്റർ സെക്രട്ടറിയായ പാസ്റ്റർ ബെഞ്ചമിൻ ഡാനിയേൽ 24 വർഷമായി സഭാശുശ്രൂഷകനാണ്. ഐ. പി. സി. മിനിസ്റ്റേഴ്സ് റിട്ടയർമെന്റ് പ്രൊജക്ടിന്റെ കോർഡിനേറ്ററുമായ ഇദ്ദേഹം ഗുജറാത്ത്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. അനുഗ്രഹീത വേദാദ്ധ്യാപകനും പ്രസംഗകനുമായ ഇദ്ദേഹം ഇപ്പോൾ ചുഴനശാലേം സഭയിൽ ശുശ്രൂഷിക്കുന്നു. കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജിലും MA കഴിഞ്ഞ് ജോലിയിലായിരിക്കുമ്പോഴാണ് കർത്തൃവേലയ്ക്കായി സമർപ്പിക്കുകയും ജോലി രാജി വെച്ച് വേദശാസ്ത്രത്തിൽ ബിരുദം എടുത്തത്.

# ഉറച്ച നിലപാടുകളുമായി പാസ്റ്റർ ഫിലിപ്പ് പി. തോമസ് സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനത്തേക്ക്

**ഖ**ത്തറിലെ കെമിസ്റ്റ് ഉദ്യോഗവും അമേരിക്കൻ പൗരത്വവും വേണ്ടെന്നു വെച്ച് കേരളത്തിൽ പ്രാദേശിക സഭാ ശുശ്രൂഷകൻ മുതൽ സ്റ്റേറ്റ് സെക്രട്ടറി സ്ഥാനം വരെ ശുശ്രൂഷാ പദവിയായി കണ്ട് ക്രമീകൃതമായി ഉയർന്നുവന്ന സഭാ നേതാവാണ് പാസ്റ്റർ ഫിലിപ്പ് പി. തോമസ്. ഐ. പി. സി.യുടെ മുൻ ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വി. റ്റി. തോമസിന്റെ കൊച്ചുമകനും പാസ്റ്റർ പി. പി. തോമസിന്റെ മകനുമായ ഫിലിപ്പ് പി. അമേരിക്കയിലെ സിയാറ്റിൻ ബൈബിൾ കോളജിൽ നിന്നും വേദശാസ്ത്രത്തിൽ ബിരുദവും സിംഗപൂർ ഹഗ്ഗായി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലീഡർഷിപ്പ് കോഴ്സും പൂർത്തിയാക്കിയിട്ടുണ്ട്. എഴുത്തുകാരൻ, പ്രഭാഷകൻ, വേദാധ്യാപകൻ എന്നീ നിലകളിൽ ശോഭിക്കുന്ന ഫിലിപ്പ് പി. ദുരുപദേശങ്ങളെ ഖണ്ഡിച്ചു നടത്തുന്ന പ്രഭാഷണങ്ങൾ പ്രസിദ്ധമാണ്. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആലപ്പുഴ വെസ്റ്റ് സെന്ററിൽ പള്ളിച്ചിറ സഭയുടെ പാസ്റ്ററായി ശുശ്രൂഷ ആരംഭിച്ചു. സെന്റർ ജോയിന്റ് സെക്രട്ടറി, സെക്രട്ടറി, 1996 മുതൽ 2011 വരെ എറണാകുളം സെന്റർ ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. 17 സഭകൾ മാത്രമുണ്ടായിരുന്ന എറണാകുളം സെന്ററിനെ 32 സഭകളാക്കി വളർത്തുന്നതിൽ ഗണ്യമായ പങ്കു വഹിച്ച ഈ കർത്തൃദാസൻ അടൂർ ഈസ്റ്റ് സെന്ററിന്റെ ശുശ്രൂഷകനായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.



പി. വൈ. പി. എ. പ്രസിഡന്റ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, സ്റ്റേറ്റ് സെക്രട്ടറി എന്നീ നിലകളിലൊക്കെ പ്രവർത്തിച്ച ഫിലിപ്പ് പി. യുടെ സഹധർമ്മിണി ഐ. പി. സിയിൽ മൂന്നാം തലമുറക്കാരിയാണ്.

പൊതുവെ മിതഭാഷിയും ഘനശാലിയുമായ ഫിലിപ്പ് പി. ഏറെ ശ്രദ്ധിക്കപ്പെടുന്നത് കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി പെന്തെക്കോസ്ത് സഭകളിലേക്ക് ചില നേതാക്കന്മാരുടെ അനുഗ്രഹ ആശിസ്സുകളോടെ ചേക്കേറിയ ദുരുപദേശക സംഘത്തെ നേരിടുന്നതിലൂടെയാണ്. നേതൃനിരയിൽ നിന്ന് വോട്ട് ബാങ്കുകളെ ഭയന്ന് പലരും കർശന നിലപാട് സ്വീകരിക്കുന്നതിൽ വിമുഖത കാട്ടിയപ്പോൾ പാസ്റ്റർ ഫിലിപ്പ് പി. തോമസ് ഒരു ഒറ്റയാനായി ആഞ്ഞടിച്ച് അത്തരക്കാരെ ഐ. പി. സി. വേദികളിൽ നിന്നും തുരത്തി. നിർണ്ണായകമായ ഒരു തീരുമാനത്തിലൂടെ ഇടത്തൂട്ടുകാരെ ഐ. പി. സിയുടെ കൺവൻഷൻ സ്റ്റേജുകളിൽ നിന്നും വിലക്കുവാൻ കൗൺസിലിനെക്കൊണ്ട് തീരുമാനം എടുപ്പിക്കുന്നതിൽ കാർക്കശ നിലപാടെടുത്തു. തുടർന്ന് ഐ. പി. സി. സ്റ്റേറ്റ് കൗൺസിലിന്റെ വഴിയെ ചർച്ച് ഓഫ് ഗോഡും ശാരോനും ഇതേ തീരുമാനം നടപ്പിലാക്കുകയുണ്ടായി.

ഐ. പി. സി.യെ അനധികൃത സമ്പന്നലോബി ഹൈജാക്ക് ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉപദേശ തല്പരരെയും സാധാരണക്കാരെയും കൂടെ നിർത്തിക്കൊണ്ട് ഫിലിപ്പ് പി. നയിക്കുന്ന ടീം കപടഭക്തിക്കും ഇടത്തൂട്ടുകൾക്കുമുള്ള പെന്തെക്കോസ്ത് ബദലാണ്.

ഐ. പി. സി. തെരഞ്ഞെടുപ്പ് പ്രക്രിയകൾ സങ്കീർണ്ണമാക്കിക്കൊണ്ട് കുമ്പനാട് ആസ്ഥാനത്ത് നടന്നുകൊണ്ടിരുന്ന കേന്ദ്രീകൃത തെരഞ്ഞെടുപ്പ് രീതി ഏറെ മാധ്യമ വിമർശനം ഏറ്റുവാങ്ങുന്നതും പൊതുജന സമക്ഷം ഐ. പി. സി. ഏറെ ആക്ഷേപിക്കപ്പെടുന്നതുമായ സ്ഥിതി വിശേഷം ഉണ്ടാക്കിയിരുന്നു. മണ്ഡലാടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പോടെ ഈ ദുഷ്പ്പേര് ഒട്ടൊക്കെ പരിഹരിക്കാനാവും. അതിനു ഫിലിപ്പ് പി. വഹിച്ച നേതൃത്വപരമായ പങ്ക് ശ്രദ്ധേയമാണ്.

തന്റെ മൂന്നു മക്കളും പിതാവിന്റെ കാലടികളെ പിന്തുടർന്ന് വിവിധ രാജ്യങ്ങളിൽ യുവജന സംഘടനകളിലും സഭയുടെ വിവിധ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം വഹിക്കുന്നു.

രാഷ്ട്രീയക്കാരെപോലും വെല്ലുന്ന കുതന്ത്രങ്ങളിലൂടെ സഭാ പദവികൾ പിടിച്ചെടുക്കാൻ ചിലർ കരുനീക്കങ്ങൾ നടത്തുമ്പോൾ ലാളിത്യ ബോധമുള്ള പരമ്പരാഗത പെന്തെക്കോസ്തുകാരനായിരിക്കാനാണ് പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ താൽപര്യം. ഉപദേശ വിശുദ്ധിയിലും ദൈവസഭ നിലനിൽക്കുവാൻ **പാസ്റ്റർ ഫിലിപ്പ് പി. തോമസ്** ആയിരിക്കട്ടെ ഐ. പി. സിയുടെ അടുത്ത **സ്റ്റേറ്റ് പ്രസിഡന്റ്**.

# ഐ. പി. സി. ജനറൽ ട്രഷറർ സ്ഥാനത്തേക്ക് ബ്രദർ സജി പോൾ

**ക**ഴിഞ്ഞ മൂന്നു വർഷം ഐ. പി.സി സംസ്ഥാന കൗൺസിലിൽ നിന്ന് നിയമിക്കപ്പെട്ട ബോർഡുകളിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ചത് സജി പോൾ നേതൃത്വം നൽകിയ ഇവാഞ്ചലിസം ബോർഡാണ്. മൂന്നു വർഷം കൊണ്ട് 20 ലക്ഷം ട്രാകറ്റുകൾ അച്ചടിച്ച് വിതരണം ചെയ്തു. ഐ.പി.സിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഭരണസംവിധാനത്തിന്റെ ചുമതലയിൽ ഇത്ര ക്രമീകൃതവും സംഘടിതമായ നിലയിൽ സുവിശേഷീകരണ പ്രവർത്തനങ്ങൾ നിരന്തര സുവിശേഷീകരണ പ്രോഗ്രാമുകൾ എന്നിങ്ങനെ ഇവാഞ്ചലിസം ബോർഡ് മൂന്നു വർഷം കൊണ്ട് 30 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തിയത്.

കോട്ടയം മൂലേടം സഭാംഗവും ഇന്ത്യയിലും വിദേശത്തുമായി മൂവായിരത്തോളം ജീവനക്കാരുള്ള ബിസിനസ്സ് സാമ്രാജ്യത്തിന്റെ ഉടമയായ സജി പോൾ ഐ. പി. സി സംസ്ഥാന കൗൺസിലേക്ക് വന്നപ്പോൾ സംശയിച്ചവരുണ്ട്. എന്നാൽ മികച്ച പ്രവർത്തനത്തിലൂടെ അദ്ദേഹം സഭാഭരണരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു. ഇവാഞ്ചലിസം ബോർഡിൽ മാത്രമല്ല കഴിഞ്ഞ കുമ്പനാട് കൺവൻഷനിൽ സൗജന്യഭക്ഷണവിതരണത്തിന്റെ ഉത്തരവാദിത്വവും അദ്ദേഹത്തിനായിരുന്നു. 43 ലക്ഷം രൂപ മുടക്കി ഒരു ലക്ഷത്തി ഇരുപതിനായിരം പേർക്കാണ് ഭക്ഷണം വിളമ്പിയത് (8 ദിവസമായി) ഇതിനായി സഭ അനുവദിച്ച 25 ലക്ഷം കഴിഞ്ഞുള്ള മുഴുവൻ തുകയും സ്വയമായി വഹിക്കുകയായിരുന്നു. നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്കും ചുമൽ കൊടുക്കുന്ന ഇദ്ദേഹം കോട്ടയം തിയോളജിക്കൽ സെമിനാരി, പവർവിഷൻ ചാനൽ എന്നീ പ്രവർത്തനങ്ങളിലും നേതൃനിരയിൽ സജീവമായി പ്രവർത്തിക്കുന്നു.

നടക്കുവാൻ പോകുന്ന ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പിൽ ജനറൽ ട്രഷറർ സ്ഥാനത്തേക്ക് സ്ഥാനാർത്ഥിയാകുവാൻ താൽപ്പര്യപ്പെടുന്ന സജി പോൾ സുവിശേഷീകരണ-സഭാ വളർച്ച സാധ്യതകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഒട്ടനവധി പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. സഭയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും ദർശനവും അദ്ദേഹം പങ്കു വയ്ക്കുന്നു.

**? ജനറൽ ട്രഷറാർ സ്ഥാനത്ത് എത്തിയാൽ എന്തായിരിക്കും പ്രവർത്തനപദ്ധതികൾ**

*ഉത്തരം:* മറ്റുള്ളവർ കണ്ടെത്തുന്ന പണം ചെക്കെഴുതി നൽകാൻ മാത്രമുള്ള ഒരു ട്രഷറാറായിരിക്കുവാനല്ല താൽപ്പര്യപ്പെടുന്നത്. കൃത്യമായ പദ്ധതികൾ ഉണ്ടാക്കുക, ഫണ്ട് കണ്ടെത്തുക, ക്രമീകൃതമായ നിലയിൽ നടപ്പിലാക്കുക എന്നിവയായിരിക്കും എന്റെ പ്രവർത്തനപദ്ധതി.



**? എന്തായിരിക്കും മുൻഗണനാ വിഷയങ്ങൾ?**

*ഉത്തരം:* സംശയിക്കേണ്ട-സുവിശേഷീകരണവും സഭാവളർച്ചയുമായിരിക്കും പ്രഥമ പരിഗണനാ വിഷയങ്ങൾ. ഒരു ദിവസം പുതിയ സഭ വെച്ച് 365 സഭകൾ ഒരു വർഷം കൊണ്ട് സ്ഥാപിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ മാത്രമല്ല, സമീപരാജ്യങ്ങളായ ശ്രീലങ്ക, സിംഗപ്പൂർ, മ്യാൻമർ, ഫിലിപ്പൈൻസ് എന്നിവിടങ്ങളിലേക്കും സഭാ പ്രവർത്തനത്തിന് മിഷനറിമാരെ അയയ്ക്കുന്ന പ്രസ്ഥാനമായി ഐ.പി.സി യെ മാറ്റും.

**? എങ്ങനെ പണം കണ്ടെത്തും?**

*ഉത്തരം:* ഐ.പി.സി ക്ക് ലോകമെങ്ങുമായി ഇപ്പോൾ എണ്ണായിരം സഭകളുണ്ട്. സുവിശേഷവേലയെ സ്നേഹിക്കുന്നവരും സഭയ്ക്ക് വേണ്ടി പണം നൽകാൻ തയ്യാറായവരുമാണ് സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും. നമ്മുടെ പരാജയം ഫണ്ട് ഇല്ലെന്നതല്ല, അത് കണ്ടെത്തി ശേഖരിച്ച് വിശ്വസ്തമായി ചിലവഴിക്കാൻ സംവിധാനമില്ലാത്തതാണ്. വെറും 250 അംഗങ്ങൾ മാത്രമുള്ള കോട്ടയം തിയോളജിക്കൽ സെമിനാരി സംവിധാനത്തിന് കഴിഞ്ഞ 6 വർഷം സെക്രട്ടറിയായി ഞാൻ നേതൃത്വം നൽകി. ഇന്ന് 30 കോടി രൂപയിലധികം മൂലധനമുള്ള പ്രസ്ഥാനമാണത്.

ഞാൻ ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ടാൽ സഭയെ നിരന്തരം സഹായിക്കുന്ന സഭാംഗങ്ങളായ 5000 പേരെ കണ്ടെത്തും. ചെറിയ തുകയാണെങ്കിലും ഒന്നിച്ചു വരുമ്പോൾ സഭയുടെ പ്രൊജക്ടുകൾക്ക് ആവശ്യമുള്ളത് അതിൽ നിന്ന് ലഭിക്കുമെന്നാണ് എന്റെ ഉറപ്പ്.

സിസ്റ്റമാറ്റിക്കായ ഓഫീസ് സംവിധാനം, കൃത്യമായ കറസ്പോണ്ടൻസ്, പണം നൽകുന്നവർക്ക് അത് എപ്രകാരം ചിലവഴിപ്പെടുന്നു എന്ന് നിരന്തരം അറിയുവാനുള്ള സുതാര്യമായ സംവിധാനം-ഇതാണ് എന്റെ സ്വപ്നം.

**? ബിസിനസ്സുകാരനായ താങ്കൾ സഭാഭരണരംഗത്ത് എങ്ങനെ വിജയിക്കുവാനാണ്**

*ഉത്തരം:* എന്റെ ബിസിനസ്സ് വളർച്ചയെല്ലാം ദൈവം നൽകിയതാണ്. ദൈവം എനിക്ക് നൽകിയ അറിവുകളും പ്രവർത്തനപരിചയവും നന്മകളും ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുക എന്നതാണ് എന്റെ ലക്ഷ്യം. വെറുതെ പേരിനും പ്രശസ്തിക്കും വേണ്ടിയാണ് ഞാൻ സഭാനേതൃത്വത്തിൽ പ്രവർത്തിക്കുന്നതെന്ന് പ്രചരിപ്പിക്കുന്നവരുണ്ട്. എന്നാൽ ഞാൻ തുറന്നു പറയട്ടെ – ഞാൻ സഭാരംഗത്തും സുവിശേഷീകരണപ്രവർത്തനങ്ങൾക്കും ജീവകാരുണ്യരംഗത്തും മുടക്കിയ പണത്തിന്റെയും സമയത്തിന്റെയും ചെറിയൊരു ഭാഗം പൊതുരംഗത്ത് മുടക്കിയാൽ വലിയ പബ്ലിസിറ്റിയും മാന്യതയുമൊക്കെ വില കൊടുത്ത് വാങ്ങാം. എന്നാൽ എന്റെ ലക്ഷ്യം അതല്ല. കഴിഞ്ഞാൽ നാല്പ്പതിലേറെ വർഷം ഞാൻ ഉൾപ്പെട്ടു നില്ക്കുന്ന ഐ.പി.സി പ്രസ്ഥാനം, എന്റെ മാതാപിതാക്കൾ അംഗങ്ങളായിരിക്കുന്ന സഭ, അതിന്റെ വളർച്ച, ദൈവദാസന്മാരുടെ ഉന്നമനം, സുവിശേഷീകരണം ഇതൊക്കെയാണ് എന്റെ ഈ രംഗത്ത് സജീവമാകാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ.

**? മറ്റെന്തൊക്കെ കാര്യങ്ങൾ ട്രഷറാർ എന്ന നിലയിൽ പ്രതീക്ഷിക്കാം**

*ഉത്തരം:* ഇപ്പോൾ പാസ്റ്റർ ജേക്കബ് ജോൺ എന്ന ഏക വ്യക്തിയുടെ പരിശ്രമഫലമായി വലിയ ഒരു മുന്നേറ്റം കുമ്പനാട് ഉണ്ടായിട്ടുണ്ട്. ആ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകണം. ശുശ്രൂഷകന്മാരുടെ ക്ഷേമത്തിനായി അടിയന്തിരമായി ഇൻഷുറൻസ് പോലെയുള്ള മികച്ച ചില പ്രോജക്ടുകൾ ഏർപ്പെടുത്തണം. പീഢിപ്പിക്കപ്പെടുന്ന ലോക്കൽ സഭകൾക്കും സുവിശേഷകർക്കും അടിയന്തിര നിയമസഹായവും സാമ്പത്തിക സഹായവും എത്തിക്കാനുള്ള സ്ഥിരം സംവിധാനം ഉണ്ടാകണം.

**? സംസ്ഥാന തിരഞ്ഞെടുപ്പാണല്ലോ എന്താണ് ജനത്തോട് പറയുവാനുള്ളത്**

*ഉത്തരം:* ജനറൽ ട്രഷറർ ആകുന്നതിന്റെ ആദ്യപടി കേരളത്തിൽ നിന്ന് ജനറൽ കൗൺസിൽ അംഗമാകുക എന്നതാണ്. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഞാൻ പ്രതീക്ഷിക്കുന്നു.

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് 88 – ാമത് ബിരുദദാന ശുശ്രൂഷ



ഗ്രാഡുവേറ്റ്സിന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നു

**മുളക്കുഴ:** ഇൻഡ്യാ ദൈവസഭയുടെ വിദ്യാഭ്യാസ വിഭാഗത്തിന്റെ വിവിധ ബൈബിൾ കോളജുകളുടെയും മൗണ്ട് സീയോൻ തിയോളജിക്കൽ സെമിനാരിയുടെയും 88–ാമത് ബിരുദദാന ശുശ്രൂഷ റോബർട്ട് എഫ് കുക്ക് ആഡിറ്റോറിയത്തിൽ വച്ച് മാർച്ച് 24ന് നടന്നു.

എഡ്യൂക്കേഷൻ ഡയറക്ടർ പാസ്റ്റർ ജോൺസൺ ഡാനിയേലിന്റെ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ സാം റ്റി. ജോർജ്ജ് പ്രാർത്ഥിച്ചു ആരംഭിച്ചു. സെമിനാരി ക്വയർ ആരാധനകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർ പി. സി. ചെറിയാൻ സങ്കീർത്തനം വായിച്ചു. രജിസ്ട്രാർ പാസ്റ്റർ ഷിബു കെ. മാത്യു സ്വാഗതം ആശംസിച്ചു. പാസ്റ്റർ ജോൺസൺ ഡാനിയേൽ 2 തെസ്സ.2:10,11 ആസ്പദമാക്കി പ്രബോധിപ്പിച്ചു. ബെഥേൽ ലേഡീസ് ബൈബിൾ സ്കൂളിലെ ഗ്രാഡുവേറ്റ്സ് ചേർന്ന് ഗാനം ആലപിക്കുകയും അതിനോടൊപ്പം സിസ്റ്റർ അഞ്ജലി കിഷോർ പ്രതിനിധിയായി പ്രസംഗിച്ചു. (അപ്പൊ. 1:8). ഗ്രാഡുവേറ്റ്സിനെ പ്രതിനിധീകരിച്ചു ബ്രദർ അവിനാശ് കുമാർ പ്രസംഗിച്ചു. പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (ചീഫ് ഗസ്റ്റ്, അമേരിക്ക) ഗ്രാഡുവേഷൻ മെസേജ് നൽകി. തുടർന്ന് പാസ്റ്റർ വിനോദ് ജേക്കബ് പ്രാർത്ഥിച്ചു. ഗ്രാഡുവേറ്റ്സിന് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെ. ജെയിംസ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകി.

# പി. വൈ. പി. എ സ്പോർട്സ് സമാപിച്ചു : കുമ്പനാട് ഹെബ്രോൻ പി. വൈ. പി. എ ജേതാക്കൾ



**കുമ്പനാട്:** പി. വൈ. പി. എ കുമ്പനാട് സെന്ററിന്റെ ആഭിമുഖ്യത്തിൽ 24–ാം തീയതി വ്യാഴാഴ്ച്ച ഇരവിപേരൂർ ഒ. ഇ. എം. പബ്ലിക് സ്കൂൾ ഗ്രൗണ്ടിൽ വെച്ച് സ്പോർട്സ് നടത്തപ്പെട്ടു. കുമ്പനാട് സെന്റർ പി. വൈ. പി. എ പ്രസിഡന്റ് ബ്രദർ ജെസ്റ്റിൻ നെടുവേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഐ. പി. സി. കേരള സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ സ്പോർട്സ് ഉദ്ഘാടനം ചെയ്തു. പി. വൈ. പി. എ കേരളാ സ്റ്റേറ്റ് പ്രസിഡന്റ് ബ്രദർ സുധി ഏബ്രഹാം കല്ലുങ്കൽ സ്പോർട്സ് ഫ്ളാഗ് ഓഫ് ചെയ്തു. പാസ്റ്റർ എബ്രഹാം വർഗ്ഗീസ് സ്വാഗതം അറിയിച്ചു. 180–ൽ പരം യുവജനങ്ങൾ പി. വൈ. പി. സ്പോർട്സിൽ പങ്കെടുത്തു. പി. വൈ. പി. എ കുമ്പനാട് സെന്റർ സെക്രട്ടറി പാസ്റ്റർ. ബ്ലെസൺ കുഴിക്കാല പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. കുമ്പനാട് സെന്റർ ജോയിന്റ് സെക്രട്ടറി ബ്രദർ ഫിന്നി ഫിലിപ്പ് യുവജനങ്ങളോട് സ്പോർട്സ് നിയമങ്ങൾ അറിയിച്ചു. കുമ്പനാട് ഹെബ്രോൻ പി. വൈ. പി എ , വെണ്ണിക്കുളം എബനേസർ പി. വൈ. പി. എ, ഫെയ്ത്ത് സെന്റർ,ചെങ്ങന്നൂർ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പാസ്റ്റർ നൈനാൻ പി. മാത്യൂസ് സ്പോർട്സിന് നേതൃത്വം നൽകി. പി. വൈ. പി. കുമ്പനാട് സെന്റർ ട്രഷറാർ ബ്രദർ നെവിൻ മാങ്ങാട്ട് നന്ദി അറിയിച്ചു. കോയിപ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബ്രദർ മോൻസി കിഴക്കേടത്ത് , ഗ്രാമപഞ്ചാത്ത് മെമ്പർമാരായ ബ്രദർ ജോൺ ചാണ്ടി, ശ്രീമതി. സാലി ജേക്കബ്, പാസ്റ്റേഴ്സ് സജി ജോർജ്, ജെയ്സൺ കെ. സാം, ബ്രദർ ജോജി റ്റി. മാത്യു, ബ്രദർ ഡാനിയേൽ കുമ്പനാട്,ബ്രദർ സിജോ ഇടയാറന്മുള, ബ്രദർ റെയ്സൺ എബ്രഹാം, ബ്രദർ ജിജോ ആറന്മുള, ബ്രദർ സാമുവേൽ ജോർജ്, ബ്രദർ റ്റിജിൻ സി. തങ്കച്ചൻ, ബ്രദർ റോബിൻ കുഴിക്കാല, ബ്രദർ ഷെർവിൻ മാത്യൂസ്, ബ്രദർ ജോയൽ വള്ളംകുളം, ബ്രദർ റിജോ വള്ളംകുളം എന്നിവർ പ്രസംഗിച്ചു.

## 12 അത്ഭുതങ്ങളുടെ ദൈവം എന്റെ...

12

ൽ പറഞ്ഞ് അച്ചൻ ഫോൺ വച്ചു.

ഞാൻ അന്നുതന്നെ സഹോദരന്മാരെ കൂട്ടി ആ ഭവനത്തിൽ ചെന്നു.

മൂന്നുമാസമായി ഉറക്കഗുളിക കഴിച്ചിട്ടുപോലും ഉറങ്ങുവാൻ സാധിക്കാതെ എല്ലും തോലുമായ ഒരു മനുഷ്യൻ. ഞാൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. അന്നുരാത്രി അയാൾ സുഖമായി ഉറങ്ങി. പിറ്റേ ഞായറാഴ്ച മുതൽ ആ കുടുംബം ഞങ്ങളുടെ സഭയിൽ അംഗമായി.

മറ്റു സമൂഹങ്ങളിൽ നിന്ന് ഇപ്പോൾ നമ്മുടെ സഭകളിലേക്ക് ആളുകൾ വരുന്നില്ല എന്നാണ് പൊതുവിലുള്ള പരാതി. എന്നാൽ ഞാനിപ്പോൾ ശുശ്രൂഷിക്കുന്ന കുഴിക്കാല സഭയിലേക്കും ഈ അടുത്തകാലത്ത് രണ്ടുകുടുംബങ്ങൾ സ്നാനമേറ്റ് വന്നു.

? സൈൻബോർഡ് ഇവാഞ്ചലിസത്തെക്കുറിച്ച്?

സാധാരണ സഭാ ശുശ്രൂഷകർ ലോക്കൽ സഭയുടെ കാര്യങ്ങൾ നോക്കി ഒതുങ്ങിക്കൂടുകയാണ് പതിവ്. എന്നാൽ 1984–ൽ വയനാട് വൈത്തിരിയിൽ താമസിച്ച് പ്രവർത്തിക്കവെയാണ് സൈൻബോർഡ് സ്ഥാപിക്കുന്നതിനെക്കുറിച്ച് എനിക്ക് ദർശനം ലഭിച്ചത്. പ്രധാന റോഡുകളിൽ പലയിടത്തും സൈൻബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്നേഹിതനെ കൊന്ന് ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ച 27 വയസ്സുള്ള യുവാവ് വള്ളംകുളത്ത് ആത്മഹത്യക്കെതിരെ വച്ചിരുന്ന ബോർഡ് വായിച്ച് മാനസാന്തരത്തിലേക്ക് നയിക്കപ്പെട്ട് എന്നെ ഫോൺ ചെയ്തത് മറക്കാനാവില്ല. ധാരാളം ഭീഷണികോളുകളും വരാറുണ്ട്.

? താങ്കൾ വീണ്ടും കൗൺസിൽ അംഗമായി മത്സരിക്കുന്നു. എന്താണ് വോട്ടർമാരോട് പറയാനുള്ളത്?

"ആത്മീയരായ ദൈവദാസന്മാരും പക്വതയോടെ കാര്യങ്ങൾ ചെയ്യുന്നവരും കൗൺസിലിൽ വരണം. കഴിഞ്ഞ മൂന്നു ടേം ഞാൻ കൗൺസിൽ അംഗമായിരുന്നു. ഭരണഘടനാ ഭേദഗതി സമിതിയിലും പ്രവർത്തിച്ചു. ക്രിയാത്മകമായി ഭരണകാര്യങ്ങളിൽ ഇടപെടുവാൻ ദൈവം ഇടയാക്കി. തുടർന്നും അതേ സ്ഥാനത്തേക്ക് നോമിനേഷൻ നൽകിയിരിക്കുന്നു. എല്ലാ കർതൃദാസന്മാരുടെയും സഭാ പ്രതിപുരുഷന്മാരുടെയും സഹകരണം പ്രതീക്ഷിക്കുന്നു."

# ഏകദിന സെമിനാർ

**പുല്ലാട്:** വൈ.പി.ഇ. മല്ലപ്പള്ളി ഡിസ്ട്രിക്ട് ഏകദിന സെമിനാർ ഏപ്രിൽ 9 ന് കുറുങ്ങഴ ചർച്ച് ഓഫ് ഗോഡിൽവെച്ചു നടന്നു. പാസ്റ്റർ വൈ. ജോസ്(ഡിസ്ട്രിക്ട് പാസ്റ്റർ) ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജെയ്സ് പാണ്ടനാട്, ബ്രദർ ജോബി കെ.സി. എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസെടുത്തു. ബ്രദർ എബി ഈപ്പൻ, പാസ്റ്റർ കെ.വി. ഗീവർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി.

# പ്രിസൺ ഫെല്ലോഷിപ്പ് കേരള

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച പ്രിസൺ കേരള ഫെല്ലോഷിപ്പ് കേരള പത്തു വർഷം പിന്നിടുകയാണ്. ഇതോടനുബന്ധിച്ച് പി. എഫ്. കെ. ഒരുക്കുന്ന ദശവാർഷിക സമ്മേളനം 2016 മെയ് 8ന് വൈകുന്നേരം 5 മണി മുതൽ ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന സമ്മേളനത്തിൽ ശ്രീ. ഋഷിരാജ്സിംഗ് ഐ. പി. എസ്(ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്) ഉദ്ഘാടനം ചെയ്യുന്നതാണ്. സിസ്റ്റർ ലിഡിയ പാറക്കടവ്(തിരുവനന്തപുരം) സന്ദേശം നൽകുന്നതാണ്. കേരളത്തിലെ ജയിലുകളിൽ ധാർമ്മിക, സാമൂഹിക, ആത്മീയ ബോധവൽക്കരണ ക്ലാസുകളും കൗൺസിലിംഗും– സെൻട്രൽ ജയിലുകൾ, വനിതാ ജയിലുകൾ, തുറന്ന ജയിൽ എന്നിവിടങ്ങളിൽ ആരാധനകളും– തടവുകാർക്കും അവരുടെ കുടുംബങ്ങൾക്കുമിടയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളും, മദ്യത്തിനും ലഹരി ഉപയോഗങ്ങൾക്കുമെതിരെ ബോധവൽക്കരണ പരിപാടികളും വീഡിയോ പ്രദർശനങ്ങളും നടത്തിവരുന്നു പ്രിസൺ ഫെലോഷിപ്പ് .



# ജോർജ്ജിയാ യൂത്ത് ഫെലോഷിപ്പിന് പുതിയ സാരഥികൾ



**അറ്റ്ലാന്റാ:** ജോർജ്ജിയ സംസ്ഥാനത്തുള്ള അറ്റ്ലാന്റാ പട്ടണത്തിലെ പെന്തെക്കോസ്ത് യുവജനങ്ങളുടെ ഐക്യവേദിയായ ജോർജ്ജി യ യൂത്ത് ഫെലോഷിപ്പിന്റെ 2016–ലെ പ്രവർത്തനങ്ങൾക്കായുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

റിച്ചാർഡ് ജോർജ്ജ് (പ്രസിഡന്റ്), ബിനോ ഫിലിപ്പ് (സെക്രട്ടറി), ജിമ്മി ജോർജ്ജ് (ട്രഷറർ), റോണി സാമുവേൽ, ബോവസ് സഖറിയ, റോഷ് സാമുവേൽ (ബോർഡ് മെമ്പർ), അറ്റ്ലാന്റാ പട്ടണത്തിലുള്ള വിവിധ സഭകളുടെ സഹകരണത്തോടെ നടക്കുന്ന പെന്തെക്കോസ്ത് യുവജനങ്ങൾക്ക് ഒന്നിച്ചുകൂടി ദൈവത്തെ ആരാധിക്കുവാനുള്ള ക്രമീകരണങ്ങളാണ് ജി. വൈ. എഫ് ഭാരവാഹികൾ ഒരുക്കിക്കൊണ്ടിരിക്കുന്നത്. വർഷിപ്പ് നൈറ്റ് (മലയാളം, ഇംഗ്ലീഷ്), ഏകദിന കൺവൻഷൻ, സ്പോർട്സ് (ബാസ്കറ്റ് ബോൾ, വോളിബോൾ), വാർഷിക കൺവൻഷൻ എന്നീ പ്രോഗ്രാമുകൾ നടത്തുമെന്ന് പ്രസിഡന്റ് റിച്ചാർഡ് ജോർജ്ജ് അറിയിച്ചു.

## 11 സൂര്യനിലെ അടയാളം.....

11

ഇന്റർനെറ്റും ഫോണും ഒന്നുമില്ലാതെ ആകശത്തിലെ സകല ഉപഗ്രഹങ്ങളും നിശ്ചലമായി മാറുന്നത് ആർക്കും ചിന്തിക്കാൻ കഴിയില്ല. അതുകൊണ്ട് സൂര്യനിൽ നിന്ന് ബഹിരാകാശത്തേക്ക് പ്രവഹിക്കാൻ പോകുന്ന കാന്തി കോർജ്ജ കണങ്ങളിൽ നിന്ന് ഉപഗ്രഹങ്ങളെ രക്ഷിക്കാനുള്ള തീവ്രശ്രമത്തിലാണ് ഓരോ രാജ്യങ്ങളിലെയും ശാസ്ത്രജ്ഞർ. നാം അറിയുന്നില്ലെങ്കിലും ഇടയ്ക്കിടെ സൂര്യന്റെ കാന്തിക മണ്ഡലത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ പലപ്പോഴും നമ്മുടെ പല ഉപഗ്രഹങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കാറുണ്ട്. ഉപഗ്രഹങ്ങളെ 'സേഫ് മോഡി'ൽ ആക്കിയും ട്രാൻസ്ഫോർമറിൽ നിന്നുള്ള ബന്ധം വിച്ഛേദിച്ചും ദുരന്തത്തിന്റെ തീവ്രത കുറയ്ക്കാമെന്നാണ് ശാത്രജ്ഞന്മാർ കരുതുന്നത്. എന്നാൽ വരാൻ പോകുന്ന ദുരന്തത്തിന്റെ തീവ്രതയെ പറ്റി ഇപ്പോൾ ഒന്നും പറയാനാകില്ലെന്ന് ചില ശാസ്ത്രജ്ഞർ കരുതുന്നു.

# കൺവൻഷൻ

**മീനടം:** ഗോഡ്സ് വർഷിപ്പേഴ്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സെന്റർ കൺവൻഷൻ മീനടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനുസമീപം ഏപ്രിൽ 7 മുതൽ 10 വരെ നടന്നു. പാസ്റ്റർമാരായ എൻ. ജോൺസൺ(ന്യൂ ഡെൽഹി), പി.സി. ഏബ്രഹാം(പുതുപ്പള്ളി), ജെയ്സ് പാണ്ടനാട്, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിച്ചു. ഗോഡ്സ് വർഷിപ്പേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

**വേങ്ങൂർ:** വേങ്ങൂർ സെന്റർ പി.വൈ.പി.എ.യുടെയും പാതിരിപൊയ്ക എബൻ–ഏസർ പി.വൈ.പി.എ.യുടെയും ആഭിമുഖ്യത്തിൽ സുവിശേഷ യോഗം ഏപ്രിൽ 23 ന് ഐ.പി.സി. എബൻ–ഏസർ സഭാങ്കണത്തിൽ വച്ച് നടന്നു. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തി. സെന്റർ പി.വൈ.പി.എ ക്വയർ ഗാനങ്ങളാലപിച്ചു.

## സഹായിക്കുക

# ഇരു വൃക്കകളും തകരാറിലായ യുവാവ്

**തൃശൂർ:** ആറുമാസമായി എറണാകുളം ലിസ്സി ആശുപത്രിയിൽ ഡയാലിസിസിനു വിധേയനാകുന്ന യുവാവ് വൃക്ക മാറ്റി വെക്കാൻ സഹായം തേടുന്നു. തൃശൂർ ചുവന്നമണ്ണ് വെട്ടുവേലിൽ വീട്ടിൽ വി. വി. ജോയി (മനോജ് 39) ആണ് ജീവൻ നിലനിർത്താൻ കരുണ വറ്റാത്ത മനസ്സുകളുടെ കനിവ് തേടുന്നത്. വൃക്ക മാറ്റിവെക്കാൻ 10 ലക്ഷത്തിലധികം രൂപ വേണ്ടിവരും. ഓട്ടോറിക്ഷാ തൊഴിലാളിയായ മനോജിന്റെ ഇപ്പോഴത്തെ ചികിത്സാ ചെലവ് ചുവന്നമണ്ണ് ഐ. പി. സി. സഭാംഗങ്ങളുടെയും മറ്റു ഉദാരമതികളുടെയും സഹായത്താലാണ് കണ്ടെത്തുന്നത്. പ്രായമായ മാതാപിതാക്കളുടെയും സഹോദരന്റെയും കുടുംബത്തോടൊപ്പം അഞ്ച് സെന്റ് സ്ഥലത്തുള്ള ഒരു ചെറിയ വീട്ടിലാണ് മനോജും കുടുംബവും താമസിക്കുന്നത്. ഭാര്യ: പ്ലെസ്സി, മകൻ: വോവസ്.

**V. V. Joy & Janet,**
**A/c No: 67148530329, SBT**
**Pattikkad Branch,**
**Trissur, IFSC Code: 0000253**
**Mob: 9656045569**

# കൺവൻഷൻ

**കടമ്പനാട്:** കടമ്പനാട്ടും സമീപ സ്ഥലങ്ങളിലും ഉള്ള ഐ. പി. സി സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഏപ്രിൽ 28–മെയ് 1 വരെ കടമ്പനാട് ഫെഡറൽ ബാങ്കിന് സമീപമുള്ള ഗ്രൗണ്ടിൽ 'കടമ്പനാട് കൺവൻഷൻ' ഐ. പി. സി. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് ഉത്ഘാടനം ചെയ്യും. പാസ്റ്റർമാരായ ചാണ്ടപിള്ള ഫിലിപ്പ് (കോട്ടയം), ഷാജു. സി. ജോസഫ് (കോതമംഗലം), കെ. ജെ. തോമസ് (കുമളി), റവ. കെ. വി. പത്രോസ് (സി. എസ്. ഐ കടമ്പനാട്) എന്നിവർ പ്രസംഗിക്കും. ഏഴംകുളം യെരുശലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർമാരായ തോമസ് ജോസഫ്, എ. സി. ജോസ് എന്നിവർ നേതൃത്വം നൽകും.

**തൊടുപുഴ:** മുട്ടം ഗ്രേസ് ഗോസ്പൽ മിഷന്റെ ആഭിമുഖ്യത്തിൽ കൺവൻഷനും സെമിനാറും ഏപ്രിൽ 22, 23, 24 തീയതികളിൽ മുട്ടം റൈഫിൾ ക്ലബ്ബ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. പാസ്റ്റർമാരായ മോഹൻ പി. ഡേവിഡ്(കാസർഗോഡ്), പോൾ മലയടി(നാഗപ്പൂർ), ജെയ്സ് പാണ്ടനാട്(ചെങ്ങന്നൂർ), ഡോ.എം.എം. ജെയിംസ് (മംഗലാപുരം) എന്നിവർ പ്രസംഗിച്ചു. ഗ്രേസ് മ്യൂസിക് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# സൺഡേ സ്കൂൾ ക്യാമ്പ്

**കണ്ണൂർ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ സൺഡേ സ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ 2–മത് നോർത്ത് മലബാർ സോണൽ ക്യാമ്പ് ദൈവഹിതമായാൽ 2016 ഏപ്രിൽ 25 മുതൽ 27 വരെ കണ്ണൂർ മൗണ്ട് പാറാറാൻ ബൈബിൾ സെമിനാരിയിൽ വെച്ച് നടക്കുന്നു. ആത്മീയരും പരിചയ സമ്പന്നരുമായവരുടെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകളോടെ നടത്തപ്പെടുന്നക്യാമ്പിൽ 12 മുതൽ 20 വയസുവരെയുള്ളവർക്ക് പങ്കെടുക്കാവുന്നതാണ്

# പാസ്റ്റർ ജെയിംസ് അലക്സാണ്ടർ

## സ്റ്റേറ്റ് കൗൺസിലിലേക്ക്

### കൊല്ലം നിയോജക മണ്ഡലം



നിലവിൽ ഐ. പി. സി. സ്റ്റേറ്റ് കൗൺസിൽ അംഗവും ചാരിറ്റി ബോർഡ് വൈസ് ചെയർമാനുമാണ്. പുനലൂർ കർമ്മേൽ സഭാശുശ്രൂഷകനും പുനലൂർ സെന്റർ വൈസ് പ്രസിഡന്റുമാണ്. ഇദ്ദേഹം കൊട്ടാരക്കര മേഖല പി. വൈ. പി. എ., സണ്ടേസ്കൂൾ എന്നിവയുടെ പ്രസിഡന്റ്, ഇപ്പോൾ കൊട്ടരക്കര മേഖലാ ജോയിന്റ് സെക്രട്ടറിയുമാണ്. കേന്ദ്ര സണ്ടേസ്കൂൾസ് അസ്സോസിയേറ്റ് സെക്രട്ടറിയുമാണ്. ആയൂർ സെന്റർ സെക്രട്ടറി, പുനലൂർ സെന്റർ സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. പാസ്റ്റർ സണ്ണി അലക്സാണ്ടർ ഇദ്ദേഹത്തിന്റെ സഹോദരനാണ്. കൊല്ലം നിയോജക മണ്ഡലത്തിൽ നിന്നും സ്റ്റേറ്റ് കൗൺസിൽ അംഗമായി മത്സരിക്കുന്നു. പാസ്റ്ററുമാരുടെയും വിശ്വാസികളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

# WME സംസ്ഥാന യുവജന ക്യാമ്പ് കുമളിയിൽ

**കരിയംപ്ലാവ്:** ഡബ്ല്യു. എം. ഇ. യൂത്ത് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന യുവജന ക്യാമ്പ് **കുമളി ഹോളിഡേ ഹോമിൽ** ഏപ്രിൽ 25 മുതൽ 27 വരെ നടക്കും. **ക്രിസ്തുയേശുവിന് നല്ല ശുശ്രൂഷകനാകുക** (Be a good minister of Christ Jesus) - 1 തിമോ. 4: 6 എന്നതാണ് ചിന്താവിഷയം. യൂത്ത് ഡയറക്ടർ രാജൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ഡബ്ല്യു. എം. ഇ. ജനറൽ പ്രസിഡന്റ് റവ. ഒ. എം. രാജുക്കുട്ടി ഉത്ഘാടനം ചെയ്യും. സ്റ്റേറ്റ് സെക്രട്ടറി സതീഷ് തങ്കച്ചൻ സ്വാഗതം ആശംസിക്കും. പാസ്റ്റർ കെ. എം. പൗലോസ് (ഡബ്ല്യു. എം. ഇ. ജനറൽ സെക്രട്ടറി), സൂസൻ രാജുക്കുട്ടി (ലേഡീസ് ഫെലോഷിപ്പ് ചെയർപേഴ്സൺ) എന്നിവർ ആശംസകളറിയിക്കും. പ്രെയ്സ് ആൻഡ് വർഷിപ്പ്, ബൈബിൾ സ്റ്റഡി, ഫാമിലി കൗൺസിലിംഗ്, ബൈബിൾ കലാമത്സരങ്ങൾ, വിദ്യാഭ്യാസ സെമിനാർ, വ്യക്തിത്വവികസന സെമിനാർ, ചർച്ചാക്ലാസ്സുകൾ, യുവജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക കൗൺസിലിംഗ്, കരിയർ ഗൈഡൻസ് സെമിനാർ, പ്രതിഭാ സംഗമം എന്നിവ ഉണ്ടായിരിക്കും.

ഡബ്ല്യു. എം. ഇ. സണ്ടേസ്കൂൾ ഡയറക്ടർ ഡോ. എം. കെ. സുരേഷ് (റാന്നി സെന്റ് തോമസ്സ് കോളേജ്), സെക്രട്ടറി നിബു അലക്സാണ്ടർ (മാർത്തോമ്മാ കോളേജ്, തിരുവല്ല) എന്നിവർ വിദ്യാഭ്യാസ വ്യക്തിത്വ സെമിനാറുകൾ നയിക്കും. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തിന് നൽകുന്ന കൗൺസിലിംഗ് സെഷനുകൾക്ക് സൂസൻ രാജുക്കുട്ടിയും പാ: റോബി ജേക്കബും നേതൃത്വം നൽകും. ക്യാൻസറും പ്രതിവിധിയും എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ള ആരോഗ്യസെമിനാറിൽ വിദഗ്ദ്ധ ഡോക്ടർമാർ സംസാരിക്കും. ജില്ലാതല മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയവർ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കും. യൂത്ത് ഫെലോഷിപ്പ് ഡിസ്ട്രിക്ട് ഓർഗനൈസർമാർ മത്സര പരിപാടികൾ കോ–ഓർഡിനേറ്റു ചെയ്യും. പാ: ഇ. സി. അലക്സാണ്ടർ, ഷിജോ എം. കെ., കുഞ്ഞുമോൻ പുത്തോട്ടത്, റെജി വർഗീസ്, സതീഷ് തങ്കച്ചൻ എന്നിവർ നേതൃത്വം നൽകും. 27–നു ചേരുന്ന സമാപന സമ്മേളനത്തിൽവെച്ച് വിജയികൾക്കുള്ള സമ്മാനങ്ങളും ട്രോഫികളും പാസ്റ്റർ ഒ. എം. രാജുക്കുട്ടി വിതരണം ചെയ്യും. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും പാസ്റ്റർമാരും യുവജനപ്രവർത്തകരും ഉൾപ്പടെ അഞ്ഞൂറ് പ്രതിനിധികളാണ് റജിസ്റ്റർ ചെയ്ത് പങ്കെടുക്കുന്നത്.

# നിത്യതയിൽ



### പാസ്റ്റർ സാമുവേൽ പി. ചാക്കോ (86)

**സിയാറ്റിൽ:** പാസ്റ്റർ സാമുവേൽ പി. ചാക്കോ (86) സിയാറ്റിൽ ഏപ്രിൽ 11–ന് നിര്യാതനായി. കല്ലിശേരി പനച്ചിൽമൂട്ടിൽ കുടുംബാംഗമായ പാസ്റ്റർ സാമുവേൽ പി. ചാക്കോ (കുഞ്ഞുകുട്ടിച്ചായൻ) ദീർഘവർഷങ്ങൾ സൗദി അറേബ്യയിൽ ജോലി നോക്കിയിരുന്നു. കീഴില്ലം പെനിയേൽ ബൈബിൾ കോളജിന്റെ മാനേജ്മെന്റ് അംഗം, അദ്ധ്യാപകൻ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം (ചർച്ച് ബൈബിൾ സൈഡ് ഓഫ് ദി റോഡ് 3455 സൌത്ത് 148 സ്ട്രീറ്റ്, റ്റൂക്ക് വില, വാഷിംഗ്ഡൺ 98168) നടത്തി.

ഭാര്യ: ഏലിയാമ്മ ചാക്കോ ഇടമൺ മുട്ടക്കൽ കുടുംബാംഗമാണ്. മക്കൾ: വിനിത, വിജയ്,വിനോദ്, മരുമക്കൾ: ഷേർളി, ഗ്ലോറി, ഷേർലി ചാക്കോ

### റവ. സൈമൺ (66)



**വെള്ളറട:** മാർത്താണ്ഡം കാരവിള കുടുംബാംഗവും കന്യകുമാരി ആറ്റൂർ എ.ജി സഭാംഗവുമായ റവ. സൈമൺ(66) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി. ഭവനത്തിലെ ശുശ്രൂഷയ്ക്ക് പാസ്റ്റർ പി. യേശുദാസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എസ്.ഇ ജ്ഞാനദാസ് ഭവനം സന്ദർശിച്ചു. ഭാര്യ: റെബേക്ക, മക്കൾ: ജപഷിലി, ജപഷീബാ, അംഗിനാസ്, മരുമക്കൾ: പാസ്റ്റർ വിക്ടർ മാനുവേൽ, പരേതനായ ജതീഷ് ശമുവേൽ, ഗോസ്ബ്യൂലം

### പാസ്റ്റർ ഡി. ദേവദാസ്(90)



**വെള്ളറട:** മണ്ണാംകോണം തെറ്റിയറ കുടുംബാഗവും യഹോവയിരെ ദൈവസഭ ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ ഡി.ദേവദാസ്(90) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ഏശായൻ നേതൃത്വം നൽകി. പാസ്റ്റർമാരായ ജോൺ ബ്രൈറ്റ്, ബെനറ്റ്, ക്രിസ്റ്റഫർ, ഡേവിഡ് തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ എം. പൊന്നയ്യൻ മുഖ്യ ശുശ്രൂഷകൾ നടത്തി. വെള്ളറട ലേഖകൻ പാസ്റ്റർ എസ്.ഇ. ജ്ഞാനദാസ് ഭവനം സന്ദർശിച്ചു. ഭാര്യ: ഡെയ്സി, മക്കൾ: ക്രിസ്റ്റൽ ഭായി, പാസ്റ്റർ ഡി. രാജു, വിൽഫ്രഡ്, ആൽഫ്രഡ്, മരുമക്കൾ: പാസ്റ്റർ ബർണ്ണബാസ്, ലീലാമ്മ, ബേബി പുഷ്പം, ഡെയ്സി.

### ബാബു താന്നിക്കൽ–71



**ന്യൂയോർക്ക്:** പരേതനായ താന്നിക്കൽ ഉണ്ണിക്കുഞ്ഞിന്റെ മകൻ ഓതറ താന്നിക്കൽ കുടുംബാംഗമായ വർഗ്ഗീസ് താന്നിക്കൽ (ബാബു താന്നിക്കൽ–71) നിത്യതയിൽ. ഏപ്രിൽ 9 - ശനിയാഴ്ച രാവിലെ 8:30–ന് ഗേറ്റ്വേ ക്രിസ്ത്യൻ സെന്ററിൽ സംസ്കാര ശുശ്രൂഷകൾ ആരംഭിക്കുകയും തുടർന്ന് നാസോനോൾസ് സെമിത്തേരിയിൽ സംസ്കാരം നടത്തി.

ഭാര്യ: കുഞ്ഞമ്മ കുടുംബാംഗമാണ്. മക്കൾ: ബെറ്റി, ജെയിസ്, അനിത, മരുമക്കൾ: വിനോദ്, ദേവൻ, അന്ന ജെയിംസ്, സഹോദങ്ങൾ: മറിയാമ്മ അലക്സാണ്ടർ, ശോശാമ്മ കുഞ്ഞച്ചൻ, ഏലിയാമ്മ ജോണികുട്ടി, സാറാമ്മ അല്ക്സ്.

### ലേയൽ ജെഫ്രി മാത്യു(38)



**ഒക്കലഹോമ:** ഫസ്റ്റ് ഐ. പി. സി സഭയുടെ സീനിയർ ശുശ്രൂഷകനും 2011–ലെ പി. സി. എൻ. എ. കെ കോൺഫറൻസ് കൺവീനറുമായിരുന്ന കവുംങ്ങുപ്രയാർ മുണ്ടയ്ക്കാമണ്ണിൽ കുടുംബാംഗം പാസ്റ്റർ തോമസ് മാത്യുവിന്റെ മകൻ ലേയൽ മാത്യു(38) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി.

റാന്നി കണ്ടംപേരൂർ കപ്പാംമൂട്ടിൽ മോളി മാത്യുവാണ് മാതാവ്, സഹോദരങ്ങൾ: സന്തോഷ് മാത്യു, മൈക്ക് മാത്യു

### പി.റ്റി തങ്കപ്പൻ(83)



**തിരുവല്ല:** ഐ.പി.സി വേങ്ങൽ എബനേസർ സഭാംഗമായ പഴഞ്ചോറ്റുവിരുത്തി പി.റ്റി തങ്കപ്പൻ(83) നിത്യതയിൽ. സംസ്കാരം ഏപ്രിൽ 8–ന് സഭാ സെമിത്തേരിയിൽ നടത്തി. പാസ്റ്റർ സാം ജോസഫ് ശുശ്രൂഷ നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകളിൽ പാസ്റ്റർമാരായ എബ്രഹാം ജോർജ്, ജേക്കബ് ശമുവേൽ, പി. കെ. മാത്യു എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ബിലീവേഴ്സ് ജേണലിനു വേണ്ടി പാസ്റ്റർ കെ.ജെ. മാത്യു അനുശോചനം അറിയിച്ചു.

ഭാര്യ: നിരണം പട്ടടയിൽ അമ്മിണി, മക്കൾ: പാസ്റ്റർ പി.റ്റി. അപ്പുക്കുട്ടൻ(ഐ. പി. സി ബഥേൽ പൂവം), ലീലാമ്മ, കൊച്ചുമോൾ, മരുമക്കൾ: മിനി, ജോൺ

### മറിയാമ്മ ജോർജ്ജ് (97)



**ഓതറ:** താന്നിക്കൽ പരേതനായ റ്റി. ഡി. ജോർജ്ജിന്റെ ഭാര്യ മറിയാമ്മ ജോർജ്ജ് മാർച്ച് 31–ാം തീയതി 12 മണിക്ക് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഐ. പി. സി. ശാലേം സഭാ അംഗമായിരുന്ന പരേതയുടെ സംസ്കാര ശുശ്രൂഷകൾ ഏപ്രിൽ 2–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണി (ഐ. എസ്. റ്റി. സമയം) വരെ ഭവനത്തിൽ നടത്തിയശേഷം ഐ. പി. സി. ശാലേം സഭാ സെമിത്തേരിയിൽ പാസ്റ്റർ റ്റി. ജെ. ഏബ്രഹാം (മോനച്ചൻ) സംസ്കാരം നടത്തി.

മക്കൾ: അമ്മിണി, കുഞ്ഞുമോൻ, സാം, ലീലാമ്മ, ജോയി.

### തങ്കമ്മ ജോസഫ് (91)



**മേപ്രാൽ:** പനച്ചമുണ്ടകത്തിൽ പരേതനായ ജോസഫ് വർഗീസിന്റെ ഭാര്യ തങ്കമ്മ ജോസഫ് (91) നിര്യാതയായി. സംസ്കാരം പിന്നീട്. പാണ്ടനാട് തുണ്ടത്തിൽ കുടുംബാംഗമാണ്.

മക്കൾ: പി. ജെ. വർഗീസ്, ജോസഫ് പി. സൈമൺ, സൂസി, ഗ്രേസി, ലിസി, പി. ജെ. ഏബ്രഹാം, ജോസഫ് റോയി. മരുമക്കൾ: എസ്ഥേർ വർഗീസ്, എൽസി, പള്ളിപ്പാട് ചക്കോലിൽ തോമസ്കുട്ടി, പുല്ലാട് കല്ലോത്ത് കെ. എം. മാത്യു, പൊന്നമ്മ, ഷേർലി.

## ധ്യാനം

# മുപ്പത്തിയെട്ടു പദങ്ങൾ... മൂന്നു കൊല്ലങ്ങൾ!!



ഷൈജു ഡാനിയേൽ, അടൂർ
shyjudani@gmail.com

**കാ**ലങ്ങൾ പോയതറിയാതെ ഒരു മനുഷ്യൻ തന്റെ കാഠിന്യമായ ഒരു പ്രശ്നത്തിന്റെ പരിഹാരത്തിനായി യെരുശലേമിൽ ആട്ടുവാതിൽക്കൽ പ്രതീക്ഷയോടെയോടെ ആയിരിക്കുന്നു!!. മറ്റൊരു നിലയിൽ ചിന്തിച്ചാൽ ആട്ടുവാതില്ക്കൽ നിന്നും എങ്ങോട്ടും പോകാൻ കഴിയാത്ത തരത്തിൽ ആ മനുഷ്യൻ അവിടെ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നതാണ് വാസ്തവം. നീണ്ട മുപ്പത്തെട്ടു കൊല്ലങ്ങളായി ആട്ടുവാതില്ക്കലെ കുളക്കരയിൽ !! കരുണയുടെ ഭവനമായ ബെഥെസ്ദായിൽ കരുണ കിട്ടാതെയുള്ള തന്റെ കിടപ്പ് തന്നിൽ ഉളവാക്കിയ വികാരങ്ങൾ എന്തായിരിക്കും? അലസതയോ ആശങ്കയോ നൈരാശ്യമോ നഷ്ടസ്വപ്നങ്ങളോ അതോ പ്രതീക്ഷയോ?

ഈ കുളക്കരയിൽ സൗഖ്യത്തിനു ഒരു വ്യവസ്ഥ വച്ചിട്ടുണ്ട്. "അതാതു സമയത്തു ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം കലക്കും; വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവന് ഏതു വ്യാധി പിടിച്ചവനായിരുന്നാലും അവനു സൗഖ്യം വരും". രോഗത്തിന്റെ കാലപഴക്കമോ പ്രശ്നമല്ല, പക്ഷെ മേലുദ്ധരിച്ച വ്യവസ്ഥയിൻ പ്രകാരമായിരിക്കും അവിടെ സൗഖ്യം നടക്കുക. "ആദ്യം ഇറങ്ങുന്നവൻ" എന്നത് ഈ ലോകത്തിന്റെ നിയമമാണ്. അത് നിവർത്തിക്കാൻ കഴിവും കായികബലവും തന്റേടവും ആൾബലവും ആവശ്യമാണ്. ആദ്യമെത്താൻ ഉള്ള അക്ഷീണ പരിശ്രമത്തിലാണ് സകല മനുഷ്യരും. അതിനായി പണം വാരിയെറിയാനും അധികാരങ്ങളിൽ ആശ്രയിച്ചു ഒന്നാമതെത്തി ആവശ്യങ്ങൾ നേടിയെടുക്കാനും എല്ലാവരും കൂട്ടയോട്ടത്തിലാണ്. അതിനിടയിൽ പണം കൊടുത്ത് ആദ്യമെത്താൻ നിർവ്വാഹമില്ലാത്തവനും അധികാരങ്ങളിൽ പിടിപാടില്ലാത്തവനും അവഗണിക്കപ്പെടുന്ന നിസ്സഹായ മനുഷ്യരുടെ ചിത്രം വളരെ വ്യക്തമാണ്. ഈ മനുഷ്യനെ സംബന്ധിച്ചിടത്തോളം വ്യവസ്ഥ പാലിച്ചു കൊണ്ടുള്ള ഒരു വിടുതൽ അപ്രാപ്യമായി നിലനില്ക്കുകയാണ് കഴിഞ്ഞ കുറെ കൊല്ലങ്ങളായി. സ്വയമായി കുളത്തിൽ ഇറങ്ങി സൗഖ്യം നേടാം അല്ലെങ്കിൽ ആരുടെയെങ്കിലും സഹായത്താൽ അത് സാധ്യമാകും. പക്ഷെ ഇവിടെ ഈ മനുഷ്യന് ഇവ രണ്ടും വിദൂര സ്വപ്നമാണ്. സ്വയമായി അവിടെ എത്താനുള്ള ശാരീരികക്ഷമതയില്ല. സഹായിപ്പാനായി ആരുമില്ല. "ആട്ടുവാതില്ക്കലെ നിസ്സഹായൻ" എന്ന് ഈ മനുഷ്യനെ വിശേഷിപ്പിച്ചാൽ തെറ്റില്ല. കരുണയുടെ ഭവനത്തിലാണ് കിടക്കുന്നത്. എങ്കിലും നിലനില്ക്കുന്ന വ്യവസ്ഥകളിലൂടെ കരുണ നിഷേധിക്കപ്പെട്ട ഒരു ഹതഭാഗ്യൻ!!!.

ഇവിടെയാണ് വ്യവസ്ഥക്കതീതമായി സഹായമായി ഭാവിക്കേണ്ട ഒരു കരുണയുടെ ആവശ്യകത. ജീവിതത്തിലൊരു മാറ്റത്തിനായി ആഗ്രഹിക്കുന്നവരെ തടയുന്ന പ്രഖ്യാപിത വ്യവസ്ഥകൾ!!!. ഈ വ്യവസ്ഥകൾ ആവശ്യക്കാരെ രണ്ടായി തിരിക്കുകയാണ്. വ്യവസ്ഥകൾ പാലിക്കുവാൻ തക്ക സാദ്ധ്യതകൾ കൈവശമുള്ള ഒരു കൂട്ടർ.... യാതൊരു സാധ്യതകളും അവകാശപ്പെടാൻ ഇല്ലാത്ത നിസ്സഹായരായ മറ്റൊരു കൂട്ടർ!!! കരുണയുടെ വീട്ടിൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിച്ചെടുക്കാൻ നിർമ്മിക്കപ്പെട്ട വ്യവസ്ഥകൾ ചിലർ വരുന്നു... സൗഖ്യമാകുന്നു... സന്തോഷത്തോടെ മടങ്ങുന്നു. അവർ കഴിവുള്ളവർ... അല്ലെങ്കിൽ അവർക്കാളുണ്ടാകും സഹായത്തിനായി. ഇവിടെ ഒരുവൻ പരസഹായമില്ലാതെ, കഴിവില്ലാതെ, പ്രമാണം പറയുന്നവ്യവസ്ഥകൾ പാലിക്കുവാൻ ത്രാണിയില്ലാതെ തീർത്തും ഏകനായി.... മുപ്പത്തിയെട്ടു കൊല്ലങ്ങളായി.... നിരാശ നിഴൽ മൂടിയവനായി!!! വ്യവസ്ഥ നമ്മെ വിടുതലിൽ നിന്നും അകറ്റി നിർത്തുമ്പോൾ അവിടെയാണ് നമുക്ക് ഒരു കരുണയുടെ ആവശ്യം. വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞു വ്യവസ്ഥ രണ്ടാക്കിയ ഇരുപക്ഷത്തെയും ഒന്നാക്കാനായി വന്നവൻ... സാക്ഷാൽ കരുണയുള്ളവൻ... കണ്ടും കാണാതെയും പലരും കടന്നുപോയ ആ ആട്ടുവാതില്ക്കലെ കരുണയുടെ ഭവനത്തിലേക്ക് ഒരു പുതുപ്രതീക്ഷയായി യേശു പ്രവേശിക്കുന്നു. വന്നയുടനെ നിനക്ക് സൗഖ്യമാകാൻ മനസ്സുണ്ടോ? എന്നതായി ഈ മനുഷ്യനോടുള്ള യേശുവിന്റെ പ്രഥമ ചോദ്യം!!! യുക്തിരഹിതമായ ക്രിസ്തുവിന്റെ ഈ ചോദ്യം??? നീണ്ടകൊല്ലങ്ങൾ കാത്തിരിപ്പോടെ ഇവിടെ ചിലവഴിക്കുന്നത് സൗഖ്യത്തിനായി മാത്രമാണെന്ന് ആർക്കാണ് അറിയാത്തത്? അങ്ങനെയിരിക്കവേ നിനക്ക് സൗഖ്യമാകാൻ മനസുണ്ടോ എന്ന ചോദ്യം ഈ മനുഷ്യൻ എങ്ങനെയാണ് ഉൾക്കൊണ്ടത്? രോഗവിവരങ്ങളും കാര്യകാരണങ്ങളും കാലപ്പഴക്കങ്ങളും ചികിത്സാ രീതികളും ഒന്നും ചോദിച്ച ഈ മനുഷ്യനെ വീണ്ടും ആശയക്കുഴപ്പത്തിലാക്കാൻ യേശുവിനു താല്പര്യമോ ഇല്ല. കേവലം നിസ്സാരമായ ഒരു ചോദ്യം- സൗഖ്യമാകാൻ മനസ്സുണ്ടോ? ഈ ചോദ്യത്തിന് മറുപടിയായി അവൻ "യജമാനനേ, വെള്ളം കലങ്ങുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്കു ആരും ഇല്ല; ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു" എന്നതായിരുന്നു.

എഴുതപ്പെട്ട വ്യവസ്ഥ പാലിക്കുവാൻ വല്ല വിധേനയും അവിടേക്കെടുക്കമ്പോൾ എനിക്ക് മുൻപേ എന്നേക്കാൾ കഴിവുള്ളവൻ കുളത്തിലിറങ്ങി വിടുതൽ നേടി മടങ്ങുന്നു. നീണ്ട കൊല്ലങ്ങളായി ഇതാവർത്തിക്കപ്പെട്ടുക്കൊണ്ടെയിരിക്കുന്നു. എന്നാൽ ഇന്നിവിടെ പതിവിനെ തെറ്റിക്കുന്ന ഒരത്ഭുതത്തിനു ബെഥെസ്ദാ സാക്ഷിയാകാനായി തയ്യാറെടുക്കുകയാണ്. വിടുതലിന്റെ വ്യവസ്ഥകളാൽ വേർതിരിച്ചകറ്റി നിർത്തപ്പെട്ടവൻ വ്യവസ്ഥകൾക്കപ്പുറം കേവലം വാക്കുകൾ കൊണ്ട് മുപ്പത്തിയെട്ടു കൊല്ലത്തെ പ്രശ്നം പരിഹരിക്കപ്പെടുവാൻ തുടങ്ങുന്നു. കുളം കലക്കുവാൻ ദൂതനില്ല.... കുളക്കരയിലേക്ക് ബദ്ധപ്പെട്ടു പോകേണ്ടതില്ല... പരസഹായം സൗഖ്യത്തിനായി തേടേണ്ടതുമില്ല.... മുപ്പത്തിയെട്ടു കൊല്ലത്തെ കിടപ്പിന് സമാപ്തി കുറിക്കാൻ ക്രിസ്തുവിലൂടെ പുറപ്പെട്ട സൗഖ്യദായ ശക്തി മൂന്നു പദങ്ങളിൽ ഒതുങ്ങി- എഴുന്നേല്ക്ക, കിടക്കയെടുക്ക, നടക്ക!! നീണ്ട കൊല്ലങ്ങളിലെ പ്രതിസന്ധി കേവലം മൂന്നു വാക്കുകൾക്കു മുൻപിൽ വഴിമാറിയ അത്ഭുതം!! വ്യവസ്ഥയുടെ വേർതിരിവുകൾ വരുത്തി വച്ച സൗഖ്യ നിഷേധം ദൂതന്മാരേക്കാൾ വലിയവനായ ക്രിസ്തുവിനു മുൻപിൽ മാറ്റപ്പെട്ടു. കരുണയുടെ ഭവനത്തിൽ കരുണ നിഷേധിക്കപ്പെട്ടവന് കാരുണ്യം ചൊരിയാൻ സാക്ഷാൽ കാരുണ്യവാനായവൻ വന്നപ്പോൾ ആട്ടിൻവാതില്ക്കലെ നിസ്സഹായൻ കിടക്കവിട്ടെഴുന്നേറ്റു!! മുപ്പത്തിയെട്ടു കൊല്ലത്തെ വിധി മാറ്റിയെഴുതാൻ ക്രിസ്തുവിനെ കേവലം വേണ്ടി വന്നത് മൂന്നുവാക്കുകൾ!! കാരണം അവൻ ദൂതൻമാരെക്കാൾ വലിയവൻ!!

## ചോദ്യോത്തരവേദി

# വിശ്വാസം പോരേ, ജീവിതം ക്രമീകരിക്കണമോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

*ചോദ്യം:* ഏത് അനീതിയും അധർമ്മവും ചെയ്താലും യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞാൽ മതിയെന്നുള്ള **'തിയോളജി'**യിലാണ് ഈ കാലഘട്ടത്തിലെ വിശ്വാസികൾ ജീവിക്കുന്നത്. ഒരുവൻ യഥാർത്ഥമായും രക്ഷിക്കപ്പെടുന്നതിന് തന്റെ മുൻകാലജീവിതത്തിലെ തെറ്റുകൾ പരിഹരിക്കേണ്ടതുണ്ടോ?

**-യോഹന്നാൻ,പിറവം**

**ഉത്തരം:** 'വിശ്വാസം വഴി കൃപയാലാണു നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല, തന്മൂലം ആരും അതിൽ അഹങ്കരിക്കേണ്ടതില്ല"(എഫെ:2:8,9). യജമാനന്മാരെ, രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം? "എന്ന കാരാഗൃഹക്കാരന്റെ ചോദ്യത്തിന്, "അവർ പറഞ്ഞു: കർത്താവായ യേശുവിൻ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും"(അപ്പൊ.പ്രവ:16:30,31). ഈ വാക്യങ്ങളിൽ നിന്നും സദൃശമായ മറ്റനേകം വചനങ്ങളിൽ നിന്നും വിശ്വാസമാണ് രക്ഷിക്കുന്നത്, പ്രവർത്തിയല്ല എന്ന് നാം മനസിലാക്കുന്നു. എന്നാൽ വിശ്വാസത്തിന്റെ അളവ് കോൽ എന്തു എന്ന് ചോദ്യത്തിന് യാക്കോബ് അപ്പോസ്തലന്റെ വിശദീകരണം കൂടി ശ്രദ്ധിക്കുക: "എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്ന് പറയുകയും **പ്രവൃത്തി ഇല്ലാതിരിക്കയും** ചെയ്യുന്നവന് എന്ത് മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ?- പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജീവമാണ്- മൂഢനായ മനുഷ്യാ, **പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം ഫലരഹിത**മാണെന്നു നിനക്കു തെളിയിച്ചു തരേണ്ടതുണ്ടോ?- ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ **പ്രവൃത്തി കൂടാതെയുള്ള വിശ്വാസവും മരിച്ചതിന് തുല്യമാണ്" (യാക്കോബ് 2:14,17,20,26).**

**വിശ്വാസമാണു രക്ഷയ്ക്കാധാരം** എന്നു പറയുമ്പോൾത്തന്നെ അത് **ജീവനുള്ള വിശ്വാസമാണെന്നാണ്** അപ്പോസ്തലൻ വിശദീകരിച്ചിരിക്കുന്നത്. "പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽ നിന്ന പശ്ചാത്താപമാണ് ഒരുവനെ കൊണ്ട് പാപം ഏറ്റുപറയിക്കുന്നതെന്ന് വ്യക്തമല്ലേ? എങ്ങനെയുള്ള പശ്ചാത്താപം എന്നു ചോദിച്ചാൽ പ്രവൃത്തികളാൽ തെളിയിക്കപ്പെടുന്ന പശ്ചാത്താപം എന്നു വ്യക്തമല്ലേ?.

യഥാർത്ഥ പശ്ചാത്താപത്തിൽ പാപത്തെ വെടിഞ്ഞു ജീവിക്കാനുള്ള തീരുമാനവും അടങ്ങിയിരിക്കും. ഉദാഹരണത്തിന് ലൂക്കോസ് 19:1-10 വരെ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കാം: "ചുങ്കക്കാരിൽ പ്രധാനിയും ധനവാനുമായ സക്കായി യേശുവിനെ കാണാൻ കൊതിച്ച്, പൊക്കം കുറഞ്ഞവനാകയാൽ അവിടുന്നു കടന്നു പോകുന്ന വഴിയ്ക്കരികിലുള്ള കാട്ടാത്തിമരത്തിന്മേൽ കയറി ഇരുന്നു. യേശു അവനെ നോക്കി: "സക്കായിയേ, വേഗം ഇറങ്ങി വരുക. ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" എന്നു പറഞ്ഞു. അവൻ സന്തോഷത്തോടെ യേശുവിനെ വീട്ടിൽ സ്വീകരിച്ചു.

സക്കായി എഴുന്നേറ്റു പറഞ്ഞു: കർത്താവേ, ഇതാ എന്റെ സ്വത്തിന്റെ പകുതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു. എന്തെങ്കിലും ചതിവിൽ വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കിക്കൊടുക്കുന്നു. ശ്രദ്ധാപൂർവ്വം സക്കായിയുടെ വാക്കുകൾ കേട്ടിരുന്ന യേശു പ്രഖ്യാപിക്കുന്നു: **"ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു".**

ന്യായപ്രമാണത്തിൽ (പുറപ്പാട് 22:1,4,7; ലേവ്യർ6:5; സംഖ്യ5:7) അനുശാസിക്കുന്നതിനെക്കാൾ കൂടുതൽ നല്കിക്കൊണ്ട്, തന്റെ മുൻകാലതെറ്റുകൾ പരിഹരിക്കുവാൻ തീരുമാനിച്ചിരിക്കുന്ന സക്കായിയെക്കൊണ്ട് അങ്ങനെ ചെയ്യിക്കുവാൻ പ്രേരിപ്പിക്കുന്നത് പാപങ്ങളെക്കുറിച്ചുള്ള യഥാർത്ഥ പശ്ചാത്താപമാണ് ആത്മാർത്ഥമായ ഏറ്റുപറച്ചിലിലേക്ക് അവനെ നയിക്കുന്നത്. പാപക്ഷമയ്ക്ക് നമുക്കുണ്ടായിരിക്കേണ്ട മനോഭാവമെന്തെന്ന് യേശു പഠിപ്പിച്ച പ്രാർത്ഥന വ്യക്തമാക്കുന്നു: " ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ- മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും ക്ഷമിക്കുകയില്ല" (മത്തായി.6:12-15). ആദിമ സഭയുണ്ടായത് അപ്പൊസ്തലിക പ്രസംഗങ്ങൾ ഈ രീതിയിലായിരുന്നതുകൊണ്ടാണ്. **"വിശ്വസിച്ചവരിൽ അനേകരും വന്ന് തങ്ങളുടെ തിന്മപ്രവർത്തികൾ പരസ്യമായി ഏറ്റുപറഞ്ഞു"** (അപ്പൊ.പ്രവ:19:18,19). "അതുകൊണ്ട് അഗ്രപ്പരാജാവേ, ഞാൻ സ്വർഗ്ഗീയദർശനത്തിന് അനുസരണക്കേടുക്കാണിക്കാതെ ആദ്യം ദമസ്ക്കൊസിലും യെരുശലേമിലും.... പിന്നെ ജാതികളോടും **മാനസാന്തരപ്പെട്ട്** ദൈവത്തിങ്കലേക്ക് തിരിഞ്ഞ് **മാനസാന്തരത്തിന് യോഗ്യമായ പ്രവർത്തികൾ ചെയ്യണം എന്നു പ്രസംഗിച്ചു (അപ്പൊ:പ്രവ:26:20,21).**

സാൽവേഷൻ ആർമിയുടെ സ്ഥാപകൻ വില്യംബൂത്ത് ഒന്നര നൂറ്റാണ്ട് മുമ്പെഴുതി: ഇരുപതാം നൂറ്റാണ്ടിന്റെ ഏറ്റവും വലിയ അപകടങ്ങൾ താഴെക്കുറിക്കുന്നതാണ്: സത്യത്തിന്റെ ആത്മാവില്ലാത്ത സഭകളും, നരകമില്ലാതെയുള്ള സ്വർഗ്ഗവും, മാനാസാന്തരപ്പെട്ട ജീവിതമില്ലാത്ത വിശ്വാസവും, യേശുവിന്റെ കർത്തൃത്വമില്ലാത്ത രക്ഷയും, ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനികളുമാണ്.

# സുവിശേഷയോഗവും സംഗീതവിരുന്നും

**തീയാടിക്കൽ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ഇരവിപേരൂർ ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ സുവിശേഷയോഗവും സംഗീതവിരുന്നും ഏപ്രിൽ 7,8,9 തീയതികളിൽ വൈകുന്നേരം 6 മുതൽ 9 വരെ പകലോമറ്റം കുടുംബ ആഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ തോമസ് എം. പുളിവേലിൽ (ചർച്ച് ഓഫ് ഗോഡ് ഇരവിപേരൂർ ഡിസ്ട്രിക്ട് പാസ്റ്റർ) ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ പി. ജി. മാത്യൂസ് (ചർച്ച് ഓഫ് ഗോഡ് അസി. ഓവർസീയർ), പി. ആർ. ബേബി (ഫെയ്ത് സിറ്റി ചർച്ച്, എറണാകുളം), കെ. ഒ. തോമസ് (തൃശൂർ), സാജു ജോസഫ് (കോതമംഗലം) എന്നിവർ പ്രസംഗിച്ചു. ഏൽ-ശദ്ദായി വോയ്സ് പത്തനംതിട്ട ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# ദുരുപദേശ ഖണ്ഡനവും സെമിനാറും

**കുന്നംകുളം:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ കുന്നംകുളം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ദുരുപദേശ ഖണ്ഡന സെമിനാറും അനുമോദന സമ്മേളനവും മെയ് 1-ന് ലിവാ ടവറിൽ 4 മണി-7 മണി വരെ നടക്കും. പാസ്റ്റർ സി. സി. ബാബു (പി. സി. ഐ. കുന്നംകുളം ചാപ്റ്റർ രക്ഷാധികാരി) ഉദ്ഘാടനം ചെയ്യുന്ന മീറ്റിംഗിൽ പി. സി. ഐ. കുന്നംകുളം ചാപ്റ്റർ പ്രസിഡന്റ് പാസ്റ്റർ എം. ജി.ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിക്കും. ഹൈപ്പർ ഗ്രേസ് തിയറി, ഊതി വീഴ്ത്തൽ, ശാപം മുറിക്കൽ, ന്യൂജനറേഷൻ ദൈവശാസ്ത്രം, ആത്മവിവശത എന്നീ വിഷയങ്ങളെ കുറിച്ച് പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസുകൾ എടുക്കുന്നതായിരുക്കും. അന്നേ ദിവസം അംഗത്വ വിതരണവും പി. സി. ഐ. കുന്നംകുളം ചാപ്റ്ററിന്റെ പ്രവർത്തന പരിധിയിൽ നിന്ന് സ്ഥലം മാറി പോകുന്ന കർത്തൃശുശ്രൂഷകന്മാരെ അനുമോദിക്കുകയും ഫലകം നൽകി ആദരിക്കുകയും ചെയ്യുന്നു. പി. സി. ഐ കുന്നംകുളം ചാപ്റ്ററിനു വേണ്ടി പാസ്റ്റർ ബെന്നി ജോസഫ്, പാസ്റ്റർ സുനിൽ വിൽസൺ (വൈസ് പ്രസിഡന്റുമാർ), ഡോ. സാജൻ സി. ജേക്കബ്(സെക്രട്ടറി), പാസ്റ്റർ ജെയ്സൺ ഇ. റ്റി(ജോ. സെക്രട്ടറി), ഇവാ. ഷാജൻ മുട്ടത്ത് (ട്രഷറാർ), പാസ്റ്റർ അജീഷ് കെ. മാത്യു (പബ്ലിസിറ്റി കൺവീനർ) ചുമതല വഹിക്കുന്നു.

കഥ

# തമ്പിയുടെ ഹൃദയം



ആഷേർ മാത്യു , റിയാദ്
asherkaleekal@gmail.com

ഇവാഞ്ചലിസം ബോർഡിന്റെ മീറ്റിംഗാണ്.

സഭയുടെ വിവിധ പ്രവർത്തന വിഭാഗങ്ങളിൽ ഒന്നാണ് ഇവാഞ്ചലിസം ബോർഡ്. സുവിശേഷീകരണത്തിൽ സഭ അല്പം പിന്നോട്ടാണ് എന്ന വിമർശനം അടുത്തകാലത്തായി ഉയർന്നിരുന്നു. അതിനെത്തുടർന്നാണ് പ്രവർത്തനരഹിതമായ ഇവാഞ്ചലിസം ബോർഡിനെ ഒന്ന് പുനർജീവിപ്പിച്ചെടുത്തത്.

അതിന് അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല. ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുവാൻ ഇലക്ഷൻ പ്രഖ്യാപിക്കേണ്ട താമസം, രണ്ട് പാനലുകൾ തയ്യാറായി കഴിഞ്ഞു. സുവിശേഷ ദാഹമുള്ള ദൈവദാസന്മാരും, വിശ്വാസികളും അങ്ങനെ ബോർഡിന്റെ തലപ്പത്തും വന്നു. ആദ്യത്തെ മീറ്റിംഗാണ്.

മീറ്റിംഗ് ആരംഭിച്ചു

ഇവാഞ്ചലിസം ബോർഡ് പ്രസിഡന്റ് അജണ്ട വായിച്ചു.

ബോർഡിന്റെ പ്രവർത്തനത്തിന് വാഹനം വാങ്ങുക, നോർത്ത് ഇന്ത്യയിലേക്കുള്ള സുവിശേഷയാത്ര, അട്ടപ്പാടി തുടങ്ങിയ ആദിവാസി മേഖലയിലേക്ക് സുവിശേഷ പ്രവർത്തനം, മറ്റ് രീതിയിലുള്ള സുവിശേഷ പ്രവർത്തനങ്ങൾ എന്നിവയായിരുന്നു അജണ്ടയിലുണ്ടായിരുന്നത്.

ബോർഡിനുള്ളിൽ രണ്ട് പാനലുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരും ഉണ്ടായിരുന്നു എന്നതുകൊണ്ട്, എല്ലാ തീരുമാനങ്ങൾക്കും രണ്ടഭിപ്രായമുണ്ടായിരുന്നു. അഭിപ്രായ വ്യത്യാസങ്ങൾ പലതും ഉണ്ടായിരുന്നെങ്കിലും പറയത്തക്ക പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ എല്ലാം പാസ്സായി.

അവസാനമായി ചർച്ചക്കു വന്നത് 'മറ്റു രീതിയിലുള്ള സുവിശേഷപ്രവർത്തനങ്ങൾ' എന്ന വിഷയമാണ്. പ്രസിഡന്റ് വിശദീകരിച്ചു.

"ഈ മറ്റുരീതികൾ എന്നു പറയുമ്പോൾ, ആദ്യകാലത്ത് നമ്മൾ ഉപയോഗിച്ചിരുന്ന ട്രാക്റ്റ് വിതരണം, ഫിലിം ഷോ തുടങ്ങിയ മാധ്യമങ്ങൾ, നവീന രീതിയിൽ അവതരിപ്പിക്കുക എന്നുള്ളതാണ്".

"വളരെ നല്ല അഭിപ്രായം. സാധാരണക്കാരായ പലരും ലഘുലേഖകൾ വായിച്ചും, പരസ്യയോഗങ്ങളിൽ സംബന്ധിച്ചുമാണ് കർത്താവിനെ അറിഞ്ഞിട്ടുള്ളത്". സെക്രട്ടറിയായ വർഗ്ഗീസ് പാസ്റ്റർ തീരുമാനത്തെ സ്വാഗതം ചെയ്തു.

"ഇതൊക്കെ കാലഹരണപ്പെട്ട രീതികളാണ്. ഔട്ട്ഡേറ്റഡ്. ഈ കാലഘട്ടത്തിൽ പഴയ രീതികൾ കൊണ്ട് ഒരു കാര്യവുമില്ല". പീറ്റർ ബ്രദറിന്റെ അഭിപ്രായമാണ്.

"അങ്ങനെ പറയരുത്. പണ്ട് തമ്പിയുടെ ഹൃദയം' എന്നൊരു ലഘുലേഖയുണ്ടായിരുന്നു. അത് വായിച്ച് എത്രയോ പേരാണ് രക്ഷിക്കപ്പെട്ടത്". പ്രസിഡന്റിന്റെ വിശദീകരണം.

പീറ്റർ ബ്രദർ വിട്ടുകൊടുക്കാൻ തയ്യാറല്ല.

"അതൊക്കെ ഞങ്ങളും വായിച്ചിട്ടുണ്ട്. തമ്പി എന്ന ബാലന്റെ ഹൃദയത്തിൽ മയിൽ, കോലാട്, പന്നി. തവള, പാമ്പ്..അവയൊക്കെയുണ്ടായിരുന്നു എന്ന് പറയുന്ന ട്രാക്റ്റ് അല്ലെ? ഈ കാലത്ത് ഇതൊക്കെ ആരോടേലും പറയുവാൻ പറ്റുമോ?!". പീറ്റർ ബ്രദർ രോഷാകുലനാകുകയാണ്.

"ഒരു കാര്യം ചെയ്യാം. നിങ്ങൾ പറഞ്ഞതുപോലെ 'തമ്പിയുടെ ഹൃദയം' ആധുനിക രീതിയിൽ അവതരിപ്പിക്കാമല്ലോ. എഴുത്തിലൂടെയും വായനയിലൂടെയുമുള്ള സുവിശേഷ പ്രചരണത്തെ നിസ്സാരമായി തള്ളിക്കളയരുത്. അക്ഷരങ്ങൾക്ക് മനുഷ്യനോട് നന്നായി സംവേദിക്കാനാകും." നല്ല ദർശനമുള്ളയാളാണ് പ്രസിഡന്റ്.

അതുവരെ മിണ്ടാതിരുന്ന എബി ബ്രദർ ചാടിയെഴുന്നേറ്റു.

"ഇങ്ങനെ വിവരമില്ലാതെ സംസാരിക്കരുത്. ഹും...

'തമ്പിയുടെ ഹൃദയം' പോലും. ....ഈ പാമ്പിനെയും തവളയെയും ഒക്കെ എങ്ങനെ അവതരിപ്പിക്കണമെന്നാ ഈ പറയുന്നത്?"

"എന്നാൽ പ്രസിഡന്റ് വിശദീകരിക്ക്. ഓരോ മൃഗങ്ങളുടെയും അർത്ഥം പറ". എബി രണ്ടും തീരുമാനിച്ചിട്ടാണ്.

"ശരി. ഞാൻ പറയാം. ഈ പന്നി എന്നു വെച്ചാൽ ഭക്ഷണ കാര്യത്തിലും മറ്റും യാതൊരു നിയന്ത്രണവും, ക്രമവും ഇല്ലാത്ത പാപസ്വഭാവത്തെ കാണിക്കുന്നു. നിങ്ങൾ പറയുന്നതുപോലെ 'തമ്പിയുടെ ഹൃദയം' ഒരു വീഡിയോ ആക്കാമല്ലോ. ഒരു പന്നിയുടെ പടം വീഡിയോയായോ, പടമായോ ഒക്കെ കാണിച്ചിട്ട്, ഈ ഗ്രാഫിക്സ് ഒക്കെ ഉപയോഗിച്ച്, നല്ല രീതിയിൽ അവതരിപ്പിക്കാം...എന്ത് പറയുന്നു? പിന്നെയുള്ളത് കോലാട്. കോലാട് മർക്കടമുഷ്ടിയെ കാണിക്കുന്നു. അടുത്തത് തവള. തവള അശുദ്ധവും അശ്ലീലവുമായ വ്യർത്ഥ സംസാരങ്ങളെ കാണിക്കുന്നു. പിന്നെയുള്ളത് മയിൽ. മയിൽ നിഗളത്തെ കാണിക്കുന്നു. കടുവാ, പ്രതികാരത്തെയും ദേഷ്യത്തെയും കാണിക്കുന്നു. ആമ, നമ്മുടെ അലസതയെയും മടിയെയും കാണിക്കുന്നു. ചുരുക്കത്തിൽ 'തമ്പിയുടെ ഹൃദയം' വളരെ അർത്ഥസമ്പുഷ്ടമാണ്. ഇതുപോലെയുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്"

പ്രസിഡന്റ് ഇത്രയും പറഞ്ഞുതീർന്നതും, പല ഭാഗത്ത് നിന്നും പിറുപിറുപ്പുകളും മറ്റും കേൾക്കാമായിരുന്നു. പീറ്ററും എബിയും ഒരുമിച്ച് ചാടിയെഴുന്നേറ്റു. പീറ്ററാണ് തുടങ്ങിയത്. "അതേ, ഈ പറഞ്ഞതൊക്കെ സമ്മതിച്ചു. പക്ഷെ, ആദ്യം ഈ ഉപദേശങ്ങളൊക്കെ നിങ്ങൾ ദൈവദാസന്മാർ ആദ്യം നടപ്പിലാക്കി കാണിക്ക്. എന്നിട്ട് മതി നാട്ടുകാരെ ഉപദേശിക്കുന്നത്".

"പീറ്റർ ബ്രദറേ, നമുക്കിടയിലുള്ള പ്രശ്നങ്ങൾ ഇതുമായി കൂട്ടിക്കുഴക്കരുത്. നമ്മുടെ പ്രശ്നങ്ങളൊന്നും ഈ ഉപദേശങ്ങൾ ജനങ്ങൾക്കിടയിൽ എത്തുന്നതിന് തടസ്സമാകരുത്. 'തമ്പിയുടെ ഹൃദയം' ഞാൻ ഒരു ഉദാഹരണം പറഞ്ഞതാണ്. നിങ്ങൾക്ക് താല്പര്യമില്ലെങ്കിൽ അതുമായി മുന്നോട്ട് പോകേണ്ട".

അതിന് മറുപടി പറഞ്ഞത് എബിയാണ്. "അല്ല, പ്രസിഡന്റ് പറഞ്ഞല്ലോ കുറച്ച് മൃഗങ്ങളുടെ കാര്യം. അതിന്റെ കാര്യത്തിലൊരു തീരുമാനമാകട്ടെ. പന്നിയുടെ സ്വഭാവം നിങ്ങൾക്കല്ലേ? കുടവയറു കണ്ടാൽ മതിയല്ലോ"

അറിയാതെ തന്നെ പലരുടെയും കണ്ണുകൾ സ്വന്തം വയറിലേക്ക് പോയി.

എബി തുടരുകയാണ്. "കടുവയുടെ സ്വഭാവവും നിങ്ങൾക്കല്ലേ? താക്കോൽ കൊണ്ട് കുത്തുന്നതും, തലക്കടിക്കുന്നതും നിങ്ങളല്ലേ? മയിലിനെപ്പോലെ നിഗളം കാട്ടാൻ ബഹുനില വീടുകൾ പണിയുന്നതും നിങ്ങളല്ലേ?"

അതുവരെ മിണ്ടാതിരുന്ന ബോർഡ് അംഗങ്ങൾ ചാടിയെഴുന്നേറ്റു.

'നിർത്തെടാ', 'ഇരിയെടാ' തുടങ്ങിയ ആക്രോശങ്ങൾ ഉയർന്നു കേട്ടു.

ബോർഡ് മീറ്റിംഗ് നടന്ന ആഡിറ്റോറിയത്തിനകത്ത് കടുവയും, തവളയും, പാമ്പും, കോലാടും അങ്ങനെ പലതും പ്രത്യക്ഷപ്പെട്ടു. ആട് വന്ന് പോയി...കടുവ വന്നു പോയി....പന്നി വന്നു പോയി..... 'തമ്പിയുടെ ഹൃദയം' പുതിയ രൂപത്തിൽ....ഭാവത്തിൽ...

ലേഖനം

# സൂര്യനിലെ അടയാളം തീക്കാറ്റ് അഥവാ സോളാർ സ്റ്റോം



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

*മത്തായി 24:29-30 ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തു നിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും.*

ഈ പ്രപഞ്ചം ഇതേ രീതിയിൽ എന്നും നില നിൽക്കുമോ? സൂര്യന്റെ സ്ഥാനം തെറ്റുമോ? ഭൂമിയും സൂര്യനും തമ്മിൽ ഇന്നുള്ള അകലം കൂടുകയോ കുറയുകയോ ചെയ്താൽ ഭൂമിയിലെ ജീവജാലങ്ങൾക്ക് സഹിക്കുവാൻ കഴിയാത്ത പ്രയാസങ്ങൾ നേരിടുമെന്ന് ശാസ്ത്രജ്ഞർ സമ്മതിക്കുന്നു. അതുകൊണ്ട് സൂര്യന്റെ സ്ഥാനം തെറ്റുമോ എന്നത് പ്രസക്തമായ ചോദ്യമാണ്. പ്രപഞ്ചത്തിൽ ഒരുപാട് ഗ്രഹങ്ങളുണ്ടായിട്ടും അവയെക്കുറിച്ച് പരാമർശിക്കാതെ സൂര്യനെക്കുറിച്ച് പരാമർശിക്കുന്നതെന്ത് കൊണ്ടാണ്. സൂര്യൻ നമ്മുടെ ദൈനംദിന ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തികൊണ്ടിരിക്കുന്നത് കൊണ്ടാണ് അതിനെ പറ്റി പ്രത്യേകം പറയുന്നത്. ഒരു ദിവസം കാർമേഘാവൃതമായതുകൊണ്ട് സൂര്യപ്രകാശം ലഭിച്ചില്ലെങ്കിൽ ആ അവസ്ഥ നമ്മുടെ ശരീരത്തിന് മാത്രമല്ല മനസ്സിനെയും ബാധിക്കും എന്നതാണ് സത്യം. ഭൂമി ഉൾപ്പെടുന്ന ഗ്രഹതാരസഞ്ചയമായ സൗരയൂഥത്തിന്റെ കേന്ദ്രമാണ് സൂര്യൻ എന്ന നക്ഷത്രം. ഏകദേശം 13,92,684 കിലോമീറ്ററാണ് സൂര്യന്റെ വ്യാസം. ഇത് ഭൂമിയുടെ വ്യാസത്തിന്റെ 109 മടങ്ങ് വലിപ്പം വരും. സൗര ഊർജ്ജത്തിൽ നാലിൽ മൂന്നുഭാഗവും ഹൈഡ്രജനാണ്, ബാക്കിയുള്ളതിൽ ഭൂരിഭാഗവും ഹീലിയവുമാണ്. രണ്ട് ശതമാനത്തിൽ താഴെയേ ഇരുമ്പ്, ഓക്സിജൻ, കാർബൺ, നിയോൺ എന്നിവയടക്കമുള്ള മറ്റ് മൂലകങ്ങൾ വരുന്നുള്ളൂ. ഹൈഡ്രജൻ അണുകേന്ദ്രങ്ങളെ ഹീലിയമാക്കുന്ന പ്രക്രിയയിലൂടെ ഊർജ്ജോല്പാദനം നടത്തുന്ന മുഖ്യശ്രേണിയിൽപ്പെട്ട ഒരു നക്ഷത്രമാണ് സൂര്യൻ. ഗ്രഹങ്ങളുടെ നാശത്തെക്കുറിച്ച് യെശയ്യാ പ്രവചനം 13:10-ൽ ഇങ്ങനെ പറയുന്നു: ആകാശത്തിലെ നക്ഷത്രങ്ങളും 'നക്ഷത്രരാശികളും' പ്രകാശം തരികയില്ല. സൂര്യൻ ഉദയത്തിൽ തന്നെ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം തരികയില്ല. സൂര്യന് അധികകാലം കത്തിജ്വലിക്കാനാവില്ലെന്ന് ശാസ്ത്രവും സംശയിക്കുന്നു. സൂര്യനിൽ ഉണ്ടാകാൻ പോകുന്ന അതിശക്തമായ തീക്കാറ്റിനെ സംബന്ധിമായി 2 പത്രോസ് 3:7-ൽ പറയുന്നു ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു. ഈ പ്രവചനത്തെപ്പറ്റി നാസയടക്കമുള്ള ബഹിരാകാശ ഗവേഷകസംഘങ്ങൾ മുന്നറിയിപ്പും നൽകുന്നു. സൂര്യനിൽ ഉണ്ടാക്കുന്ന വൻപൊട്ടിത്തെറികൾ കാരണം വിനാശകരമായ റേഡിയേഷനും ഊർജ്ജകണങ്ങളും ബഹിരാകാശത്തേക്ക് പ്രവഹിക്കും. സൂര്യന്റെ കാന്തിമാനത്തിൽ (ഒരു ഗോളവസ്തുവിൽ നിന്ന് ലഭിക്കുന്ന പ്രകാശത്തിന്റെ അളവാണ് കാന്തിമാനം. നക്ഷത്രനിരീക്ഷണത്തിനും നക്ഷത്രവർഗ്ഗീകരണത്തിനും ഏറ്റവും കൂടുതൽ ഉപയോഗിക്കേണ്ടി വരുന്ന ഒരു ഏകകം ആണ് കാന്തിമാനം. കേവല കാന്തിമാനം ഗോള വസ്തുവിന്റെ തേജസ്സിന്റെ അളവുകോലാണ്. ഈ അളവുകോൽ പ്രകാരം സൂര്യന്റെ കേവലകാന്തിമാനം ഏതാണ്ട് 4.8 ന് അടുത്താണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.) സൂര്യന്റെ കൊറോണയുടെ (സൂര്യന്റെ വാതകനിബദ്ധമായ ബാഹ്യാന്തരീക്ഷത്തെയാണ് കൊറോണ എന്ന് പറയുന്നത്.സാധാരണയായി സൂര്യഗ്രഹണ സമയത്താണ് കൊറോണ കാണാവുന്നത്. നക്ഷത്രങ്ങളുടെ പുറം അന്തരീക്ഷത്തെയും കൊറോണയെന്നു പറയുന്നു.) താപനില ഏതാണ്ട് 5,550 ഡിഗ്രി സെൽഷ്യസ് ആണ്. ഏതാണ്ട് 6 ലക്ഷം മൈൽ വരെ കൊറോണ വ്യാപിച്ചുകിടക്കുന്നു. ഈ കൊറോണയിൽ സംഭവിക്കുന്ന വ്യതിയാനം നിമിത്തം സൂര്യനിൽ ശക്തമായ പൊട്ടിത്തെറികൾ ഉണ്ടാകുകയും തുടർന്ന് ശക്തമായ സൗരക്കാറ്റ് വീശുന്നു. അത് നമ്മുടെ ഭൗമാന്തരീക്ഷത്തിൽ ഉളവാക്കുന്ന പ്രത്യാഘാതം പ്രവചനാതീതം ആയിരിക്കും. എന്താണ് സൗരക്കാറ്റ്. സൂര്യന്റെ അന്തരീക്ഷത്തിൽ നിന്നുൽഭവിക്കുന്ന ഊർജ്ജത്തിന്റെ കണികകളുടെ പ്രവാഹമാണ് സൗരകാറ്റ്. ഈ പ്രവാഹത്തിൽ കൂടുതലായും ഇലക്ട്രോണുകളും പ്രോട്ടോണുകളുമായിരിക്കും, അവയുടെ ഊർജ്ജനില ഏകദേശം 1 KeV ഓ ആയിരിക്കും. ഇതിന് കാരണമായിരിക്കുന്നത് സൂര്യന്റെ കൊറോണയിലെ ഉയർന്ന താപനിലയായിരിക്കും ഇത്തരം ഊർജ്ജ കണങ്ങളെ സൂര്യന്റെ ആകർഷണവലയത്തിൽ നിന്നു രക്ഷപ്പെടാൻ സഹായിക്കുന്നത് എന്ന് അനുമാനിക്കപ്പെടുന്നതെങ്കിലും, ഇത്തരം കണങ്ങൾ എങ്ങനെയാണ് ഉയർന്ന തോതിലുള്ള ഗതികോർജ്ജം കൈവരിക്കുന്നത് എന്ന് ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ സൂര്യന്റെ അന്തരീക്ഷത്തിലേക്ക് തുടച്ചയായി വ്യാപിച്ച് ചാർജ്ജ് ചെയ്യപ്പെട്ട കണികകളുടെ അതിവേഗതയിലുള്ള ഉയർന്ന പ്രവാഹമായ സൗരക്കാറ്റ് സൃഷ്ടിക്കുന്നു, 100 ആസ്ട്രോണമിക്കൽ യൂണിറ്റ് ദൂരം വരെ ഇത്തരത്തിലുള്ള സൗരക്കാറ്റുകൾ എത്തിച്ചേരുന്നു. സൗരകാറ്റിനെതുടർന്ന് പല പ്രതിഭാസങ്ങളും ഭൂമിയിൽ അരങ്ങേറാറുണ്ട്. ഭൂമിയുടെ കാന്തികമണ്ഡലത്തിൽ ഉണ്ടാക്കുന്ന വ്യതിയാനങ്ങളെ തുടർന്ന് വൈദ്യുത വിതരണ സംവിധാനങ്ങൾ താറുമാറാകുക, ധ്രുവ പ്രദേശങ്ങളിൽ കാണപ്പെടുന്ന വർണ്ണരാശി എന്നിവ അവയിൽ ചിലതാണ്. ഇവയിൽ നിന്നുണ്ടാകുന്ന കാന്തിക പ്രവാഹം മൂലം ബഹിരാകാശത്തെ ഉപഗ്രഹങ്ങളെല്ലാം നാമാവശേഷമാകും. ഇത് ഭൂമിയെ ഒരു തീകുണ്ഡമാക്കി മാറ്റും. 1859-ൽ ഇത്തരത്തിൽ തീക്കാറ്റുണ്ടായിരുന്നു. മാനവ സംസ്കാരം ഇന്നുവരെ ഉണ്ടാക്കിയെടുത്തിട്ടുള്ള ശാസ്ത്ര സാങ്കേതികവിദ്യകളായ മൊബൈലും ടിവിയും നെറ്റും ജിപിഎസുമൊക്കെ ഒന്നൊന്നായി തകർന്നടിഞ്ഞ് രൗദ്ര ഭാവം പൂണ്ട പ്രകൃതിയോട് ആയുധങ്ങളൊന്നും ഇല്ലാതെ പോരിടേണ്ടിവരുന്ന നിസഹായനായ മനുഷ്യന്റെ ചിത്രം അപ്പോകാലിപ്റ്റിക് സിനിമകളിൽ നമ്മൾ കണ്ടിട്ടുണ്ട്. സൂര്യനിലെ തീക്കാറ്റ് കാരണം 1859-ൽ ഭൂമിയിൽ ഇത്തരമൊരു അവസ്ഥ സംജാതമായിരുന്നു. അന്ന് ടെലഗ്രാഫ് സംവിധാനം തകരാറിലാവുകയും പലയിടങ്ങളിലും വീടുകൾക്ക് തീപിടിക്കുകയും ചെയ്തു. 1859-ൽ ഉണ്ടായ അതേ തീവ്രതയിൽ തന്നെയാണ് ഇനിയും സൂര്യനിൽ തീക്കാറ്റ് വീശാൻ പോകുന്നത്.




കമ്പ്യൂട്ടറും

08

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 08

BELIEVERS JOURNAL

PUBLISHED ON 27/04/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

## ബ്രദർ സണ്ണി മുളമൂട്ടിൽ

### സ്റ്റേറ്റ് ട്രഷറാർ സ്ഥാനത്തേക്ക്



ഏപ്രിൽ 30 മുതൽ നടക്കുന്ന ഐപിസി കേരളാ സ്റ്റേറ്റ് ഇലക്ഷനിൽ ട്രഷറാർ സ്ഥാനത്തേക്ക് വീണ്ടും നിൽക്കുവാൻ ദൈവത്തിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.

കഴിഞ്ഞ മൂന്നുവർഷങ്ങൾ ഐപിസി യുടെ കേരളാസ്റ്റേറ്റ് ട്രഷറാറായി പ്രവർത്തിക്കുവാൻ എളിയവനായ എനിക്ക് ദൈവം അവസരം നൽകി.

കഴിഞ്ഞ ടേമിൽ ദൈവസഭ എന്നിൽ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ നീതിയോടും സത്യസന്ധതയോടും നിഷ്പക്ഷതയോടും നിർവഹിക്കുവാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്റെ എല്ലാ സ്വകാര്യ ആവശ്യങ്ങളും മാറ്റിവെച്ച്, ചുമതലകൾ ഒരു ശുശ്രൂഷയായി കണക്കിലെടുത്ത് ആഴ്ചയിൽ മിക്കവാറും അഞ്ചുദിവസവും സഭാ ആഫീസിൽ ചിലവിഴിച്ച് ദൈവദാസന്മാരോട് സഹകരിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു പ്രാവശ്യം കൂടെ എന്നെ ഈ സ്ഥാനത്തേക്ക് ദൈവം ചുമതല ഏൽപിക്കുന്ന പക്ഷം കഴിഞ്ഞ മൂന്നു വർഷങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ കാര്യക്ഷമതയോടും അർപ്പണബോധത്തോടെയും ദൈവസഭയുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി ഞാൻ പ്രവർത്തിക്കുമെന്ന് ഉറപ്പു തരുന്നു. ശുശ്രൂഷാ മണ്ഡലത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ദൈവദാസന്മാരുടെ ജീവിസന്ധാരണത്തിനുതകുന്ന നിലയിൽ പ്രവർത്തിക്കുവാൻ ഞാൻ പ്രതിജ്ഞാ ബന്ധനാണ്. എനിക്ക് ലഭിച്ച കഴിവുകളും അനുഭവ സമ്പത്തും സഭയുടെ പൊതുവായ നന്മക്കും ദൈവദാസന്മാരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഞാൻ സമർപ്പിക്കുന്നു. ഹെബ്രോൻപുരത്തിനു തൊട്ടടുത്ത് താമസിക്കുന്ന വ്യക്തി എന്ന നിലയിൽ ഏത് സമയത്തും എന്റെ സേവനം ദൈവദാസന്മാർക്കും ദൈവജനത്തിനും ലഭ്യമായിരിക്കും. ജീവിതത്തെയും പ്രമാണത്തെയും സൂക്ഷിക്കുവാൻ ഏറെ ശ്രദ്ധാലുവായ ഞാൻ ക്രിസ്തീയ മാന്യതയോടും ദൈവനാമത്തിന് കളങ്കം തട്ടാതെയും എന്നെ ഏൽപിക്കുന്ന ചുമതലകൾ ഏറ്റം വിശ്വസ്തയോട് നിർവഹിക്കുമെന്ന് ദൈവനാമത്തിൽ ഉറപ്പുതരുന്നു. ഓരോരുത്തരെയും നേരിൽകാണണമെന്ന് ആഗ്രഹമുണ്ട് എങ്കിലും സമയത്തിന്റെ അപര്യാപ്തത മൂലം അതിന് കഴിയാത്തതിൽ ഖേദിക്കുന്നു.

ട്രഷറാർ സ്ഥാനത്തേക്ക് ഒരു പ്രാവശ്യം കൂടെ എന്നെ പിന്തുണക്കുകയും എനിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യണമെന്ന് ദൈവനാമത്തിൽ ഏറ്റം വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

**ഫോൺ: 0469/2668750, 9447028750, sunnymulamoottil@yahoo.com**

## പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി

### സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക്



രണ്ടു ടേമിൽ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച് അനുഭവസമ്പത്തുള്ള പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തേക്ക് നിൽക്കുന്നു. നാല് പതിറ്റാണ്ടിലധികം ഐ.പി.സി.യിൽ ശുശ്രൂഷകനും കാൽ നൂറ്റാണ്ടിലധികം നേതൃനിരയിൽ പ്രവർത്തിച്ചു വരുന്ന ദൈവദാസൻ ഭരണരംഗത്ത് ശ്രദ്ധേയനാണ്. 1975-76 വർഷങ്ങളിൽ വടവാതൂർ ശാലേം ബൈബിൾ കോളേജിൽ ദൈവവചനം പഠിച്ചു. 1976 ൽ മലപ്പുറം പട്ടണത്തിലേക്ക് ഒരു മിഷനറിയായി പാസ്റ്റർ പി.എം. ഫിലിപ്പ് പ്രാർത്ഥിച്ചയച്ചു. 1996 വരെ 20 വർഷം മലബാറിൽ സഭാശുശ്രൂഷയും സുവിശേഷ പ്രവർത്തനങ്ങളും നടത്തി. മലപ്പുറം ടൗൺ, എടപ്പാൾ എന്നീ സഭകൾ സ്ഥാപിച്ചു.

1996 ൽ മേലുകാവ് സെന്റർ ശുശ്രൂഷകനായി. 2009 ൽ പുന്നവേലി സെന്ററിന്റെ പാസ്റ്ററായി നിയമിച്ചു. 1991 മുതൽ തുടർമാനം 25 വർഷങ്ങൾ സ്റ്റേറ്റ് കൗൺസിൽ അംഗമായി സേവനമനുഷ്ഠിക്കുന്നു. ഐ.പി.സി. മലബാർ മിഷന്റെ പ്രവർത്തനങ്ങളിൽ ആറു വർഷം ബ്രദർ വി.എം. മാത്യുസാറിനോടൊപ്പം നേതൃത്വം നൽകി. സ്റ്റേറ്റ് കൗൺസിൽ ഓഫീസിനും പി.ജി. കോഴ്സിനും കെട്ടിടം പണിയുന്നതിന് നേതൃത്വം നൽകി. ഓഫീസ് കമ്പ്യൂട്ടർവൽക്കരണം നടത്തുകയും ഒട്ടനവധി നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. രണ്ടു ടേം ഇവാഞ്ചലിസം ബോർഡ് വൈസ് ചെയർമാൻ, സീയോൻ കാഹളം ചീഫ് എഡിറ്റർ, ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ മിഷൻ ബോർഡ് ചെയർമാനായി പ്രവർത്തിക്കുന്നു.

ഈ തെരഞ്ഞെടുപ്പിൽ സെക്രട്ടറി സ്ഥാനത്തേക്ക് ജയിച്ചാൽ ദൈവം തന്ന കഴിവുകൾ ഉപയോഗിച്ച് സഭയുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കും. ഓഫീസ് നവീകരിക്കും, ആവശ്യത്തിന് ജോലിക്കാരെ നിയമിക്കും. സ്വദേശത്തും വിദേശത്തും നിന്നും സഭക്ക് ആവശ്യമുള്ള ധനസമാഹരണം നടത്തും. ശുശ്രൂഷകന്മാരുടെ ക്ഷേമത്തിനുള്ള പദ്ധതി നടപ്പിലാക്കും, സാമൂഹ്യ സേവന പ്രവർത്തനത്തിന് പ്രാധാന്യത നൽകും, ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റം കരുതലോടെയും കുറ്റമറ്റതും ആക്കും, വചനപ്രകാരം ഉള്ള ഉപദേശസത്യങ്ങൾക്കുവേണ്ടി നിലനിൽക്കും.

ഭാര്യ അന്നമ്മ ജോർജ്ജ്, മക്കൾ പാസ്റ്റർ ജേക്കബ് ജോർജ്ജ് ബെൽഫാസ്റ്റ് യു.കെ, എലിസബത്ത് ജോർജ്ജ് ബാംഗ്ലൂർ, ബെഞ്ചമിൻ ജോർജ്ജ് കുവൈറ്റ് മൂന്നു പേരും വിവാഹിതർ, 5 കൊച്ചുമക്കളും ഉണ്ട്. **ഫോൺ: 9447293731**

### ഐ.പി.സി.സ്റ്റേറ്റ്, ജനറൽ കൗൺസിലിലേക്ക് പാസ്റ്റർ ജോർജ് ദാനിയേൽ

## അത്ഭുതങ്ങളുടെ ദൈവം എന്റെ ജീവിതത്തിൽ

ഐ.പി.സി.സ്റ്റേറ്റ് കൗൺസിലിൽ മൂന്ന് ടേം അംഗമായി പ്രവർത്തിക്കുന്ന പാസ്റ്റർ ജോർജ് ദാനിയേൽ മികച്ച കൗൺസിൽ അംഗവും അനുഗ്രഹീത സഭാ ശുശ്രൂഷകനുമാണ്. സുവിശേഷീകരണ പ്രവർത്തനങ്ങളിൽ ഒരു സഭാ ശുശ്രൂഷകൻ എന്നതിനപ്പുറം ശക്തമായ പ്രവർത്തനങ്ങൾ സ്വന്തനിലയിൽ ഏറ്റെടുത്ത് നടത്തുന്നതിലും ഇദ്ദേഹം ശ്രദ്ധാലുവാണ്. കേരളത്തിലെ പ്രധാന പാതയോരങ്ങളിൽ വേദവചനവും രക്ഷയുടെ സന്ദേശവും ഉൾക്കൊള്ളുന്ന കൂറ്റൻ സൈൻബോർഡുകൾ സ്ഥാപിക്കുന്നതാണ് പാസ്റ്റർ ജോർജ് ദാനിയേലിന്റെ വ്യത്യസ്തമായ സുവിശേഷീകരണ രീതി.

മൂന്നരപതിറ്റാണ്ടുകാലത്തെ സഭാ ശുശ്രൂഷാ അനുഭവങ്ങളിലൂടെ ദൈവം അത്ഭുതങ്ങൾ കൊണ്ട് തന്റെ ജീവിതത്തെയും ശുശ്രൂഷയേയും മുന്നോട്ട് നയിച്ചതായി അദ്ദേഹം വ്യക്തമാക്കുന്നു.

**എവിടെയാണ് താങ്കൾ ആദ്യം സുവിശേഷവേല ആരംഭിക്കുന്നത്?**

കുമ്പനാട് ബൈബിൾ കോളജിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്ത് എന്റെ സ്വദേശമായ പുത്തൂരിൽ ഒരു പുതിയ പ്രവർത്തനമാരംഭിച്ചു. യാക്കോബായ-ഹൈന്ദവ വിശ്വാസികൾ മാത്രമുള്ള ആ ദേശത്ത് ഇന്ന് ഐ.പി.സി.ക്ക് ശക്തമായ സഭയുണ്ട്. അത് ആരംഭിക്കുവാൻ ദൈവം എനിക്ക് കൃപ നൽകി.

അവിടം മുതൽ ശുശ്രൂഷയിൽ ദൈവം അത്ഭുതങ്ങൾ എനിക്ക് വേണ്ടി ചെയ്തു കൊണ്ടിരുന്നു. അവിടെ വിശ്വാസത്താൽ ഒരു കൺവൻഷൻ ക്രമീകരിച്ചു. സ്തോത്രകാഴ്ചയോ പിരിവോ ഒന്നുമില്ല. എങ്ങനെ കാര്യങ്ങൾ നടക്കുമെന്ന് അറിയില്ല. ഒരു വിശ്വാസി പോലും സഹായിക്കാനില്ല. മാർത്തോമ്മ സഭാംഗമായ ഡോ.കോശി ഓർത്തഡോക്സ് സഭാംഗവും, കശുവണ്ടി ഫാക്ടറി ഉടമകളായ പാപ്പച്ചൻ മുതലാളി സഹോദരൻ ബേബി മുതലാളി എന്നിവർ പ്രത്യേക നിയോഗത്താൽ കൺവൻഷന്റെ സകല ചിലവുകളും വഹിച്ചു. അങ്ങനെ ദൈവം അത്ഭുതങ്ങൾ ആരംഭിച്ചു.

ആ യോഗങ്ങളിൽ ഒരു പ്രസംഗകൻ പാസ്റ്റർ സി.ഐ.ചെറിയാനായിരുന്നു. രാത്രി പ്രസംഗിച്ചു. പിറ്റേന്ന് പുലർച്ചെ അദ്ദേഹത്തെ യാത്രയാക്കണം. വണ്ടിക്കൂലി കൊടുക്കുവാൻ പോലും കയ്യിൽ പണമില്ല. രാത്രി മുഴുവൻ ഈ ചിന്ത എന്നെ ഭാരപ്പെടുത്തി. പുലർച്ചെ അഞ്ചുമണിക്ക് ആരോ കതകിൽ മുട്ടി. തുറന്നു നോക്കുമ്പോൾ യാക്കോബായക്കാരനായ ബേബി മുതലാളിയാണ്. നേരത്തെ കൺവൻഷൻ ചിലവിലേക്ക് പണം നൽകിയ അദ്ദേഹം ഒരു കവർ എന്നെ ഏൽപ്പിച്ചിട്ട് പറഞ്ഞു "ഇന്നലെ രാത്രി എനിക്ക് ഉറക്കം വന്നില്ല. ഈ തുക ഇവിടെ തരുവാൻ ദൈവം എന്നോട് പറഞ്ഞു." ആ കവർ അതുപോലെ പാസ്റ്റർ സി.ഐ.ചെറിയാന് കൊടുത്തുവിട്ടു.



പെരുമ്പെട്ടിയിൽ ശുശ്രൂഷിക്കവേ വ്യത്യസ്തമായ ഒരനുഭവം ഉണ്ടായി. സഭ മൂന്നുദിന കൺവൻഷൻ തീരുമാനിച്ചു. ഞാൻ തന്നെയാണ് പ്രസംഗകൻ. 3 ദിവസവും ശക്തമായ ശുശ്രൂഷ നടന്നു. ധാരാളം ആളുകൾ വചനം കേൾക്കുവാൻ വന്നു. പിരിവോ സ്തോത്രകാഴ്ചയോ ഇല്ലാതെ തന്നെ കാര്യങ്ങൾ നടന്നു. വലിയൊരു തുക മിച്ചവും വന്നു. സഭാ കമ്മറ്റി കൂടി ബാക്കി വന്നതുക പ്രസംഗകനായ എനിക്ക് നൽകാൻ തീരുമാനിച്ചു. സുവിശേഷം അറിയിക്കുന്നതിനായി കിട്ടിയ പണത്തിന്റെ മിച്ചമല്ലേ. അത് സുവിശേഷ പ്രചരണത്തിനായി തന്നെ ഉപയോഗിക്കുവാൻ ഞാൻ സഭയോട് പറഞ്ഞു. അങ്ങനെ ഞങ്ങൾ ഒരു ടെമ്പോ ട്രാവലറും, എബി പെരുമ്പെട്ടിയുടെ ജീപ്പും എടുത്ത് പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സഭയായി യാത്ര ചെയ്ത് ഒട്ടനവധി സ്ഥലങ്ങളിൽ പരസ്യയോഗം നടത്തി.

എന്നെ സംബന്ധിച്ചിടത്തോളം എന്തു ലഭിക്കുമെന്നതല്ല, കർത്താവിന് വേണ്ടി എന്ത് ചെയ്യാനാവും എന്നതായിരുന്നു എക്കാലത്തെയും പ്രഥമ ലക്ഷ്യം.

**സഭാ ശുശ്രൂഷയിൽ വേറെയും ഹൃദയ സ്പർശിയായ അനുഭവങ്ങളുണ്ടാകുമല്ലോ?**

ശുശ്രൂഷയിൽ ദൈവം വ്യത്യസ്ത അനുഭവങ്ങളിലൂടെ നടത്തിയിട്ടുണ്ട്. പ്രസ്തുത സന്ദർഭങ്ങളിൽ അനുഭവങ്ങളിൽ നിന്നും എഴുതിയ മൂന്നു ലേഖനങ്ങളുണ്ട്. **ഒന്ന്** അധികം മുറിവേൽക്കേണ്ടി വരുന്നത് അധികം എണ്ണ അഥവാ അഭിഷേകം പകരപ്പെടുവാൻ വേണ്ടിയാണ്. **രണ്ടാമത്തെ ലേഖനം** ദൈവത്തെ കാത്തിരിപ്പാൻ കൃപ ലഭിച്ചവർ കാത്തിരിക്കട്ടെ അവരെ വെറുതെ ദ്രോഹിപ്പാൻ കഴിവ് ലഭിച്ചവർ അത് ചെയ്യട്ടെ! **മൂന്നാമത്തെ ലേഖനം** ദൈവസന്നിധിയിൽ കരയുവാൻ കൃപ ലഭിച്ചവർ അത് ചെയ്യട്ടെ. അവരെ കരയിക്കുവാൻ കൃപ ലഭിച്ചവർ അത് ചെയ്യട്ടെ!

ആത്മാക്കളെ നേടുന്നതിന് ഭയമില്ലാതെ പ്രവർത്തിക്കുക എന്നതാണ് എന്റെ രീതി. കിടങ്ങന്നൂർ സഭയിൽ സഭാ ചാർജ്ജെടുത്ത ദിവസം ഒരു സംഭവമുണ്ടായി. സഭയിലെ പ്രമുഖരായ കുരങ്ങാട്ട് ബേബിച്ചായനും സി.എസ്.വർഗീസും ഫെയ്ത് ഹോമിൽ വന്നു. ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കെ ഒരു ഫോൺ കോൾ. ഇടയാറന്മുള മാർത്തോമ്മ പള്ളിയിലെ വികാരിയാണ്.

**"ഐ.പി.സി. സഭയിൽ പുതുതായി വന്ന പാസ്റ്ററാണോ?"**

"അതേ"

"ഞങ്ങളുടെ ഇടവകയിലെ ഡേവിഡിന്റെ വീട്ടിൽ പോകരുത്. ഇപ്പോൾ ശാന്തമായി പറയുന്ന എന്റെ സ്വരം മാറും അവിടെ പോയെന്നറിഞ്ഞാൽ". ഭീഷണിയുടെ സ്വരത്തി

08

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.